Ci
XIV
130

N12<526908642 021 LS
ubTÜBINGEN

C. WEISS Buchbinder.

The Malayalam Almanac 1867

മലയാള പഞ്ചാംഗം

൲൪൰൨

CALENDAR FOR 1867

1867	Sun.	Mon.	Tues.	Wed.	Th.	Fri.	Sat.	1867	Sun.	Mon.	Tues.	Wed.	Th.	Fri.	Sat.
JAN.	..	..	1	2	3	4	5	JULY	..	1	2	3	4	5	6
	6	7	8	9	10	11	12		7	8	9	10	11	12	13
	13	14	15	16	17	18	19		14	15	16	17	18	19	20
	20	21	22	23	24	25	26		21	22	23	24	25	26	27
	27	28	29	30	31	..	..		28	29	30	31	..	..	..
FEB.	..	..	..	..	..	1	2	AUG.	..	..	..	..	1	2	3
	3	4	5	6	7	8	9		4	5	6	7	8	9	10
	10	11	12	13	14	15	16		11	12	13	14	15	16	17
	17	18	19	20	21	22	23		18	19	20	21	22	23	24
	24	25	26	27	28	..	..		25	26	27	28	29	30	31
MARCH	..	..	..	..	..	1	2	SEPT.	..	..	..	..	..	..	..
	3	4	5	6	7	8	9		1	2	3	4	5	6	7
	10	11	12	13	14	15	16		8	9	10	11	12	13	14
	17	18	19	20	21	22	23		15	16	17	18	19	20	21
	24	25	26	27	28	29	30		22	23	24	25	26	27	28
	31	..	..	..	..	..	..		29	30	..	..	..	..	..
APRIL	..	1	2	3	4	5	6	OCT.	..	..	1	2	3	4	5
	7	8	9	10	11	12	13		6	7	8	9	10	11	12
	14	15	16	17	18	19	20		13	14	15	16	17	18	19
	21	22	23	24	25	26	27		20	21	22	23	24	25	26
	28	29	30	..	..	..	..		27	28	29	30	31	..	..
MAY	..	..	..	1	2	3	4	NOV.	..	..	..	..	..	1	2
	5	6	7	8	9	10	11		3	4	5	6	7	8	9
	12	13	14	15	16	17	18		10	11	12	13	14	15	16
	19	20	21	22	23	24	25		17	18	19	20	21	22	23
	26	27	28	29	30	31	..		24	25	26	27	28	29	30
JUNE	..	..	..	..	..	..	1	DEC.	..	..	..	..	..	..	..
	2	3	4	5	6	7	8		1	2	3	4	5	6	7
	9	10	11	12	13	14	15		8	9	10	11	12	13	14
	16	17	18	19	20	21	22		15	16	17	18	19	20	21
	23	24	25	26	27	28	29		22	23	24	25	26	27	28
	30	..	..	..	..	..	..		29	30	31	..	..	..	..

MANGALORE:
PUBLISHED BY PFLEIDERER & RIEHM.

വില ൪ അണ. Price 4 Annas.

The

Malayalam Almanac

1867

മലയാള പഞ്ചാംഗം

൧൮൬൭

ശാലിവാഹനശകം	൧൭൮൮	,,	൧൭൮൯.
വിക്രമാദിത്യശകം	൧൯൨൩	,,	൧൯൨൪.
കൊല്ലവൎഷം	൧൦൪൨	,,	൧൦൪൩.
മുഹമ്മദീയ വൎഷം	൧൨൮൩	,,	൧൨൮൪.
ഫസലി വൎഷം	൧൨൭൬	,,	൧൨൭൭.
യഹൂദ വൎഷം	൫൬൨൭	,,	൫൬൨൮.

MANGALORE:

PRINTED BY PLEBST & STOLZ, BASEL MISSION PRESS.

ഒരു കീൎത്തനം.

ദൈവ കൃത്തിന്റെ രീതി.

കൎത്താവെനീഞങ്ങൾക്കുള്ളൊരാശ്രയമാകുന്നു |
ഭൎത്താവായുലമുറകൾക്കഭയംനീയെ ||
ഭൂചക്രപൎവ്വതാദികളുത്ഭവിക്കുമ്മുമ്പെ |
ഭൂതനാംനീനിത്യയുഗങ്ങളിൽകൂടി ||
മൎത്ത്യരെപൊടിക്കുന്നുനീമാനവരെപാൎത്തു |
ഓൎത്തുതിരിഞ്ഞീടനെന്നുംചൊല്ലുന്നല്ലൊ ||
ആയിരമാണ്ടുകൾനിന്റെമുമ്പിലൊൎത്തീടുകിൽ |
ആലസ്യമെന്നിയെയൊരുയാമതുല്യം ||
നീരൊഴുക്കംപൊലവരെയൊടിക്കുന്നല്ലൊനീ |
നിദ്രയത്രെയവർപുല്ലുപൊലെതെന്നും ||
കാലമെതളിൎത്തുപൂത്തുസന്ധ്യയാകുന്നെരം |
ഖണ്ഡിച്ചിട്ടുണങ്ങുന്നവർപുല്ലുപൊലെ ||
ഉഗ്രമാംനിൻകൊപമൂലംനിഗ്രഹിതരായാർ |
ഊഷ്മാവെററുമരണ്ടിതാഞങ്ങൾനാഥാ ||
ഞങ്ങടെഅകൃത്യമാകെനിന്മുമ്പാകെനിൎത്തി |
ആന്തരത്തെനിന്മുഖത്തിന്മുമ്പിലാക്കി ||
നിഞ്ചീററത്താൽഞങ്ങൾക്കുള്ളനാളുകളൊക്കയും |
നീങ്ങിസംവത്സരമാകെചൊൽപൊലായി ||
ആയുഷ്കാലമെഴപതുവീൎയ്യത്താലായതു |
എണ്പതായ്യായാകഷ്ടത്താലാട്ടീയൊട്ടീ ||
ആരറിവുതിരുകൊപശക്തിചീററാദികൾ |
ആൎക്കുനിൻപെടിക്കായുതകീടുന്നു ||
ബൊധഹൃദയത്തെകൊണ്ടുവന്നീടാനായിട്ടു |
ബൊധിപ്പിക്കെണ്ണുവനെങ്ങൾനാൾകളാകെ ||
വന്നാലുന്തിരിച്ചെഹൊവെഎത്രത്തൊളംവയം |
നിൻദാസരിലനുതപിച്ചീടെണമെ ||
കാലമെനിൻദയയാലെതൃപ്തിയാക്കഞങ്ങൾ |
വാഴന്നാളൊക്കയുമാൎത്തുസന്തൊഷിപ്പാൻ ||
നാഥനല്ലമൊദമിങ്ങുപീഡാകാലങ്ങൾക്കും |
ബാധയാപ്ലലഞ്ഞനാൾക്കുന്തക്കവണ്ണം ||
നിൻകൃതിയടിയങ്ങൾക്കുകാണാറാക്കെണമെ |
നിൻപ്രഭുത്വംമക്കൾകണ്ടുമൊദിക്കാകെ ||
ദണ്ഡനംനീസ്ഥിരമാക്കവെണ്ണുന്നമാമ്മാറു |
നിണ്ണയമെഹൊവപ്രീതിയാകയിങ്ങു ||

ചുരുക്കത്തിന്നായി ഇട്ട അടയാളങ്ങളുടെ വിവരം.

ആഴ്ചകൾ.					നക്ഷത്രങ്ങൾ.			
Sun.	„	Sunday.	അ.	„	അശ്വതി.	ചി.	„	ചിത്ര.
M.	„	Monday.	ഭ.	„	ഭരണി.	ചൊ.	„	ചൊതി.
Tu.	„	Tuesday.	കാ.	„	കാൎത്തിക.	വി.	„	വിശാഖം
W.	„	Wednesday.	രൊ.	„	രൊഹണി.	അ.	„	അനിഴം.
Th.	„	Thursday.	മ.	„	മകയിൎയം.	തൃ.	„	തൃക്കെട്ടക.
F.	„	Friday.	തി.	„	തിരുവാതിര.	മൂ.	„	മൂലം.
S.	„	Saturday.	പു.	„	പുണർതം.	പൂ.	„	പൂരാടം.
ഞാ.	„	ഞായറ.	പൂ.	„	പൂയം.	ഉ.	„	ഉത്തിരാടം.
തി.	„	തിങ്കൾ.	ആ.	„	ആയില്യം.	തി.	„	തിരുവൊണം.
ചൊ.	„	ചൊവ്വ.	മ.	„	മകം.	അ.	„	അവിട്ടം.
ബു.	„	ബുധൻ.	പൂ.	„	പൂരം.	ച.	„	ചതയം.
വ്യാ.	„	വ്യാഴം.	ഉ.	„	ഉത്രം.	പൂ	„	പൂരുരുട്ടാതി.
വെ.	„	വെള്ളി.	അ.	„	അത്തം.	ഉ.	„	ഉത്രട്ടാതി.
ശ.	„	ശനി.	രെ.	„	രെവതി.			

തി ഥി ക ൾ.

പ്ര.	„	പ്രതിപദം.	ഷ.	„	ഷഷ്ഠി.	ഏ.	„	ഏകാദശി.
ദ്വി.	„	ദ്വിതീയ.	സ.	„	സപ്തമി.	ദ്വാ.	„	ദ്വാദശി.
തൃ.	„	തൃതീയ.	അ.	„	അഷ്ടമി.	ത്ര.	„	ത്രയൊദശി.
ച.	„	ചതുൎത്ഥി.	ന.	„	നവമി.	പ.	„	പതിനാങ്ക.
പ.	„	പഞ്ചമി.	ദ.	„	ദശമി.	വ	„	വാവു.

* ക ര ണ ങ്ങ ൾ.

പൂൎവ്വ പക്ഷം പ്രതി പദത്തിൽ പുഴ സിംഹം. ദ്വിതീയയിൽ പുലി പന്നി. തൃതീയയിൽ കഴുത ആന. ചതുൎത്ഥിയിൽ പശു വിഷ്ടി. പഞ്ചമിയിൽ സിംഹം പുലി. ഷഷ്ഠിയിൽ പന്നി കഴുത. സപ്തമിയിൽ ആന പശു. അഷ്ടമിയിൽ വിഷ്ടി സിംഹം. നവമിയിൽ പുലി പന്നി. ദശമിയിൽ കഴുത ആന. ഏകാദശിയിൽ പശു വിഷ്ടി. ദ്വാദശിയിൽ സിംഹം പുലി. ത്രയൊദശയിൽ പന്നി കഴുത. പതിനാങ്കിൽ ആന പശു. വാവിൽ വിഷ്ടി സിംഹം.

അപര പക്ഷം. പ്രതി പദത്തിൽ പുലി പന്നി. ദ്വിതീയയിൽ കഴുത ആന. തൃതീയയിൽ പശു വിഷ്ടി. ചതുൎത്ഥിയിൽ സിംഹം പുലി പഞ്ചമിയിൽ പന്നി കഴുത ഷഷ്ഠിയിൽ ആന പശു. സപ്തമിയിൽ വിഷ്ടി സിംഹം. അഷ്ടമിയിൽ പുലി പന്നി. നവമിയിൽ കഴുത ആന. ദശമിയിൽ പശു വിഷ്ടി. ഏകാദശിയിൽ സിംഹം പുലി. ദ്വാദശിയിൽ പന്നി കഴുത. ത്രയൊദശിയിൽ ആന പശു. പതിനാങ്കിൽ വിഷ്ടി പുള്ളു. വാവിൽ നാല്ക്കാലി പാമ്പു.

* സത്യത്തെ അറിയുന്നവൎക്കു കരണങ്ങൾ അപ്രമാണങ്ങളത്രെ എങ്കിലും അവ ഒരം നാട്ടുകാൎക്കു ആവശ്യമുള്ളതാക കൊണ്ടു ഇവിടെ ചെൎത്തിരിക്കുന്നു.

ചാഴിപറരുന്ന ദിവസങ്ങൾ.

൧൦൪൨ ധനുമാസം മുതൽ മിഥുനം ൭ാം തിയ്യതിവരെ ഉത്തരം നക്ഷത്രത്തിൽ രാഹുസ്ഥിതി. മിഥുനം ൭ാം തിയ്യതി മുതൽ ൧൦൪൩ ധനുവരെ പൂരത്തിൽ രാഹുസ്ഥിതി. ഇത കൊണ്ടു ചാഴി അറിയെണ്ടുന്നതു. ൧൦൪൨ ധനുമാസം മുതൽ മിഥുനം ൭ാം തിയ്യതി വരെ തിരുവൊണം നക്ഷത്രത്തിന്നും ഉത്രട്ടാതി നക്ഷത്രത്തിന്നും കാൎത്തിക നക്ഷത്രത്തിന്നും എട ചാഴി ആകുന്നു. പുണർതത്തിന്നു കൂട്ട ചാഴി തുടങ്ങുകയും തൃക്കെട്ടക്കു കൂട്ട ചാഴി കഴികയും ചെയ്യുന്നു. മിഥുനം ൭ാം തിയ്യതി മുതൽ ഉത്തിരാടത്തിന്നും പൂരുരുട്ടാതിക്കും ഭരണിക്കും എട ചാഴി ആകുന്നു. തിരുവാതിരക്കു കൂട്ടചാഴി തുടങ്ങും അനിഴത്തിന്നു കൂട്ട ചാഴി കഴിയും.

രാഹു നിൽക്കുന്ന നാൾതൊട്ടു ധാന്യശാപം പെടുന്ന നാൾ |
ഗുരുനാൾ തുടങ്ങി എണ്ണീട്ടു പന്തിരണ്ടും വിവൎജ്ജയെൽ ||
എന്നു ഈ നാട്ടുകാർ ചൊല്ലുന്നു

ഗ്രഹണങ്ങൾ.

ഈ ൧൮൬൭ാം വൎഷത്തിൽ മലയാളികൾക്കു കാണാകുന്ന ഗ്രഹണം ഇല്ല. മാൎച്ച മാസം ൨൦ാം തിയ്യതിയിലും സെപ്തംബർ ൧൪ാം തിയ്യതിയിലും ചന്ദ്ര ഗ്രഹണവും മാൎച്ച ൬ാം തിയ്യതിയിൽ സൂൎയ്യ ഗ്രഹണവും സംഭവിക്കും എങ്കിലും അവ മൂന്നും ഇവിടെ കാണായിവരിക ഇല്ല.

മുഹമ്മദീയരുടെ പഞ്ചാംഗം.

ആണ്ടു.	മാസം.	ദിവസം.	തിയ്യതി.	മാസം.	തിയ്യതി.	മാസം	തിയ്യതി.
൧൨൮൩.	റമുള്ളാൻ.	൩൦	൧	ജനുവരി.	൭	ധനു.	൨൪
”	ശബ്വാൽ.	൨൯	൧	ഫിബ്രുവരി	൬	മകരം.	൨൫
”	ദുൽഹദു.	൩൦	൧	മാൎച്ചി.	൭	കുംഭം.	൨൫
”	ദുൽഹജി.	൨൯	൧	എപ്രീൽ.	൬	മീനം.	൨൫
൧൨൮൪.	മുഹരം.	൩൦	൧	മെയി.	൫	മെടം.	൨൪
”	സാഫർ.	൨൯	൧	ജൂൻ.	൪	എടവം.	൨൩
”	റബെയെല്ലവ്വൽ	൩൦	൧	ജൂലായി.	൩	മിഥുനം.	൨൦
”	റബെയെൽആഹർ.	൨൯	൧	അഗുസ്തു.	൨	കൎക്കിടകം.	൧൯
”	ജമാദിൻ ആവ്വൽ.	൩൦	൧	അഗുസ്തു.	൩൧	ചിങ്ങം.	൧൬
”	ജമാദിൻ ആഹർ.	൨൯	൧	സെപ്തെംബർ.	൩൦	കന്നി.	൧൫
”	റജബു.	൩൦	൧	ഒക്തൊബർ.	൨൯	തുലാം.	൧൪
”	ശബാൻ.	൧൯	൧	നൊവംബർ.	൨൮	വൃശ്ചികം.	൧൪

ദ്രോഹം ക്ഷമിച്ചു പാപം മറെച്ചും കിട്ടിയവൻ ധന്യൻ. ദൈവം അകൃത്യം എണ്ണാതെ വിട്ടും ആത്മാവിൽ വ്യാപ്തി ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ധന്യൻ. സങ്കീ. ൩൨, ൧. ൨.

JANUARY.
31 DAYS
● അമാവാസി,
൫ാം തിയ്യതി.

മകരം.

ജനുവരി.
൩൧ ദിവസം.
○ പൌൎണ്ണമാസി,
൧൯ാം തിയ്യതി.

ഞാനൊ ഇതാ യുഗസമാപ്തിയൊളം എല്ലാ നാളും നിങ്ങളൊടു കൂട ഉണ്ടു. മത്ത. ൨൮, ൨൦.

ഇങ്ക്ലീഷ.				മലയാളം						
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി	നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
1	TU	൧	ചൊ		൧൮	വി	൪൭ III	ഏ	൩൮ I	ആണ്ടു പിറപ്പു. ഏകാദശി വ്രതം.
2	W	൨	ബു		൧൯	അ	൫൩	ദ്വാ	൪൨ III	൧൭൫൭ കാലികാത നഗരം പിടിച്ചതു.
3	TH	൩	വ്യാ		൨൦	തൃ	൫൮ III	ത്ര	൪൭ II	
4	F	൪	വെ		൨൧	തൃ	൪ II	പ	൫൨ I	പ്രദൊഷ വ്രതം.
5	S	൫	ശ	●	൨൨	മൂ	൧൦ I	വ	൫൭	അമാവാസി.
6	SUN	൬	ഞ		൨൩	പൂ	൧൫ II	വ	൧ I	പ്രകാശന ദിനം.
7	M	൭	തി		൨൪	ഉ	൨൦	പ്ര	൪ III	റമുള്ളാൻ മാസാരംഭം. നൊമ്പു.
8	TU	൮	ചൊ		൨൫	തി	൨൩ III	ദ്വി	൭ II	പ്രിയമുള്ളവരെ നാം അന്യൊന്യം സ്നെഹിക്ക. സ്നെഹം ദൈവത്തിൽ നിന്നാകുന്നു.
9	W	൯	ബു	൧൦൫൩ ധനു.	൨൬	അ	൨൬ II	തൃ	൮ III	
10	TH	൧൦	വ്യാ		൨൭	ച	൨൮	ച	൯	൧൬൪൨ ജ്യൊതിശ്ശാസ്ത്രിയായ ഗലിലെയൊ മരിച്ചു.
11	F	൧൧	വെ		൨൮	പൂ	൨൮ II	പ	൮	ഷഷ്ഠി വ്രതം.
12	S	൧൨	ശ		൨൯	ഉ	൨൭ III	ഷ	൫ II	ഉത്രട്ടാതിയിൽ ൨൩ നാഴിക. സംക്രമം.
13	SUN	൧൩	ഞ		൧	രെ	൨൫ III	സ	൨	പ്ര. ക. ൧ാം ഞ.
14	M	൧൪	തി		൨	അ	൨൩	ന	൫൭ I	
15	TU	൧൫	ചൊ		൩	ഭ	൧൯ II	ദ	൫൧ II	൧൮൫൩ മദ്രാശിയിൽ വിദ്യശാല തുടങ്ങിയതു.
16	W	൧൬	ബു		൪	കാ	൧൫ I	ഏ	൪൫ II	ഏകാദശി വ്രതം.
17	TH	൧൭	വ്യാ		൫	രൊ	൧൧	ദ്വാ	൩൯	പ്രദൊഷ വ്രതം.
18	F	൧൮	വെ		൬	മ	൬ II	ത്ര	൩൨ II	
19	S	൧൯	ശ	○	൭	തി	൧ II	പ	൨൬ II	പൌൎണ്ണമാസി.
20	SUN	൨൦	ഞ		൮	പൂ	൫൮ III	വ	൨൦ II	പ്ര. ക. ൨ാം ഞ.
21	M	൨൧	തി		൯	ആ	൫൫ III	പ്ര	൧൬	
22	TU	൨൨	ചൊ		൧൦	മ	൫൩ III	ദ്വി	൧൨	൧൮൪൯ മുൽത്താൻ നഗരം പിടിച്ചതു.
23	W	൨൩	ബു		൧൧	പൂ	൫൨ III	തൃ	൯ II	൧൭൧൨ പ്രുശ്യയിലെ മഹാ ഫ്രിദരിക്ക ജനിച്ചു.
24	TH	൨൪	വ്യാ		൧൨	ഉ	൫൨ III	ച	൮	
25	F	൨൫	വെ	൧൦൫൩ മകരം.	൧൩	അ	൫൪	പ	൭ III	ഷഷ്ഠി വ്രതം.
26	S	൨൬	ശ		൧൪	ചി	൫൬ II	ഷ	൯	
27	SUN	൨൭	ഞ		൧൫	ചൊ	൬൦	സ	൧൦ I	പ്ര. ക. ൩ാം ഞ. നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നതിനെ അവൻ തന്റെ ആത്മാവിൽ നിന്നു നമുക്കു തന്നതിനാൽ അറിയുന്നു.
28	M	൨൮	തി		൧൬	ചൊ	൪ II	അ	൧൪ II	
29	TU	൨൯	ചൊ		൧൭	വി	൯ II	ന	൧൮ III	
30	W	൩൦	ബു		൧൮	അ	൧൫	ദ	൨൩ I	൧൬൪൯ ഒന്നാം കരൽ കൊല്ലപ്പെട്ടു.
31	TH	൩൧	വ്യാ		൧൯	തൃ	൨൧	ഏ	൨൮	ഏകാദശി വ്രതം.

FEBRUARY.

28 DAYS

● അമാവാസി, ൪ാം തിയ്യതി.

കുംഭം.

ഫിബ്രുവരി.

൨൮ ദിവസം

○ പൌൎണ്ണമാസി, ൧൮ാം തിയ്യതി.

അവന്റെ മഹത്വത്തെ പുറജാതികളുടെ ഇടയിലും അവന്റെ അത്ഭുതങ്ങളെ സകല ജനങ്ങളുടെ ഇടയിലും പ്രസിദ്ധപ്പെടുത്തുവിൻ. സങ്കീ. ൯൬, ൩.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	F	൧	വെ		൨൦	മൂ	൨൬ III	ദ്വാ	൩൩	
2	S	൨	ശ		൨൧	പൂ	൩൨ I	ത്ര	൩൭ II	പ്രദൊഷ വ്രതം. മറിയയുടെ ശുദ്ധീകരണം.
3	SUN	൩	ഞ		൨൨	ഉ	൩൭ I	പ	൪൧ II	പ്ര. ക. ൪ാം ഞ.
4	M	൪	തി	●	൨൩	തി	൪൧ II	വ	൪൪ II	അമാവാസി.
5	Tu	൫	ചൊ	മകരം.	൨൪	അ	൪൪ III	പ്ര	൪൬ III	ചെറിയ പെരുനാൾ മുഹമ്മതക്കാൎക്കു.
6	W	൬	ബു		൨൫	ച	൪൭	ദ്വി	൪൭ II	ശബ്ബാൽ മാസാരംഭം.
7	Th	൭	വ്യാ		൨൬	പൂ	൪൮	തൃ	൪൭	
8	F	൮	വെ	൧൦൭൦	൨൭	ഉ	൪൭ III	ച	൪൫ I	൧൫൮൭ സ്കോത്ത രാജ്ഞിയായ മറിയ ശിരച്ഛേദം അനുഭവിച്ചതു.
9	S	൯	ശ		൨൮	രെ	൪൬ II	പ	൪൨ I	
10	SUN	൧൦	ഞ		൨൯	അ	൪൪ I	ഷ	൩൮	പ്ര. ക. ൫ാം ഞ. ഷഷ്ഠി വ്രതം. ഭരണിയിൽ ൫൦ാം നാഴിക സംക്രമം.
11	M	൧൧	തി		൧	ഭ	൪൧	സ	൩൩	
12	Tu	൧൨	ചൊ		൨	കാ	൩൭ II	അ	൨൭ II	ദൈവം തന്റെ ഏക ജാതനായ പുത്രനെ നാം അവനാൽ ജീവിക്കെണ്ടതിന്നു ലൊകത്തിൽ അയച്ചിരിക്ക കൊണ്ടു നമ്മിൽ ദൈവസ്നെഹം പ്രസിദ്ധമായി.
13	W	൧൩	ബു		൩	രൊ	൩൩	ന	൨൧	
14	Th	൧൪	വ്യാ		൪	മ	൨൮ II	ദ	൧൪ II	
15	F	൧൫	വെ	കുംഭം.	൫	തി	൨൪ I	ഏ	൮	ഏകാദശി വ്രതം.
16	S	൧൬	ശ		൬	പു	൨൦ I	ദ്വാ	൨	പ്രദൊഷ വ്രതം.
17	SUN	൧൭	ഞ		൭	പൂ	൧൭	പ	൫൬ III	സപ്തതി ദിനം.
18	M	൧൮	തി	○	൮	ആ	൧൪ II	വ	൫൨ I	പൌൎണ്ണമാസി.
19	Tu	൧൯	ചൊ		൯	മ	൧൨ III	പ്ര	൪൮ III	നാം ദൈവത്തെ സ്നെഹിച്ചു എന്നല്ല അവൻ നമ്മെ സ്നെഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാവാൻ അയച്ചു.
20	W	൨൦	ബു		൧൦	പൂ	൧൨ I	ദ്വി	൪൬ II	
21	Th	൨൧	വ്യാ	൧൦൭൦	൧൧	ഉ	൧൨ III	തൃ	൪൫ II	
22	F	൨൨	വെ		൧൨	അ	൧൪ III	ച	൧൨ I	൧൭൩൨ അമെരിക്കകാരനായ വശിംക്തൻ പടനായകൻ ജനിച്ചതു.
23	S	൨൩	ശ		൧൩	ചി	൧൭ II	പ	൪൭ III	
24	SUN	൨൪	ഞ		൧൪	ചൊ	൨൧ II	ഷ	൫ II	ഷഷ്ഠി ദിനം. ഷഷ്ഠി വ്രതം.
25	M	൨൫	തി		൧൫	വി	൨൬ I	സ	൫൪	മത്തായി അപ്പൊസ്തലൻ.
26	Tu	൨൬	ചൊ		൧൬	അ	൩൧ III	അ	൫൮ II	പ്രിയമുള്ളവരെ! ദൈവം നമ്മെ ഇപ്രകാരം സ്നെഹിച്ചു എന്നാൽ നാമും അന്യൊന്യം സ്നെഹിക്കെണ്ടതു.
27	W	൨൭	ബു		൧൭	തൃ	൩൭ II	അ	൩ I	
28	Th	൨൮	വ്യാ		൧൮	മൂ	൪൩ I	ന	൮	

MARCH. 31 DAYS ● അമാവാസി, ൬ാം തിയ്യതി.	 മീനം.	മാൎച്ച. ൩൧ ദിവസം ☺ പൌൎണ്ണമാസി, ൧൯ാം തിയ്യതി.

ഞാൻ നിങ്ങളൊടു ഉരെച്ച മൊഴികൾ ആത്മാവാകുന്നു ജീവനമാകുന്നു. യൊഹന്നാ, ൬, ൬൩.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	F	൧	വെ	കുംഭം. ൧൦൪൭	൧൯	പൂ	൪൮ III	ദ	൧൨ II	
2	S	൨	ശ		൨൦	ഉ	൫൪ I	ഏ	൧൬ III	ഏകാദശി വ്രതം.
3	SUN	൩	ഞ		൨൧	തി	൫൮ III	ദ്വാ	൨൦ II	പഞ്ചദശദിനം; പ്രദൊഷവ്രതം.
4	M	൪	തി		൨൨	തി	൨ III	ത്ര	൨൩	ശിവരാത്രി വ്രതം.
5	TU	൫	ചൊ		൨൩	അ	൫ II	പ	൨൫ II	
6	W	൬	ബു	●	൨൪	ച	൭ I	വ	൨൪ III	അമാവാസി. നൊമ്പിന്റെ ആരംഭം.
7	TH	൭	വ്യ		൨൫	പൂ	൭ II	പ്ര	൨൩ II	ദുൽഹാദ്ദ മാസാരംഭം.
8	F	൮	വെ		൨൬	ഉ	൭	ദ്വി	൨൧ I	എന്റെ പൈതങ്ങളെ നാം വാക്കിനാലും നാവിനാലും അല്ല ക്രിയയാലും സത്യത്താലും സ്നെഹിക്കാക.
9	S	൯	ശ		൨൭	രെ	൫ I	തൃ	൧൭ III	
10	SUN	൧൦	ഞ		൨൮	അ	൨ II	ച	൧൩	നൊമ്പിൽ ൧ാം ഞ.
11	M	൧൧	തി		൨൯	കാ	൫൯	പ	൭ II	ഷഷ്ഠി വ്രതം.
12	TU	൧൨	ചൊ		൩൦	രൊ	൫൫ I	ഷ	൧ II	രൊഹണിയിൽ ൩൮ാം നാഴിക സംക്രമം.
13	W	൧൩	ബു	മീനം. ൧൦൪൭	൧	മ	൫൦ III	അ	൫൫	
14	TH	൧൪	വ്യ		൨	തി	൪൬ II	ന	൪൮ II	ആയവൻ നമുക്ക വെണ്ടി തന്റെ പ്രാണനെ വെച്ചു കളഞ്ഞതിനാൽ അത്രെ നാം സ്നെഹത്തെ അറിഞ്ഞിരിക്കുന്നു.
15	F	൧൫	വെ		൩	പു	൪൨ I	ദ	൪൨	
16	S	൧൬	ശ		൪	പൂ	൩൮ II	ഏ	൩൬ I	ഏകാദശി വ്രതം.
17	SUN	൧൭	ഞ		൫	ആ	൩൫ II	ദ്വാ	൩൧ I	നൊമ്പിൽ ൨ാം ഞ.
18	M	൧൮	തി		൬	മ	൩൩ I	ത്ര	൨൭	കുഞ്ഞങ്ങളെ ഒടുക്കത്തെ നാഴിക ആകുന്നു.
19	TU	൧൯	ചൊ	☺	൭	പൂ	൩൨	പ	൨൪	പൌൎണ്ണമാസി.
20	W	൨൦	ബു		൮	ഉ	൩൨	വ	൨൨ II	൧൭൯൧ ബങ്കളൂർ പിടിച്ചതു.
21	TH	൨൧	വ്യ		൯	അ	൩൩ I	പ്ര	൨൨	ലൊകവും അതിൻ മൊഹവും കഴിഞ്ഞു പൊകുന്നു ദൈവെഷ്ടത്തെ ചെയ്യുന്നവനൊ എന്നെക്കും വസിക്കുന്നു.
22	F	൨൨	വെ		൧൦	ചി	൩൫ II	ദ്വി	൨൨ III	
23	S	൨൩	ശ		൧൧	ചൊ	൩൯	തൃ	൨൪ III	ക്രന്മർ പിശൊപ്പു മരിച്ചത ൧൫൫൬.
24	SUN	൨൪	ഞ		൧൨	വി	൪൩ I	ച	൨൮	നൊമ്പിൽ ൩ാം ഞ.
25	M	൨൫	തി		൧൩	അ	൪൮ II	പ	൩൨	൧൬൦൩ രാജ്ഞിയായ എലിശബെത്ത മരിച്ചതു.
26	TU	൨൬	ചൊ		൧൪	തൃ	൫൪	ഷ	൩൬ II	ഷഷ്ഠി വ്രതം.
27	W	൨൭	ബു		൧൫	തൃ	൧	സ	൪൧ I	ലൊകത്തെയും ലൊകത്തിലുള്ളവറെറയും സ്നെഹിക്കൊല്ല.
28	TH	൨൮	വ്യ		൧൬	മൂ	൫ II	അ	൪൬	
29	F	൨൯	വെ		൧൭	പൂ	൧൧	ന	൫൦ I	ഒരുത്തൻ ലൊകത്തെ സ്നെഹിച്ചാൽ അവനിൽ പിതാവിൻ സ്നെഹമില്ല.
30	S	൩൦	ശ		൧൮	ഉ	൧൬ I	ദ	൫൪ I	
31	SUN	൩൧	ഞ		൧൯	തി	൨൦ II	ഏ	൫൭ II	നൊമ്പിൽ ൪ാം ഞ.

APRIL. 30 DAYS ● അമാവാസി, ൪ാം തിയ്യതി.	 മെടം	എപ്രീൽ. ൩൦ ദിവസം ☺ പൌൎണ്ണമാസി, ൧൮ാം തിയ്യതി.

നിങ്ങൾ പ്രാൎത്ഥിക്കുമ്പൊൾ ഏതെല്ലാം യാചിച്ചാലും ലഭിച്ചു എന്നത്രെ. വിശ്വസിപ്പിൻ എന്നാൽ നിങ്ങൾക്കു ഉണ്ടാകും. മാൎക്ക ൧൧, ൨൪.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	M	൧	തി	൧൦൫൩ മീനം.	൨൦	അ	൨൪	ദ്വാ	൫൯ II	ഏകാദശിവ്രതം.
2	Tu	൨	ചൊ		൨൧	ച	൨൬	ത്ര	൬൦	പ്രദൊഷവ്രതം..
3	W	൩	ബു		൨൨	പൂ	൨൭ II	പ	൫൯ III	
4	Th	൪	വ്യാ	●	൨൩	ഉ	൨൭ II	വ	൫൮ I	അമാവാസി.
5	F	൫	വെ		൨൪	രെ	൨൬ I	പ്ര	൫൫	൧൪൯൭ കനഡാ രാജ്യം കാണായ്വന്നതു.
6	S	൬	ശ		൨൫	അ	൨൪ I	ദി	൫൧	൧൮൩൪ കൊടക യുദ്ധം. ദുൽഹജി മാസാരംഭം.
7	SUN	൭	ഞ		൨൬	ഭ	൨൧ I	തൃ	൪൫ III	നൊമ്പിൽ ൫ാം ഞ.
8	M	൮	തി		൨൭	കാ	൧൭ II	ച	൪൦	൧൮൫൯ തന്തിയതൊപ്പിയെ തൂക്കി
9	Tu	൯	ചൊ		൨൮	രൊ	൧൩	പ	൩൩ II	കൊന്നതു.
10	W	൧൦	ബു		൨൯	മ	൮ III	ഷ	൨൬ III	ഷഷ്ഠിവ്രതം.
11	Th	൧൧	വ്യാ		൩൦	തി	൪ I	സ	൨൦	പുണർതത്തിൽ ൫൮ നാഴികക്കു സം
12	F	൧൨	വെ	൧൦൫൩ മെടം.	൧	പൂ	I	അ	൧൪	ക്രമം. വിഷു
13	S	൧൩	ശ		൨	ആ	൫൭	ന	൮ II	സ്നെഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു.
14	SUN	൧൪	ഞ		൩	മ	൫൪ II	ദ	൪	നഗര പ്രവെശന ദിനം.
15	M	൧൫	തി		൪	പൂ	൫൨ II	ഏ	I	ഏകാദശിവ്രതം. ഹജി പെരുനാൾ.
16	Tu	൧൬	ചൊ		൫	ഉ	൫൨	ത്ര	൫൭ II	പ്രദൊഷവ്രതം.
17	W	൧൭	ബു		൬	അ	൫൨ II	പ	൫൬ I	൧൮൫൩ ബൊമ്പായിൽ തീവണ്ടി ആ
18	Th	൧൮	വ്യാ	☺	൭	ചി	൫൪ I	വ	൫൬ I	രംഭിച്ചതു. പൌൎണ്ണമാസി. തിരുവ്യാഴാഴ്ച.
19	F	൧൯	വെ		൮	ചൊ	൫൭	പ്ര	൫൭ III	ക്രൂശാരൊഹണ ദിനം.
20	S	൨൦	ശ		൯	ചൊ	III	പ്ര	I	വലിയ ശബ്ബത്ത.
21	SUN	൨൧	ഞ		൧൦	വി	൫ II	ദി	൩ II	പുനരുത്ഥാന നാൾ.
22	M	൨൨	തി		൧൧	അ	൧൦ III	തൃ	൭ II	ഒരുത്തൻ ഞാൻ ദൈവത്തെ സ്നെഹി
23	Tu	൨൩	ചൊ		൧൨	തൃ	൧൬ II	ച	൧൨ I	ക്കുന്നു എന്നു ചൊല്ലി തന്റെ സഹൊദ
24	W	൨൪	ബു		൧൩	മൂ	൨൨ I	പ	൧൬ III	രനെ പകെച്ചാൽ അവൻ കള്ളനാകുന്നു.
25	Th	൨൫	വ്യാ		൧൪	പൂ	൨൮	ഷ	൨൦ III	ഷഷ്ഠിവ്രതം.
26	F	൨൬	വെ		൧൫	ഉ	൩൩ II	സ	൨൫ II	മാൎക്ക സുവിശെഷകൻ.
27	S	൨൭	ശ		൧൬	തി	൨൮ I	അ	൨൯	ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യാ.
28	SUN	൨൮	ഞ		൧൭	അ	൪൨	ന	൩൧ II	പെസഹയിൽ ൧ാം ഞ.
29	M	൨൯	തി		൧൮	ച	൪൫	ദ	൩൩	
30	Tu	൩൦	ചൊ		൧൯	പൂ	൪൬ III	ഏ	൩൩	ഏകാദശിവ്രതം.

MAY. 31 DAYS ● അമാവാസി, ൩ാം തിയ്യതി.	 എടവം.	മെയി. ൩൧ ദിവസം ○ പൌൎണ്ണമാസി, ൧൮ാം തിയ്യതി.

കൎത്താവിന്റെ രക്ഷെക്കായിട്ടു ശരണപ്പെട്ടു കാത്തിരിക്കുന്നതു തന്നെ നല്ലതാകുന്നു. വിലാ. ൩, ൨൬.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	W	൧	ബു		൨൦	ഉ	൪൭ II	ദ്വാ	൩൨	പ്രദൊഷ വ്രതം. ൧൭൬൯ പ്രഭുവായ വലിങ്കതൻ ജനിച്ചു.
2	TH	൨	വ്യാ		൨൧	രെ	൪൬ III	ത്ര	൨൯ II	
3	F	൩	വെ	●	൨൨	അ	൪൫ II	പ	൨൬	അമാവാസി. ൧൬൦൧ ഇങ്ക്ലിഷ്കാരുടെ പൊൎക്കപ്പൽ സംഘം ആദ്യം ഹിന്തു സമുദ്രത്തിൽ എത്തിയതു
4	S	൪	ശ		൨൩	ഭ	൪൨ III	വ	൨൧ I	
5	SUN	൫	ഞാ		൨൪	കാ	൩൯ II	പ്ര	൧൫ III	പെസഹയിൽ ൨ാം ഞ. മുഹരം മാസാരംഭം ൧൨൮൪.
6	M	൬	തി	മെടം. ൧൦൪൨	൨൫	രൊ	൩൫ II	ദ്വി	൯ II	
7	TU	൭	ചൊ		൨൬	മ	൩൧ I	തൃ	൨ III	൧൮൫൭ മദ്രാശിയിൽ തീവണ്ടി ആരംഭിച്ചു.
8	W	൮	ബു		൨൭	തി	൨൬ III	പ	൫൬	
9	TH	൯	വ്യാ		൨൮	പു	൨൨ II	ഷ	൪൯ II	ഷഷ്ഠി വ്രതം.
10	F	൧൦	വെ		൨൯	പൂ	൧൮ III	സ	൪൩ II	ദാഹിക്കുന്നവനു ഞാൻ ജീവ നീരുറവിൽ നിന്നു സൌജന്യമായി കൊടു
11	S	൧൧	ശ		൩൦	ആ	൧൫ II	അ	൩൮ I	൧൮൫൬ ഡില്ലിയിലെ ദ്രോഹം. [ക്കും.
12	SUN	൧൨	ഞാ		൩൧	മ	൧൩ I	ന	൩൩ III	പെസഹയിൽ ൩ാം ഞ. പൂരത്തിൽ ൫൫ നാഴികക്കു സംക്രമം.
13	M	൧൩	തി		൧	പൂ	൧൨	ദ	൩൦ II	
14	TU	൧൪	ചൊ		൨	ഉ	൧൨	ഏ	൨൮ II	ഏകാദശി വ്രതം.
15	W	൧൫	ബു		൩	അ	൧൩	ദ്വാ	൨൭ III	പ്രദൊഷ വ്രതം.
16	TH	൧൬	വ്യാ		൪	ചി	൧൫ I	ത്ര	൨൮ I	പിന്നെ സിംഹാസനസ്ഥനും പറ
17	F	൧൭	വെ		൫	ചൊ	൧൮ II	പ	൩൦ I	ഞ്ഞു: കണ്ടാലും ഞാൻ സകലവും പുതു
18	S	൧൮	ശ	○	൬	വി	൨൨ III	വ	൩൩	പൌൎണ്ണമാസി. [താക്കുന്നു.
19	SUN	൧൯	ഞാ		൭	അ	൨൭ II	പ്ര	൩൬ II	പെസഹയിൽ ൪ാം ഞ. ൧൫൦൬ ക്രിസ്റ്റൊഫ കൊലുമ്പൻ മരിച്ചു.
20	M	൨൦	തി		൮	തൃ	൩൩ I	ദ്വി	൪൧	
21	TU	൨൧	ചൊ		൯	മൂ	൩൯	തൃ	൪൫ II	ജയിക്കുന്നവൻ ഇവ എല്ലാം അവകാശമായി പ്രാപിക്കും; ഞാൻ അവനു
22	W	൨൨	ബു		൧൦	പൂ	൪൪ III	ച	൫൦	ദൈവവും അവൻ എനിക്കു പുത്രനുമാ
23	TH	൨൩	വ്യാ		൧൧	ഉ	൫൦ I	പ	൫൪ I	യിരിക്കും.
24	F	൨൪	വെ	എടവം. ൧൦൪൨	൧൨	തി	൫൫ II	ഷ	൫൮ I	ഷഷ്ഠി വ്രതം. ൧൮൧൯ ഇങ്ക്ലിഷ രാ
25	S	൨൫	ശ		൧൩	അ	൬൦	ഷ	൧ I	ജ്ഞി ജനിച്ചു.
26	SUN	൨൬	ഞാ		൧൪	അ	൩ II	സ	൩ I	പെസഹയിൽ ൫ാം ഞ.
27	M	൨൭	തി		൧൫	ച	൫ III	അ	൪	എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ,
28	TU	൨൮	ചൊ		൧൬	പൂ	൭ I	ന	൩ II	വെറുപ്പുള്ളവർ, കുലപാതകർ, പുലയാടികൾ, ഒടിക്കാർ ബിംബാരാധികൾ
29	W	൨൯	ബു		൧൭	ഉ	൭ I	ദ	൧ III	ഇവൎക്കു രണ്ടാം മരണത്തിലെ പങ്കുള്ളു.
30	TH	൩൦	വ്യാ		൧൮	രെ	൬ I	ദ്വാ	൫൮ III	ഏകാദശി വ്രതം. സ്വൎഗ്ഗാരൊഹണം.
31	F	൩൧	വെ		൧൯	അ	൪ I	ത്ര	൫൪ II	പ്രദൊഷ വ്രതം.

JUNE.
30 DAYS
● അമാവാസി,
൨ാം തിയ്യതി

മിഥുനം.

ജൂൻ.
൩൦ ദിവസം
☺ പൌൎണ്ണമാസി,
൧൬ാം തിയ്യതി.

ഞാൻ വെളിച്ചമായി ലോകത്തിൽ വന്നതു എങ്കൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കായ്വാൻ തന്നെ. യൊഹ. ൧൨, ൪൬.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	S	൧	ശ	ഏടവം ൧൦൪൭	൨൦	ഭ	൧ I	പ	൪൯ II	
2	SUN	൨	ഞ	●	൨൧	രൊ	൫൭ II	വ	൪൩ I	അമാവാസി. സ്വൎഗ്ഗാരൊഹണം ക.
3	M	൩	തി		൨൨	മ	൫൩ II	പ്ര	൩൭	ഞ.
4	Tu	൪	ചൊ		൨൩	തി	൪൯ I	ദ്വി	൩൦ I	സാഫർ മാസാരംഭം.
5	W	൫	ബു		൨൪	പു	൪൪ III	തൃ	൨൩ II	അവൻ അവരുടെ കണ്ണുകളിൽ നി
6	Th	൬	വ്യ		൨൫	പൂ	൩൯ II	ച	൧൭	ന്നു അശ്രുക്കളെല്ലാം തുടെച്ചുകളകയും.
7	F	൭	വെ		൨൬	ആ	൩൭	പ	൧൧ I	
8	S	൮	ശ		൨൭	മ	൩൪ II	ഷ	൬ I	ഷഷ്ഠി വ്രതം.
9	SUN	൯	ഞ		൨൮	പൂ	൩൨ II	സ	൨ I	പെന്തെകൊസ്തു നാൾ.
10	M	൧൦	തി		൨൯	ഉ	൩൧ III	ന	൫൯ II	ഇനി മരണമില്ല ഖെദവും മുറവിളി
11	Tu	൧൧	ചൊ		൩൦	അ	൩൨	ദ	൫൮	യും പ്രയാസവും ഇനി ഇല്ല ഒന്നാമ
12	W	൧൨	ബു		൩൧	ചി	൩൩ II	ഏ	൫൭ III	ത്തെവ കഴിഞ്ഞു പൊയല്ലൊ.
13	Th	൧൩	വ്യ		൩൨	ചൊ	൩൬ I	ദ്വാ	൫൮ III	ഏകാദശി വ്രതം. ചൊതിയിൽ ൧൯
14	F	൧൪	വെ	മിഥുനം ൧൦൪൭	൧	വി	൪൦	ദ്വാ	൧	നാഴികക്കു സംക്രമം.
15	S	൧൫	ശ		൨	അ	൪൪ II	ത്ര	൪ II	പ്രദൊഷ വ്രതം.
16	SUN	൧൬	ഞ	☺	൩	തൃ	൫൦	പ	൮ I	ത്രിത്വനാൾ. പൌൎണ്ണമാസി.
17	M	൧൭	തി		൪	മൂ	൫൫ II	വ	൧൨ III	ഇതാ മനുഷ്യരൊടു കൂടിയ ദൈവത്തി
18	Tu	൧൮	ചൊ		൫	മൂ	൧ I	പ്ര	൧൭ !	ന്റെ കൂടാരം ആയതു!
19	W	൧൯	ബു		൬	പൂ	൭	ദ്വി	൨൧ III	൧൮൩൭ രാജ്ഞിയായ വിക്ടൊരിയ
20	Th	൨൦	വ്യ		൭	ഉ	൧൧ II	തൃ	൨൮ I	വാണു തുടങ്ങി.
21	F	൨൧	വെ		൮	തി	൧൭ I	ച	൨൯ I	
22	S	൨൨	ശ		൯	അ	൨൧ I	പ	൩൧ III	
23	SUN	൨൩	ഞ		൧൦	ച	൨൪ I	ഷ	൩൩ I	ത്രി. ക. ൧ാം ഞ. ഷഷ്ഠിവ്രതം
24	M	൨൪	തി		൧൧	പൂ	൨൬ I	സ	൩൩ II	അവൻ അവരൊടു കൂടി പാൎക്കും; അ
25	Tu	൨൫	ചൊ		൧൨	ഉ	൨൭	അ	൩൧ I	വർ അവന്നു ജനമാകയും ദൈവം താ
26	W	൨൬	ബു		൧൩	രെ	൨൬ III	ന	൩൦	ൻ അവരുടെ ദൈവമായി അവരൊടു
27	Th	൨൭	വ്യ		൧൪	അ	൨൫ I	ദ	൨൬ II	കൂടി ഇരിക്കയും ചെയ്യും.
28	F	൨൮	വെ		൧൫	ഭ	൨൩ III	ഏ	൨൧ III	ഏകാദശി വ്രതം.
29	S	൨൯	ശ		൧൬	കാ	൧൯ I	ദ്വാ	൧൬ I	പ്രദൊഷ വ്രതം. ത്രി. ക. ൨ാം ഞ. ൧൮൫൩ ബൎമ്മ രാ
30	SUN	൩൦	ഞ		൧൭	രൊ	൧൫ II	ത്ര	൯ III	ജ്യവുമായി സന്ധിച്ചു.

JULY.

31 DAYS

● അമാവാസി,
൧ാം ൩൦ാം തിയ്യതി.

കൎക്കിടകം.

ജൂലായി.
൩൧ ദിവസം
○ പൌൎണ്ണമാസി,
൧൬ാം തിയ്യതി.

കൎത്താവു തനിക്കു ആശ്രയമായിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ വെള്ളങ്ങളുടെ അരികെ നടപ്പെട്ട വൃക്ഷം പൊലെ ആകും. യറ. ൧൭, ൭. ൮.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	M	൧	തി	●	൧൮	മ	൧൧	പ	൩	അമാവാസി.
2	TU	൨	ചൊ		൧൯	തി	൬ III	പ്ര	൫൬ II	
3	W	൩	ബു		൨൦	പു	൨ II	ദ്വി	൪൯ II	റബെയെല്ലവ്വൽ മാസാരംഭം.
4	TH	൪	വ്യ		൨൧	ആ	൫൮ II	തൃ	൪൩ II	൧൮൫൭ ഹന്റി ലൊരഞ്ച പടനായകൻ മരിച്ചു.
5	F	൫	വെ		൨൨	മ	൫൫ I	ച	൩൭ III	
6	S	൬	ശ		൨൩	പൂ	൫൩	പ	൩൩ I	
7	SUN	൭	ഞ	മിഥുനം. ൧൦൪൩	൨൪	ഉ	൫൧ II	ഷ	൩൯ III	ത്രീ. ക. ൩ാം ഞ. ഷഷ്ഠി വ്രതം.
8	M	൮	തി		൨൫	അ	൫൧ I	സ	൨൭ II	ആത്മാവിൽ ദരിദ്രരായവർ ധന്യർ, സ്വൎഗ്ഗ രാജ്യം അവരുടെ സത്യം. ഖെദിക്കുന്നവർ ധന്യർ, അവരല്ലൊ ആശ്വസിക്കപ്പെടും.
9	TU	൯	ചൊ		൨൬	ചി	൫൨ I	അ	൨൬ III	
10	W	൧൦	ബു		൨൭	ചൊ	൫൪ I	ന	൨൭	
11	TH	൧൧	വ്യ		൨൮	വി	൫൭ II	ദ	൨൮ III	
12	F	൧൨	വെ		൨൯	വി	൧ II	ഏ	൩൧ I	ഏകാദശി വ്രതം.
13	S	൧൩	ശ		൩൦	അ	൬ II	ദ്വാ	൩൪ III	
14	SUN	൧൪	ഞ		൩൧	തൃ	൧൧ III	ത്ര	൩൯	ത്രീ. ക. ൪ാം ഞ. പ്രദൊഷ വ്രതം.
15	M	൧൫	തി		൧	മൂ	൧൬ II	പ	൪൩ II	മൂലത്തിൽ ൫൫ നാഴികക്കു സംക്രമം.
16	TU	൧൬	ചൊ	○	൨	പൂ	൨൩ II	വ	൪൮	പൌൎണ്ണമാസി. ൧൭൮൯ ഫ്രാഞ്ചിയിലെ ഒന്നാം രാജദ്രോഹം.
17	W	൧൭	ബു		൩	ഉ	൨൯ I	പ്ര	൫൨ I	
18	TH	൧൮	വ്യ		൪	തി	൩൪ I	ദ്വി	൫൬	സൌമ്യതയുള്ളവർ ധന്യർ അവരല്ലൊ ഭൂമിയെ അടക്കും.
19	F	൧൯	വെ		൫	അ	൩൮ III	തൃ	൫൯	നീതിക്കായി വിശന്നു ദാഹിക്കുന്നവർ ധന്യർ, അവർ തൃപ്തർ ആകും.
20	S	൨൦	ശ		൬	ച	൪൨ I	തൃ	൧ I	
21	SUN	൨൧	ഞ	കൎക്കിടകം. ൧൦൪൩	൭	പൂ	൪൪ III	ച	൨	ത്രീ. ക. ൫ാം ഞ.
22	M	൨൨	തി		൮	ഉ	൪൬ I	പ	൧ III	ഷഷ്ഠി വ്രതം.
23	TU	൨൩	ചൊ		൯	രെ	൪൬ II	ഷ	I	ഹൃദയ ശുദ്ധിയുള്ളവർ ധന്യർ അവർ ദൈവത്തെ കാണും.
24	W	൨൪	ബു		൧൦	അ	൪൫ II	അ	൫൭ I	
25	TH	൨൫	വ്യ		൧൧	ഭ	൪൩ III	ന	൫൩ I	സമാധാനം ഉണ്ടാക്കുന്നവർ ധന്യർ അവർ ദൈവ പുത്രർ എന്നു വിളിക്കപ്പെടും.
26	F	൨൬	വെ		൧൨	കാ	൪൦ III	ദ	൪൨	
27	S	൨൭	ശ		൧൩	രൊ	൩൭ I	ഏ	൪൨	ഏകാദശി വ്രതം.
28	SUN	൨൮	ഞ		൧൪	മ	൩൩	ദ്വാ	൩൫ II	ത്രീ. ക. ൬ാം ഞ. പ്രദൊഷ വ്രതം.
29	M	൨൯	തി		൧൫	തി	൨൮ III	ത്ര	൨൮ III	
30	TU	൩൦	ചൊ	●	൧൬	പു	൨൪ I	പ	൨൨	അമാവാസി. പിതൃ കൎമ്മം.
31	W	൩൧	ബു		൧൭	പൂ	൨൦ I	വ	൧൫ II	

AUGUST.

31 DAYS

○ പൌൎണ്ണമാസി, ൧൫ാം തിയ്യതി.

ചിങ്ങം.

അഗുസ്തു.
൩൧ ദിവസം

● അമാവാസി, ൨൯ാം തിയ്യതി.

സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും കുമ്പിടുന്ന നാഴിക വരുന്നു. യൊഹ. ൪, ൩൪.

ഇംഗ്ലീഷ.				മലയാളം.		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	TH	൧	വ്യാ		൧൮	ആ	൧൬ II	പ്ര	൯ III	
2	F	൨	വെ		൧൯	മ	൧൩ III	ദ്വി	൪ II	റബെയെൽ ആഹർ മാസാരംഭം.
3	S	൩	ശ		൨൦	പൂ	൧൧ III	തൃ	II	
4	SUN	൪	ഞാ		൨൧	ഉ	൧൦ III	പ	൫൭ II	ത്രിക. ൭ാം ഞ.
5	M	൫	തി	കൎക്കിടകം.	൨൨	അ	൧൧	ഷ	൫൬	ഷഷ്ഠി വ്രതം.
6	TU	൬	ചൊ		൨൩	ചി	൧൨ II	സ	൫൫ II	എന്നൊട കൎത്താവെ കൎത്താവെ എന്ന
7	W	൭	ബു		൨൪	ചൊ	൧൫	അ	൫൬ II	പറയുന്നവൻ എല്ലാം സ്വൎഗ്ഗരാജ്യത്തി
8	TH	൮	വ്യാ	൧൦൨൫	൨൫	വി	൧൮ II	ന	൫൮ II	ൽ വരികയില്ല സ്വൎഗ്ഗസ്ഥനായ എന്റെ
9	F	൯	വെ		൨൬	അ	൨൩	ന	൧ III	പിതാവിന്റെ ഇഷ്ടത്തെ ചെയ്യുന്നവ
10	S	൧൦	ശ		൨൭	തൃ	൨൮ I	ദ	൫ II	നത്രെ.
11	SUN	൧൧	ഞാ		൨൮	മൂ	൩൩ III	ഏ	൯ III	ത്രി. ക. ൮ാം ഞ. ഏകാദശി വ്രതം.
12	M	൧൨	തി		൨൯	പൂ	൩൯ II	ദ്വാ	൧൪ II	പ്രദൊഷ വ്രതം.
13	TU	൧൩	ചൊ		൩൦	ഉ	൪൫ II	ത്ര	൧൯	മൂടി വെച്ചത ഒന്നും വെളിപ്പെടാതെ
14	W	൧൪	ബു		൩൧	തി	൫൦ III	പ	൨൩	യും ഗുഢമായത ഒന്നും അറിഞ്ഞു വരാ തെയും ഇരിക്കയില്ല.
15	TH	൧൫	വ്യാ	○	൩൨	അ	൫൫ III	വ	൨൬ III	പൌൎണ്ണമാസി. അവിട്ടത്തിൽ ൪
16	F	൧൬	വെ		൧	ച	൫൯ III	പ്ര	൨൯ I	നാഴികക്കു സംക്രമം.
17	S	൧൭	ശ		൨	ച	൩	ദ്വി	൩൧	നിങ്ങൾക്കു തലയിലെ രൊമങ്ങളും എ ല്ലാം എണ്ണപ്പെട്ടിരിക്കുന്നു.
18	SUN	൧൮	ഞാ		൩	പൂ	൫	തൃ	൩൧ II	ത്രി. ക. ൯ാം ഞ.
19	M	൧൯	തി		൪	ഉ	൫ III	ച	൩൦ II	ആർ എങ്കിലും മനുഷ്യരുടെ മുമ്പിൽ
20	TU	൨൦	ചൊ	ചിങ്ങം.	൫	രെ	൫ III	പ	൨൮ II	എന്നെ സ്വീകരിച്ചാൽ അവനെ ഞാ നും സ്വൎഗ്ഗസ്ഥ പിതാവിന്മുമ്പിൽ സ്വീ
21	W	൨൧	ബു		൬	അ	൪ I	ഷ	൨൫	ഷഷ്ഠി വ്രതം. [കരിക്കും.
22	TH	൨൨	വ്യാ		൭	ഭ	൧ III	സ	൨൧ II	അഷ്ടമി രൊഹണി വ്രതം.
23	F	൨൩	വെ	൧൦൨൫	൮	രൊ	൫൮ II	അ	൧൫	തന്റെ പ്രാണനെ കിട്ടിയവൻ അ തിനെ കളയും.
24	S	൨൪	ശ		൯	മ	൫൪ III	ന	൯	ഞാൻ നിമിത്തം തന്റെ പ്രാണനെ
25	SUN	൨൫	ഞാ		൧൦	തി	൪൯ II	ദ	൨ III	കളഞ്ഞവനു അതു കിട്ടും. ത്രിക ൧൦ാം ഞ.
26	M	൨൬	തി		൧൧	പു	൪൬	ദ്വാ	൫൫ II	ഏകാദശി വ്രതം.
27	TU	൨൭	ചൊ		൧൨	പൂ	൪൧ III	ത്ര	൪൯	പ്രദൊഷ വ്രതം.
28	W	൨൮	ബു		൧൩	ആ	൩൭ III	പ	൪൨ III	
29	TH	൨൯	വ്യാ	●	൧൪	മ	൩൪ II	വ	൩൭ I	അമാവാസി.
30	F	൩൦	വെ		൧൫	പൂ	൩൧ III	പ്ര	൩൨ II	
31	S	൩൧	ശ		൧൬	ഉ	൩൦ II	ദ്വി	൨൯	ജമാദിൻ ആവ്വൽ മാസാരംഭം.

SEPTEMBER.		സെപ്തെംബർ.
30 DAYS		൩൦ ദിവസം
⊕ പൌർണ്ണമാസി, ൧൨ാം തിയ്യതി.	കന്നി	● അമാവാസി, ൨൭ാം തിയ്യതി.

നീതിമാന്മാർ സന്തോഷിച്ചു ദൈവത്തിന്റെ മുമ്പാകെ ആനന്ദിക്കും. സങ്കീർത്തനം. ൬൪, ൩.

ഇങ്ക്ലിഷ്.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	SUN	൧	ഞ	൧൦൪൨ ചിങ്ങം	൧൭	അ	൩൦	തൃ	൨൬ II	ത്രീ. ക. ൧൧ാം ഞ.
2	M	൨	തി		൧൮	ചി	൩൦ III	ച	൨൫ III	വിനാഴിക ചതുർത്ഥി.
3	Tu	൩	ചൊ		൧൯	ചൊ	൩൨ III	പ	൨൬	
4	W	൪	ബു		൨൦	വി	൩൫ III	ഷ	൨൭ III	ഷഷ്ഠി വ്രതം. ൧൮൧൨ മൊസ്ക്കൊ നഗരം ചുടപ്പെട്ടത്.
5	Th	൫	വ്യ		൨൧	അ	൩൯ III	സ	൩൦ I	
6	F	൬	വെ		൨൨	തൃ	൪൪ II	അ	൩൩ III	പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല.
7	S	൭	ശ		൨൩	മൂ	൪൯ III	ന	൩൭ III	
8	SUN	൮	ഞ		൨൪	പൂ	൫൫ II	ദ	൪൨ I	ത്രീ. ക. ൧൨ാം ഞ.
9	M	൯	തി		൨൫	പൂ	൧ I	ഏ	൪൭	ഏകാദശി വ്രതം.
10	Tu	൧൦	ചൊ		൨൬	ഉ	൭	ദ്വാ	൫൧ II	
11	W	൧൧	ബു		൨൭	തി	൧൨ I	ത്ര	൫൫ II	തിരുവോണം.
12	Th	൧൨	വ്യ	⊕	൨൮	അ	൧൬ II	പ	൫൮ III	പൌർണ്ണമാസി.
13	F	൧൩	വെ		൨൯	ച	൨൦ II	പ	൧	
14	S	൧൪	ശ		൩൦	പൂ	൨൩ I	വ	൨ I	
15	SUN	൧൫	ഞ		൩൧	ഉ	൨൪ III	പ്ര	൨ I	ത്രീ. ക. ൧൩ാം ഞ. ഉത്രട്ടാതിയിൽ ൨൬ നാഴികക്കു സംക്രമം.
16	M	൧൬	തി	൧൦൪൨ കന്നി	൧	രെ	൨൫ I	ദ്വി	III	
17	Tu	൧൭	ചൊ		൨	അ	൨൪ I	ച	൫൮	അവന്റെ നാമത്തിൽ ജാതികൾ ആശ വെക്കുകയും ചെയ്യും.
18	W	൧൮	ബു		൩	ഭ	൨൨ II	പ	൫൪ I	
19	Th	൧൯	വ്യ		൪	കാ	൧൯ III	ഷ	൪൯ II	ഷഷ്ഠി വ്രതം.
20	F	൨൦	വെ		൫	രൊ	൧൬ I	സ	൪൩ III	൧൮൫൭ ഡില്ലി നഗരം പിടിക്കപ്പെട്ടത്.
21	S	൨൧	ശ		൬	മ	൧൨	അ	൩൭ I	
22	SUN	൨൨	ഞ		൭	തി	൭ III	ന	൩൦ III	ത്രീ. ക. ൧൪ാം ഞ.
23	M	൨൩	തി		൮	പു	൩ I	ദ	൨൪	
24	Tu	൨൪	ചൊ		൯	ആ	൫൯	ഏ	൧൭ II	ഏകാദശി വ്രതം. } ആയില്യംമകം.
25	W	൨൫	ബു		൧൦	മ	൫൫ I	ദ്വാ	൧൧ III	പ്രദോഷ വ്രതം. }
26	Th	൨൬	വ്യ		൧൧	പൂ	൫൨ II	ത്ര	൬ III	
27	F	൨൭	വെ	●	൧൨	ഉ	൫൦ I	ച	൨ II	അമാവാസി.
28	S	൨൮	ശ		൧൩	അ	൪൯ I	പ്ര	൫൯ II	൧൮൫൭ ലാഗ്നാ നഗരം പിടിക്കപ്പെട്ടത്.
29	SUN	൨൯	ഞ		൧൪	ചി	൪൯ I	ദ്വി	൫൮	ത്രീ. ക. ൧൫ാം ഞ.
30	M	൩൦	തി		൧൫	ചൊ	൫൦ II	തൃ	൫൭ II	ജമാദിൻ ആഹർ മാസാരംഭം.

OCTOBER. 31 DAYS ◌ പൌൎണ്ണമാസി, ൧൩ാം തിയ്യതി.	തുലാം.	ഒക്ടോബർ. ൩൧ ദിവസം. ● അമാവാസി, ൨൭ാം തിയ്യതി.

കൎത്താവു നിണക്കു നിത്യ പ്രകാശവും നിന്റെ ദൈവം നിന്റെ മഹത്വവും ആയിരിക്കും. എശായ. ൬൦, ൧൯.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	TU	൧	ചൊ		൧൬	വി	൫൩	ച	൫൮ II	
2	W	൨	ബു		൧൭	അ	൫൬ II	ച	III	൧൮൭൮ അഫഗാന യുദ്ധം തുടങ്ങി
3	TH	൩	വ്യാ		൧൮	അ	൧	പ	൪	യതു.
4	F	൪	വെ		൧൯	തൃ	൬	ഷ	൭ III	ഷഷ്ഠി വ്രതം.
5	S	൫	ശ	കന്നി.	൨൦	മൂ	൧൧ II	സ	൧൨ I	
6	SUN	൬	ഞ		൨൧	പൂ	൧൭ I	അ	൧൭	ത്രി. ക. ൧൬ാം ഞ.
7	M	൭	തി	൧൦൫൪	൨൨	ഉ	൨൩	ന	൨൧ II	മഹാ നവമി.
8	TU	൮	ചൊ		൨൩	തി	൨൮ III	ദ	൨൬	വിദ്യാരംഭം.
9	W	൯	ബു		൨൪	അ	൩൩ II	ഏ	൨൯ III	ഏകാദശി വ്രതം.
10	TH	൧൦	വ്യാ		൨൫	ച	൩൭ II	ദ്വാ	൩൨ II	
11	F	൧൧	വെ		൨൬	പൂ	൪൧	ത്ര	൩൪ II	പ്രദോഷ വ്രതം.
12	S	൧൨	ശ		൨൭	ഉ	൪൩ I	പ	൩൫ I	
13	SUN	൧൩	ഞ	◌	൨൮	രെ	൪൪ I	വ	൩൪ III	ത്രി. ക. ൧൭ാം ഞ. പൌൎണ്ണമാസി.
14	M	൧൪	തി		൨൯	അ	൪൪	പ്ര	൩൩	
15	TU	൧൫	ചൊ		൩൦	ഭ	൪൩	ദ്വി	൨൯ III	കാൎത്തികയിൽ ൫൩ാം നാഴികക്കു സം
16	W	൧൬	ബു		൧	കാ	൪൦ II	തൃ	൨൬	ക്രമം.
17	TH	൧൭	വ്യാ		൨	രൊ	൩൮ I	ച	൨൦ I	സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ
18	F	൧൮	വെ		൩	മ	൩൩ II	പ	൧൪ I	ഇഷ്ടം ചെയ്യുന്നവൻ ആരെങ്കിലും എ നിക്കു സഹോദരനും സഹോദരിയും
19	S	൧൯	ശ		൪	തി	൨൯	ഷ	൮	ഷഷ്ഠി വ്രതം. [അമ്മയും ആകുന്നു.
20	SUN	൨൦	ഞ	തുലാം.	൫	പു	൨൪ III	സ	൧ I	ത്രി. ക. ൧൮ാം ഞ.
21	M	൨൧	തി		൬	പൂ	൨൦ II	ന	൫൪ III	സ്വൎഗ്ഗരാജ്യം നിലത്തിൽ ഒളിച്ചുവെ
22	TU	൨൨	ചൊ	൧൦൫൪	൭	ആ	൧൬ I	ദ	൪൯ III	ച്ച നിധിയോടു സദൃശമാകുന്നു.
23	W	൨൩	ബു		൮	മ	൧൩	ഏ	൪൩ I	ഏകാദശി വ്രതം.
24	TH	൨൪	വ്യാ		൯	പൂ	൧൦ II	ദ്വാ	൩൮ III	
25	F	൨൫	വെ		൧൦	ഉ	൮ III	ത്ര	൩൫ I	പ്രദോഷ വ്രതം.
26	S	൨൬	ശ		൧൧	അ	൮ I	പ	൩൩	
27	SUN	൨൭	ഞ	●	൧൨	ചി	൮ III	വ	൩൨	ത്രി. ക. ൧൯ാം ഞ. അമാവാസി.
28	M	൨൮	തി		൧൩	ചൊ	൧൦ II	പ്ര	൩൨ I	റജബു മാസാരംഭം.
29	TU	൨൯	ചൊ		൧൪	വി	൧൩ II	ദ്വി	൩൩ III	സ്വൎഗ്ഗരാജ്യം നല്ല മുത്തുകളെ അന്വെ
30	W	൩൦	ബു		൧൫	അ	൧൭ I	തൃ	൩൬ II	ഷിച്ചു നടക്കുന്നൊരു വ്യാപാരിയോടു
31	TH	൩൧	വ്യാ		൧൬	തൃ	൨൨	ച	൪൦	സമം.

NOVEMBER. 30 DAYS 🌝 പൌൎണ്ണമാസി, ൧൧ാം തിയ്യതി.	 വൃശ്ചികം.	നൊവെംബർ. ൩൦ ദിവസം 🌑 അമാവാസി, ൨൫ാം തിയ്യതി.

ഇതാ ലൊകത്തിന്റെ പാപത്തെ ചുമന്നൊടുക്കുന്ന ദൈവത്തിന്റെ
കുഞ്ഞാട. യൊഹ. ൧, ൨൯.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശെഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	F	൧	വെ		൧൭	മൂ	൨൭ II	പ	൪൪ I	എല്ലാ വിശുദ്ധന്മാർ.
2	S	൨	ശ		൧൮	പൂ	൩൩ I	ക്ഷ	൪൯ I	ഷഷ്ഠി വ്രതം. (എല്ലാ പ്രാണികൾ.)
3	SUN	൩	ഞ	തുലാം	൧൯	ഉ	൩൯	സ	൫൪	ത്രി. ക. ൨൦ാം ഞ.
4	M	൪	തി		൨൦	തി	൪൪ II	അ	൫൮ III	വായിലൂടെ അകത്തു ചെല്ലുന്നതു അല്ല
5	Tu	൫	ചൊ		൨൧	അ	൫൦	അ	൩	മനുഷ്യനെ തീണ്ടൽ വരുത്തുന്നതു വായി
6	W	൬	ബു		൨൨	ച	൫൪ II	ന	൬ I	ൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ
7	Th	൭	വ്യ		൨൩	പൂ	൫൮ I	ദ	൯	തീണ്ടൽ ഉണ്ടാക്കുന്നുള്ളു.
8	F	൮	വെ		൨൪	പൂ	൧	ഏ	൧൦ I	ഏകാദശി വ്രതം.
9	S	൯	ശ		൨൫	ഉ	൨ III	ദ്വാ	൧൦ II	പ്രദൊഷ വ്രതം. ൧൮൪൧ വെത്സ പ്രഭു ജനിച്ചു.
10	SUN	൧൦	ഞ		൨൬	രെ	൩ I	ത്ര	൯ II	ത്രി. ക. ൨൧ാം ഞ. ൧൪൮൩ ലൂഥർ
11	M	൧൧	തി	🌝	൨൭	അ	൨ III	പ	൭ I	പൌൎണ്ണമാസി. [ജനിച്ചു.
12	Tu	൧൨	ചൊ		൨൮	ഭ	III	പ	൩ II	സ്വൎഗ്ഗസ്ഥനായ എന്റെ പിതാവു ന
13	W	൧൩	ബു		൨൯	രൊ	൫൮ I	ദ്വി	൫൯	ട്ടിട്ടില്ലാത്ത ഏതു തൈയും വെർ പറി ഞ്ഞു പൊകും.
14	Th	൧൪	വ്യ		൩൦	മ	൫൪ III	തൃ	൫൩ II	മകയിരത്തിൽ ൪൭ നാഴികക്കു സംക്രമം.
15	F	൧൫	വെ	വൃശ്ചികം	൧	തി	൫൦ III	ച	൪൭ II	
16	S	൧൬	ശ		൨	പു	൪൬ I	പ	൪൦ III	
17	SUN	൧൭	ഞ		൩	പൂ	൪൧ III	ഷ	൩൪ I	ത്രി. ക. ൨൨ാം ഞ. ഷഷ്ഠി വ്രതം.
18	M	൧൮	തി		൪	ആ	൩൭ II	സ	൨൮	ദുശ്ചിന്തകൾ, കുലകൾ, വ്യഭിചാരങ്ങ
19	Tu	൧൯	ചൊ		൫	മ	൩൩ III	അ	൨൨ I	ൾ, പുലയാട്ടുകൾ, മൊഷണങ്ങൾ, ക
20	W	൨൦	ബു		൬	പൂ	൩൦ III	ന	൧൭ I	ള്ളസാക്ഷികൾ, ദൂഷണങ്ങൾ ഇവ ഹൃ
21	Th	൨൧	വ്യ		൭	ഉ	൨൮ II	ദ	൧൩ I	ദയത്തിൽനിന്നു പുറപ്പെട്ടു വരുന്നു.
22	F	൨൨	വെ		൮	അ	൨൭ II	ഏ	൧൦ I	ഏകാദശി വ്രതം.
23	S	൨൩	ശ		൯	ചി	൨൭ I	ദ്വാ	൮ III	പ്രദൊഷ വ്രതം.
24	SUN	൨൪	ഞ		൧൦	ചൊ	൨൮ II	ത്ര	൮ II	ത്രി. ക. ൨൩ാം ഞ.
25	M	൨൫	തി	🌑	൧൧	വി	൩൦ III	പ	൯ I	അമാവാസി.
26	Tu	൨൬	ചൊ		൧൨	അ	൩൪	പ	൧൧ I	ഒരു മനുഷ്യൻ സൎവ്വ ലൊകം നെടി
27	W	൨൭	ബു		൧൩	തൃ	൩൮ II	പ്ര	൧൪ II	യാറെയും തന്റെ ദെഹിക്കു ചെതം വ ന്നാൽ എന്തു പ്രയൊജനമുള്ളു.
28	Th	൨൮	വ്യ		൧൪	മൂ	൪൩ II	ദ്വി	൧൮ II	ശബ്ബാൻ മാസാരംഭം.
29	F	൨൯	വെ		൧൫	പൂ	൪൯	തൃ	൨൩ I	
30	S	൩൦	ശ		൧൬	ഉ	൫൪ III	ച	൨൮	അന്ത്രയൻ അപ്പൊസ്തലൻ.

DECEMBER.

31 DAYS

○ പൌൎണ്ണമാസി,
൧൧ാം തിയ്യതി.

ധനു.

ദിസെംബർ.
൩൧ ദിവസം

● അമാവാസി,
൨൫ാം തിയ്യതി.

ലോകത്തിന്നു വിധിപ്പാനല്ല ലോകത്തെ രക്ഷിപ്പാനത്രെ ഞാൻ വന്നതു.
യൊഹ. ൧൨, ൪൭.

ഇങ്ക്ലിഷ.				മലയാളം		നക്ഷത്രം.		തിഥി.		വിശേഷ ദിവസങ്ങൾ.
DATE	DAY	തിയ്യതി	ആഴ്ച	മാസം	തിയ്യതി					
1	SUN	൧	ഞാ	൧൦൩൭ വൃശ്ചികം.	൧൭	ഉ	II	പ	൩൨ III	൧ാം ആഗമ നാൾ.
2	M	൨	തി		൧൮	തി	൬	ഷ	൩൭ II	ഷഷ്ഠി വ്രതം.
3	Tu	൩	ചൊ		൧൯	അ	൧൧	സ	൪൧ II	കണ്ടാലും ഞാൻ വെഗം വരുന്നു അവ
4	W	൪	ബു		൨൰	ച	൧൫ II	അ	൪൪ II	നവന്നു തന്റെ ക്രിയ ആകും പ്രകാരം
5	Th	൫	വ്യാ		൨൧	പൂ	൧൮ III	ന	൪൬ III	കൊടുത്തു തീപ്പാൻ എന്റെ കൂലിയും
6	F	൬	വെ		൨൨	ഉ	൨൧	ദ	൪൭ II	എന്നൊടു കൂടെ.
7	S	൭	ശ		൨൩	രെ	൨൨ I	ഏ	൪൭ I	ഏകാദശി വ്രതം.
8	SUN	൮	ഞാ		൨൪	അ	൨൨ I	ദ്വാ	൪൫ III	൨ാം ആഗമ നാൾ.
9	M	൯	തി		൨൫	ഭ	൨൧	ത്ര	൪൩	പ്രദൊഷ വ്രതം.
10	Tu	൧൰	ചൊ		൨൬	കാ	൧൮ III	പ	൩൯	
11	W	൧൧	ബു	○	൨൭	രൊ	൧൫ III	വ	൩൪	പൌൎണ്ണമാസി.
12	Th	൧൨	വ്യാ		൨൮	മ	൧൨	പ്ര	൨൮ I	ബറാത്ത.
13	F	൧൩	വെ		൨൯	തി	൭ III	ദ്വി	൨൧	
14	S	൧൪	ശ		൩൰	പു	൩ I	തൃ	൧൫ II	പൂയ്യത്തിൽ ൧൮ നാഴികക്കു സംക്രമം.
15	SUN	൧൫	ഞാ	൧൦൩൭ ധനു.	൧	ആ	൫൯	ച	൯	൩ാം ആഗമ നാൾ.
16	M	൧൬	തി		൨	മ	൫൫	പ	൩	ഷഷ്ഠി വ്രതം.
17	Tu	൧൭	ചൊ		൩	പൂ	൫൧ II	സ	൫൭ II	അവന്റെ കല്പന ചെയ്യുന്നവർ ധ
18	W	൧൮	ബു		൪	ഉ	൪൮ III	അ	൫൩	ന്യർ; അവൎക്കു ജീവവൃക്ഷത്തിന്മെൽ അധികാരമുണ്ടാക.
19	Th	൧൯	വ്യാ		൫	അ	൪൭	ന	൪൯ II	ആത്മാവും, കാന്തയും; യെശുവെ വ
20	F	൨൰	വെ		൬	ചി	൪൬ I	ദ	൪൭ I	രിക എന്നു പറയുന്നു.
21	S	൨൧	ശ		൭	ചൊ	൪൬ III	ഏ	൪൬ I	ഏകാദശി വ്രതം.
22	SUN	൨൨	ഞാ		൮	വി	൪൮ II	ദ്വാ	൪൬ II	൪ാം ആഗമ നാൾ.
23	M	൨൩	തി		൯	അ	൫൧ I	ത്ര	൪൮	പ്രദൊഷ വ്രതം.
24	Tu	൨൪	ചൊ		൧൰	തൃ	൫൫ I	പ	൫൰ III	വിശുദ്ധ രാത്രി.
25	W	൨൫	ബു	●	൧൧	മൂ	൫൯ III	വ	൫൪ I	ക്രിസ്തുൻ ജനിച്ച നാൾ. അമാവാസി.
26	Th	൨൬	വ്യാ		൧൨	മൂ	൫	പ്ര	൫൮ II	സ്തെഫാൻ.
27	F	൨൭	വെ		൧൩	പൂ	൧൰ III	പ്ര	൩ I	യൊഹന്നാൻ സുവിശെഷകൻ.
28	S	൨൮	ശ		൧൪	ഉ	൧൬ II	ദ്വി	൮ I	റമുള്ളാൻ മാസാരംഭം.
29	SUN	൨൯	ഞാ		൧൫	തി	൨൨ I	തൃ	൧൩	ജനന നാൾ കഴിഞ്ഞ ഞ.
30	M	൩൰	തി		൧൬	അ	൨൭ II	ച	൧൭ II	
31	Tu	൩൧	ചൊ		൧൭	ച	൩൨ I	പ	൨൧ III	സിൽഫസ്തർ.

പഞ്ചാംഗം.

നമ്മുടെ ൟ നാട്ടിൽ നടപ്പായി വന്നിരിക്കുന്ന ജ്യോതിശ്ശാസ്ത്രത്തിന്ന ഗണിതമാൎഗ്ഗം പ്രശ്നമാൎഗ്ഗം എന്നീ രണ്ടു അംശങ്ങൾ ഉണ്ടല്ലൊ. എന്നാൽ ഗ്രഹങ്ങൾ സൂൎയ്യനെ ചുററി ചരിക്കുന്ന ക്രമം ഗണിതമാൎഗ്ഗം കൊണ്ടത്രെ നിശ്ചയം വരുന്നു. സൂൎയ്യനിൽ നിന്നു ബുധനൊളം ൯൨ ലക്ഷവും വെള്ളിയൊളം ൧ കൊടി ൭൦ ലക്ഷവും ഭൂമിയൊളം ൨ കൊടി ൩൮ ലക്ഷവും ചൊവ്വയൊളം ൩ കൊടി ൬൦ ലക്ഷവും വ്യാഴത്തൊളം ൧൨ കൊടിയും ശനിയൊളം ൨൨ കൊടിയും കാതം വഴി ഉണ്ടു. പിന്നെ ൟ ഭൂമി സൂൎയ്യനെക്കാൾ ൧൩ പ്രാവശ്യം ചെറിയതും. ഭൂഛായ ചന്ദ്രബിംബം എന്നിവററാൽ ഗ്രഹണങ്ങളും സൂൎയ്യ ചന്ദ്രന്മാരുടെ ആകൎഷണത്താൽ ഏററം ഇറക്കം മഴകളും ഉണ്ടാകുന്നതും എന്നും മററും ഗണിത മാൎഗ്ഗത്താൽ അറിയുന്നു.- എന്നാൽ പ്രശ്നമാൎഗ്ഗത്താലൊ പല വിധ ഭാവി സ്ഥിതികളെ ആരാഞ്ഞു ജാതക ഫലം പൃപ്രശ്നം എന്നിവററാൽ ബുദ്ധികെട്ട സാധു ജനങ്ങളെ മഹെന്ദ്രജാലം കൊണ്ടെന്ന പൊലെ വഞ്ചിക്കുന്നു.

ജ്യോതിശ്ശാസ്ത്രത്തിൽ പഞ്ചാംഗവും അടങ്ങിയിരിക്കുന്നു. ആയതിന്നു ആഴ്ച നക്ഷത്രം തിഥി കരണം യൊഗം എന്നീ അഞ്ചു അവയവങ്ങൾ ഉണ്ടാകകൊണ്ടു ൟ പെർ വിളിച്ചിരിക്കുന്നു. പഞ്ചം=അഞ്ചു—അംഗം=അവയവം എന്നു തന്നെ. ഇതിൽ ആഴ്ച നക്ഷത്രം തിഥി എന്നീ മൂന്ന പ്രമാണ കാൎയ്യങ്ങളെ ചുരുക്കത്തിൽ വിവരിച്ചു പറയാം.

൧. ഒരൊ വാരത്തിന്നും ഏഴെഴ ആഴ്ചകൾ ഉണ്ടു എന്നു ൟ ഹിന്തു രാജ്യങ്ങളിൽ മാത്രം അല്ല ലൊകത്തിൽ എങ്ങും പ്രമാണമായിരിക്കുന്നു. എന്നാൽ ൟ പ്രമാണം ആർ സ്ഥിരപ്പെടുത്തി? ൟ ചൊദ്യത്തിന്നു വിശുദ്ധവെദത്തിൽ നിന്നു മാത്രം നല്ലൊരു ഉത്തരം കിട്ടെണ്ടതിന്നു സംഗതിയുള്ളൂ. എങ്ങിനെ എന്നാൽ സൎവ്വശക്തിയുള്ള ദൈവം ആറു ദിവസം കൊണ്ടു ആകാശത്തെയും എല്ലാ ജ്യോതിസ്സുകളെയും ഭൂമിയെയും ചരാചരങ്ങളെയും സൃഷ്ടിച്ചു ഏഴാം ദിവസത്തിൽ താൻ ഉണ്ടാക്കിയ സകലത്തെയും അനുഗ്രഹിച്ചു ആ ദിവസത്തെ സ്വസ്ഥനാളാക്കി നിയമിച്ചതിനാൽ വാരത്തിന്നു ഏഴ ആഴ്ചകൾ സ്ഥിരമായി വന്നു ൧ മൊശ. ൧, ൨. എന്നാൽ ഹിന്തു ജ്യോതിശ്ശാസ്ത്രികൾ ൟ ഏഴ ആഴ്ചകളിൽ ചിലതു ശുഭം എന്നും ചിലതു അശുഭം എന്നും പറയുന്നതു എങ്ങിനെ? ദിവ്യവെളിപ്പാടു സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ വിധിച്ചതല്ലാതെ ശുഭാശുഭ ദിവസങ്ങളെ കൊണ്ടു ഒന്നും അറിയിച്ചില്ല. ഞായറാഴ്ചയിൽ ലൊകരക്ഷിതാവായ ക്രിസ്തൻ മഹത്വമുള്ള പുനരുത്ഥാനം ചെയ്തതിനാൽ ആ ആഴ്ച മഹാ ശുഭദിനം തന്നെ, കാരണം കൂടാതെ ശുഭാശുഭ ദിവസങ്ങളെ തൊട്ടു തൎക്കിക്കുന്ന ജ്യോതിശ്ശാസ്ത്രികൾ തക്കതായ ഉദാഹരണം കൊടുക്കാതിരുന്നാൽ ആ ശാസ്ത്രത്തെ പ്രമാണിക്കുന്നതു മഹാ മൌഢ്യമല്ലയൊ.

൨. ദക്ഷപ്രജാപതിയുടെ പുത്രിമാരാകുന്ന അശ്വതി ഭരണി മുതലായ ൨൭ നക്ഷത്രങ്ങൾ ചന്ദ്രന്റെ ഭാൎയ്യമാരാകുന്നു. ആയവരൊടു കൂട അവൻ നിത്യം ആകാശ മാൎഗ്ഗത്തൂടെ നടന്നു ക്രീഡിച്ചു സംഗമിക്കുന്നതിനാൽ മനുഷ്യൎക്ക അനെകം ഫലാഫലങ്ങളും ലാഭചെതങ്ങളും ഉണ്ടാകും എന്നു ഹിന്തു ശാസ്ത്രികൾ ചൊല്ലി ജനങ്ങളെ വെറുതെ വഞ്ചിക്കുന്നു. ആ നക്ഷത്രങ്ങളിൽ ഓരൊന്നു നൂറായിരം ലക്ഷം

കൊടികാതം വഴി ചന്ദ്രനിൽ നിന്നു ദൂരമായിരിക്കുന്നു എന്നു ഗണിത മാൎഗ്ഗം കൊണ്ടു നിശ്ചയമായി വന്നിരിക്കുന്നു എന്നാൽ അങ്ങിനെയുള്ള സംഗമം എങ്ങിനെ ഉണ്ടാകും? ഒരം അല്പബുദ്ധികളായ നാം നക്ഷത്രങ്ങളുടെ അവസ്ഥയെ കുറിച്ചു വല്ലതും അറിവാൻ ഇച്ശിച്ചാൽ, അവറ്റെ ഉണ്ടാക്കിയ ദൈവത്തിന്റെ വചനം കെട്ടു പഠിക്കെണം അതു എങ്ങിനെ എന്നാൽ. പിന്നെ പകലിനെയും രാവിനെയും തമ്മിൽ വെർപിരിപ്പാനായിട്ടു ആകാശ വിരിയിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ-അവ അടയാളങ്ങൾക്കായിട്ടും കാലങ്ങൾക്കായിട്ടും ദിവസങ്ങൾക്കായിട്ടും സംവത്സരങ്ങൾക്കായിട്ടും ഇരിക്കട്ടെ. ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശ വിരിവിൽ അവ പ്രകാശങ്ങളാകട്ടെ എന്നു ദൈവം പറഞ്ഞു. പകലിനെ വാഴെണ്ടുന്നതിനു വെളിച്ചം ഏറിയതും രാവിനെ വാഴെണ്ടുന്നതിനു വെളിച്ചം കുറഞ്ഞതും ആയിരിക്കുന്ന രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി നക്ഷത്രങ്ങളെയും ഉണ്ടാക്കി. ൧ മൊശ. ൧, ൧൬—൧൮ ആകയാൽ നക്ഷത്രങ്ങളിൽ നിന്നു നമുക്കു ഒരു ദൊഷവും ചെതവും അല്ല പ്രകാശവും നന്മയും മാത്രം വരുന്നുള്ളു.

൩. ചന്ദ്രന്റെ കല വൎദ്ധിക്കയും ക്ഷയിക്കയും ചെയ്യുന്നതിനാൽ ഉണ്ടാകുന്ന കാൎയ്യകൾക്കു തിഥി എന്നു ചൊല്ലുന്നു. പ്രതിപദം ദ്വിതീയ മുതലായ ൧൫ തിഥികൾ വെളുത്തും കറുത്തുമുള്ള പക്ഷങ്ങളിൽ വട്ടം കൂടുമ്പൊഴെക്കു നമ്മുടെ നാട്ടുകാർ പലരും ഷഷ്ഠി ഏകാദശി പ്രദൊഷ വ്രതങ്ങളെയും ആചരിച്ചു വരുന്നതല്ലാതെ വാവുകളിൽ പിതൃക്കൾക്കു വെണ്ടി ചാത്തം ഊട്ടുകയും ഉപവസിക്കയും ചെയ്യുന്നുവല്ലൊ. ഷഷ്ഠി വ്രതം അനുഷ്ഠിച്ചാൽ ഗണപതി പ്രസാദം ഉണ്ടായിട്ടു ഏതു കാൎയ്യവും സാദ്ധ്യമായി വരും. ഏകാദശി വ്രതം അനുഷ്ഠിച്ചാൽ വിഷ്ണുകാരുണ്യം ഉണ്ടായിട്ടു മൊക്ഷസിദ്ധി ഉണ്ടാകും പ്രദൊഷവ്രതം ദീക്ഷിച്ചാൽ ശിവപ്രസാദം കൊണ്ടു എല്ലാ ദാരിദ്ര്യവും നീങ്ങും വാവിൽ ചാത്തം ഊട്ടി ഉപവസിച്ചാൽ പിതൃക്കൾക്കു ഗതി വരും എന്നും മറവും വ്യൎത്ഥവാക്കുകളെ സംസാരിക്കുന്നവർ ജനങ്ങളെ വഞ്ചിച്ചു നിത്യനാശത്തിനായിട്ടു നടത്തിക്കുന്നു.—ഒരു മനുഷ്യൻ തന്റെ ആത്മാവിനെ ഒരു നാൾ ദണ്ഡിപ്പിച്ചു തന്റെ തലയെ ഞാങ്ങണ പൊലെ കുനിക്കയും ചെയ്യുന്നതു ഉപവാസവും ദൈവെഷ്ടമുള്ള ദിവസവും എന്നു നിങ്ങൾ വിചാരിക്കുന്നുവൊ? ദുഷ്ടതയുടെ ബന്ധനങ്ങളെ അഴിച്ചും ഭാരമുള്ള ചുമടുകളെ ഇറക്കിയും ഞെരുക്കപ്പെട്ടവരെ വിട്ടയച്ചും ഒരൊ നുകത്തെ തകൎത്തും വിശപ്പുള്ളവക്കു നിന്റെ ആഹാരത്തിൽ പകുതി കൊടുത്തും വലഞ്ഞിരിക്കുന്ന സാധുക്കളെ നിന്റെ ഭവനത്തിലെക്കു വരുത്തിയും നഗ്നനെ ഉടുപ്പിച്ചും കൊണ്ടിരിക്കുന്നതു തന്നെ ഞാൻ കല്പിച്ച ഉപവാസം എന്നു ജീവനുള്ള ദൈവത്തിന്റെ അരുളപ്പാടാകുന്നു ഏശായ. ൫൮, ൬-൭. ഇങ്ങിനെ ദൈവകല്പിതമായ വ്രതങ്ങളെ നാൾതൊറും അനുഷ്ഠിച്ചാൽ സൌഖ്യവും സന്തൊഷവും ഉണ്ടാകും, പിന്നെ വാവിൽ ചാത്തം ഊട്ടി ഉപവസിക്കുന്നതു വ്യൎത്ഥഫലമത്രെ. ഇഹത്തിൽ നിന്നു പിതൃക്കൾക്കു വെണ്ടി നാം എന്തു ചെയ്താലും അവൎക്കു ഗതി വരുത്തുവാൻ കഴികയില്ല-എങ്കിലും മക്കളെ നിങ്ങളുടെ പിതാക്കളെ കൎത്താവിൽ അനുസരിച്ചിരിപ്പിൻ, ഇതല്ലയൊ ന്യായം ആകുന്നു. നിന്റെ അച്ശനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തം കൂടിയ ആദ്യ കല്പനയാകുന്നു എന്ന ദൈവ വചനം കെട്ടു വാവുനാളുകളിൽ മാത്രമല്ല എല്ലാ ദിവസങ്ങളിലും ആചരിച്ചു നടക്കുന്നവൻ ദൈവ പ്രിയനാകയും ചെയ്യും.

ഒരു ബ്രാഹ്മണൻ.

കാശിയിൽ ദൈവ വചനം അറിയിക്കുന്നൊരു പാതിരി സായ്പിന്റെ അടുക്കൽ ഒരു ദിവസം വളരെ കാലം പടയാളിയായി സെവിച്ചു പിഞ്ചിൻ കിട്ടിയ മൊഹൻലാൽ എന്നൊരു ബ്രാഹ്മണൻ വന്നു എനിക്കു ക്രിസ്തീയ വെദത്തിൽ കൂടുവാൻ താല്പൎയ്യം ഉണ്ടു എന്നു പറഞ്ഞു. നിങ്ങൾ ബ്രാഹ്മണൻ അല്ലയൊ. ക്രിസ്ത്യാനി ആകെണം എന്നു ആഗ്രഹിക്കുന്ന സംഗതി എന്തു എന്നു പാതിരി ചൊദിച്ചപ്പൊൾ സായ്പെ ഞാൻ ഭക്ഷണം വിചാരിച്ചു നിങ്ങളുടെ അടുക്കൽ വന്നവനല്ല. എന്റെ നിലം പറമ്പുകൾ ഒക്കയും ഞാൻ എന്റെ പെങ്ങൾക്കു സമ്മാനിച്ചു കൊടുത്തു പിന്നെ ഉപജീവനത്തിന്നു വെണ്ടി പിഞ്ചിൻ ഉണ്ടു. എനിക്കു സൽഗ്ഗുവഴിയെ പഠിച്ചു സത്യത്തെ അറിയെണം എന്നു വെച്ചത്രെ ഞാൻ വന്നിരിക്കുന്നു എന്നു മൊഹൻലാൽ പറഞ്ഞതിന്നു ഠരം മനസ്സു നിങ്ങൾക്കു വന്നതു എങ്ങിനെ എന്നു പാതിരിസായ്പു ചൊദിച്ച ശെഷം ബ്രാഹ്മണൻ പറഞ്ഞതാവിതു: ചെറുപ്പമായപ്പൊൾ തന്നെ എനിക്കു ആത്മകാൎയ്യത്തെ കുറിച്ചു ബഹു ചിന്തയും അന്വെഷണയും ഉണ്ടായിരുന്നു. ദൈവം എന്ന ഒരു ആൾ ഉണ്ടെങ്കിൽ അവനെ സെവിപ്പാൻ ഒരു സത്യവഴിയും ഉണ്ടാകും. എങ്കിലും ആ സത്യവഴി എവിടെ? അതു ഹിന്തുമതത്തിൽ കാണുന്നില്ല. ഞാൻ ബ്രാഹ്മണൻ ആകകൊണ്ടും ഹിന്തുമതത്തിലുള്ള എല്ലാ രഹസ്യങ്ങളെയും വെണ്ടുംവണ്ണം അറിയുന്നവനാകകൊണ്ടും ഞങ്ങൾ പ്രമാണിക്കുന്നതും ചെയ്യുന്നതും ഒക്കയും എനിക്കു ബൊധിച്ചിരിക്കുന്നുവല്ലൊ. പിന്നെ ഞാൻ പട്ടാളത്തിൽ ചെന്നു ഇവിടെ അനെകം മുസല്മാന്നർ ദൈവജ്ഞാനവും ദിവ്യകാൎയ്യ നിശ്ചയവും ഉറപ്പിച്ചു വലിയ അഹംബുദ്ധിയൊടെ വാഴുന്നു പക്ഷെ ഇവരൊടു സത്യത്തെ പഠിപ്പാൻ സംഗതി ഉണ്ടാകും എന്നു വിചാരിച്ചു അവരൊടു സംസൎഗ്ഗം ചെയ്തു എങ്കിലും അവരുടെ നടപ്പു കണ്ട ശെഷം ഞാൻ വിറച്ചു ഹിന്തുക്കൾ ദുഷ്ടന്മാരായാലും മുഹമ്മതക്കാർ അതിദുഷ്ടന്മാർ തന്നെ. ഇവരുടെ മാൎഗ്ഗം സത്യമാൎഗ്ഗം അല്ല എന്നു നിശ്ചയിച്ചു അവരെ വിട്ടു വെള്ളക്കാരെ നൊക്കി ഇവർ എല്ലാകാൎയ്യങ്ങളിലും മഹാ സമൎത്ഥന്മാർ ആകകൊണ്ടു അവരുടെ വെദം സത്യവെദം ആയിരിക്കും എന്നു നിശ്ചയിച്ചു വെള്ളക്കാരൊടു സംസൎഗ്ഗം ചെയ്വാൻ തുടങ്ങി എങ്കിലും അവരുടെ കുടിയും കാമക്രിയകളും മററും കണ്ടപ്പൊൾ അയ്യൊ. സത്യവെദം ഇവൎക്കും കിട്ടീട്ടില്ല. കിട്ടിയെങ്കിൽ ഇങ്ങിനെ നടപ്പാൻ കഴിയുമൊ. ഹാ കഷ്ടം. ഹിന്തുക്കളിലും മുഹമ്മതക്കാരിലും വെള്ളക്കാരിലും സത്യം ഇല്ലല്ലൊ. എന്നാൽ അതു എവിടെ? അതു ആരിൽ ഉണ്ടു? ഒരു സമയമെങ്കിലും അതിനെ കാണ്മാൻ എനിക്കു സംഗതി വരുമൊ എന്നു വിചാരിച്ചു ഇങ്ങിനെ ൨൫ സംവത്സരം ദുഃഖെന കഴിച്ച ശെഷം എനിക്കു വെറെ ഒരു പട്ടാളത്തിലെക്കു മാററം വന്നപ്പൊൾ അതിന്റെ കൎണ്ണൽ എത്രയും ഒരു നല്ല മനുഷ്യനും സിപ്പായികളെ ഒർ അച്ഛനെ പൊലെ വിചാരിക്കയും സ്നെഹിക്കയും ചെയ്യുന്നവനും തന്നെ എന്നു കണ്ടു ഠരം സായ്പിനെ ഒരിക്കൽ കാണെണം എന്നു ഞാൻ നിശ്ചയിച്ചു അവരുടെ വീട്ടിലെക്കു ചെല്ലുമ്പൊൾ അവർ എനിക്കു വളരെ ദയ കാണിച്ചു ബഹു സ്നെഹമായി എന്നൊടു സംസാരിച്ചു. അന്നുതുടങ്ങി ഞാൻ പലപ്പൊഴും അവരുടെ വീട്ടി

ലെക്കു ചെന്നു. ഭക്ഷണത്തിന്നു ഇരിക്കുന്ന സമയത്തിലും ചെന്നു എന്നിട്ടും അവർ ഒരിക്കലും നീരസം കാട്ടാതെ സ്നെഹമായി സംസാരിച്ചതെയുള്ളു. സായ്പിന്റെ വെദം ഏതു എന്നു പലപ്പൊഴും അവരൊടു ചൊദിപ്പാൻ വിചാരിച്ചെങ്കിലും ചൊദിപ്പാൻ ധൈൎയ്യം പൊരാതെ ആയി. അങ്ങിനെ ഇരിക്കുമ്പൊൾ എനിക്കു പനി പിടിച്ചു ഹസ്പത്രിയിൽ പൊകെണ്ടി വന്നു. അവിടെ കിടക്കുമ്പൊൾ ഞാൻ ശരീരത്തിന്റെയും ആത്മാവിന്റെയും വ്യസനം നിമിത്തം വളരെ ദുഃഖിച്ചു. അയ്യൊ ഞാൻ കൎണ്ണലിന്റെ അടുക്കൽ ചെന്നു ചൊദിച്ചു എങ്കിൽ ഇപ്പൊൾ സത്യത്തെ അറിഞ്ഞു ആശ്വസിപ്പാൻ കഴിയുമായിരുന്നു. പൊകാഞ്ഞതു നിമിത്തം ഞാൻ എന്റെ അജ്ഞാനത്തിലും പാപത്തിലും മരിക്കെണ്ടിവരുമല്ലൊ എന്നു വിചാരിച്ചുംകൊണ്ടിരിക്കുമ്പൊൾ ഒരു ദിവസം ഞാൻ കിടക്കുന്ന മുറിയുടെ കതകു തുറന്നു കൎണ്ണൽ താൻ അകത്തു വന്നു. അപ്പൊൾ എനിക്കു ശക്തി ഉണ്ടെങ്കിൽ ഞാൻ എഴുനീറ്റു അവരുടെ കാലിനെ തലമെൽ വെപ്പാൻ തക്ക സന്തൊഷം ഉണ്ടായിരുന്നു എങ്കിലും ദീനം നിമിത്തം എനിക്കു അനങ്ങി കൂടാ. എന്റെ സൌഖ്യത്തിന്റെ അവസ്ഥയെ കുറിച്ചു ചൊദിച്ചതിന്നു ഉത്തരം കൊടുപ്പാൻ എനിക്കു ശെഷിയില്ല എന്നു അവർ കണ്ടു യെശു ക്രിസ്തുനെ കൊണ്ടു എന്നൊടു സംസാരിച്ചു എങ്കിലും എന്റെ ഹൃദയത്തിലെ വ്യസനം നിമിത്തം പറഞ്ഞ വാക്കു എനിക്കു ഗ്രഹിപ്പാൻ സംഗതി വന്നില്ല, കൎണ്ണൽ പൊയശെഷം സായ്പു എന്നെ ഒൎക്കുന്നെങ്കിൽ ദൈവവും എന്നെ ഒൎക്കും എന്നു ഞാൻ നിശ്ചയിച്ചു പാൎത്തു. അന്നു തുടങ്ങി എന്റെ ദീനം മാറി സൌഖ്യവും വന്നു ഹസ്പത്രിയിൽനിന്നു വിട്ടു പൊകുമ്പൊൾ ഉടനെ ഞാൻ സായ്പിന്റെ അടുക്കൽ ചെന്നു ധൈൎയ്യം പൂണ്ടു നിങ്ങൾ പ്രമാണമാക്കിയ വെദം ഏതു എന്നു ചൊദിച്ചു. ഞാൻ ക്രിസ്ത്യാനി എന്നു പറഞ്ഞാറെ ഞാൻ ഒന്നു ഞെട്ടി സംശയഭാവം കൊണ്ടു അവരുടെ മുഖത്തു നൊക്കിയപ്പൊൾ അവർ അതെ ഞാൻ ക്രിസ്ത്യാനി തന്നെ, എങ്കിലും ൟ പെർ എടുത്തിട്ടുള്ളവർ എല്ലാവരും ക്രിസ്ത്യാനികൾ തന്നെ എന്നു വിചാരിക്കരുത എന്നു പറഞ്ഞപ്പൊൾ എന്നാൽ എനിക്കും ക്രിസ്ത്യാനി ആകുവാൻ ആഗ്രഹം ഉണ്ടു എന്നു ഞാൻ കൎണ്ണലിനൊടു അറിയിച്ചശെഷം അവർ സന്തൊഷിച്ചു നിങ്ങൾക്കു ഇപ്പൊൾ പിഞ്ചിൻ നിശ്ചയിച്ചുവല്ലൊ. ഞാൻ നിങ്ങൾക്കു തരുന്ന ഒരു കത്തിനെ നിങ്ങൾ കാശിയിലെ പാതിരിമാരുടെ അടുക്കൽ കൊണ്ടുപൊയാൽ രക്ഷപ്പെടുവാൻ എന്തു ചെയ്യെണം എന്നതു അവർ നിങ്ങളൊടു അറിയിക്കും എന്നു ചൊല്ലി കത്തും തന്നു. ആ കത്തു ഇതാ എന്നു ബ്രാഹ്മണൻ പറഞ്ഞു അതിനെ പാതിരി സായ്പിന്റെ കൈക്കൽ കൊടുത്തു. ആ കത്തു പാതിരി വാങ്ങി വായിച്ചു ൟ മനുഷ്യനു ദൈവരാജ്യത്തിലെക്കു പ്രവെശിപ്പാൻ താല്പൎയ്യം ഉണ്ടു എന്നുകണ്ടു അവനെ പാൎപ്പിച്ചു കൎത്താവിന്റെ വചനം പഠിപ്പിച്ചുകൊടുത്തു അവനും വെഗം പഠിച്ചു പൂൎണ്ണ മനസ്സൊടെ ദൈവ കൃപയെ അന്വെഷിച്ചു സ്നാനം ഏറ്റു ഒരു സത്യ ക്രിസ്ത്യാനിയായി തീൎന്നു താൻ അനുഭവിച്ച സൌഭാഗ്യത്തെ മറ്റവരൊടു അറിയിപ്പാൻ തുടങ്ങി എങ്കിലും അവൻ ഒമ്പതു മാസം മാത്രം ക്രിസ്തുസഭയിൽ പാൎത്ത ശെഷം ദീനം പിടിച്ചു മരിപ്പാറായിരിക്കുമ്പൊൾ നിങ്ങൾ ഇപ്പൊൾ എങ്ങിനെ എന്നു പാതിരിസായ്പു അവനൊടു ചൊദിച്ചപ്പൊൾ ഞാൻ കൎത്താവായ യെശുക്രിസ്തുനിൽ ആശ്രയിച്ചും അവൻ എനിക്കു വെണ്ടി മരിച്ചു

രക്ഷിതാവാകുന്നു എന്നു വിശ്വസിച്ചും അവന്റെ നീതിയെ ഞാൻ വസ്ത്രമാക്കി ഉടുത്തും കൊണ്ടു ദൈവ മുമ്പിൽ നില്ക്കും എന്നു അറിയുന്നതിനാൽ ഞാൻ ധന്യൻ തന്നെ എന്നു ചൊല്ലി പ്രാൎത്ഥിച്ചു പ്രാണനെ വിട്ടു കൎത്താവിന്റെ സന്തൊഷത്തിലെക്കു പ്രവെശിക്കയും ചെയ്തു.

ഒരു കീൎത്തനം.

കണ്ണു പൂവ്വത്തിന്റെ രീതി.

ജയ ജയ രാജൻ മഹാ പുരൊഹിത. ജയ ജയ മഹൽ പ്രവാചക ജയ. ഇടയനില്ലാതൊരജഗണങ്ങളിൽ കരളലിവുള്ള കരുണാവാരിധെ. തവപ്രജകളാമടിയങ്ങളുടെ കുലരിപു സൎപ്പ കുല ഗുരുവരൻ അധൊലൊകാധിപനരിയപന്നഗ വിഷ ജല മാരി പൊഴിഞ്ഞു ഞങ്ങളെ മരണ വാരിധൌ മുഴുകുമാറാക്കിയതുമൂലം ഭുവി മനുജകന്യയാം മറിയിലൊരു ശിശുവായി ഞങ്ങൾക്കു പരമതാതനാൽ തരപ്പെട്ടു ഭവാൻ മതി മയങ്ങിയൊരടിയങ്ങൾ മുന്നം പരമതാതന്റെ നിയമമാകവെ നിനവു കൂടാതെ നിരസിച്ചു മഹാ കൊടിയ ശാപത്തിലകപ്പെട്ടുകയാലതിൽനിന്നു ധരിപ്പതിന്നു ഞങ്ങൾക്കു പിണിയാളിയായിച്ചമഞ്ഞു നീ തന്നെ നിഖില നീതികൾ തികഞ്ഞു സാധിച്ചു മരണ സൈന്യത്തൊടണഞ്ഞു പൊരാടികുരിശിൽ നിന്നതിൻ തല ചതച്ചു നീ നിവൃത്തിയായെന്നു വിളിച്ചു ദെഹിയെ നിജ ജനക തൃക്കരെ സമൎപ്പിച്ചു മരിച്ചു ഗഹ്വരെ ശയിച്ചു ദെഹിയിൽ ഗമിച്ചു പാതാളമകത്തു പുക്കു നീ ജലരയെ കാരാഗൃഹത്തിലായവൎക്കുരച്ചു സുവിശെഷം പുറത്തു മൂന്നാന്നാൾ ശവക്കുഴിയിൽ നിന്നഹൊ പുറപ്പെട്ടു തനിക്കു മുന്നമുള്ളവരയും കണ്ടു സമസ്ത സൃഷ്ടിക്കു സുവാൎത്ത ഘൊഷിപ്പാനവൎക്കു കല്പന കൊടുത്തവർ കാണ്കെ പരത്തിലെറിപ്പൊയി. നിജ ജനകന്റെ വലത്തു ഭാഗത്തു ജയ ശ്രീ സമ്പദാ സമസ്ത ലൊകവുമടക്കി വാഴുവാൻ കരത്തിൽ ചെങ്കൊലും ശിരഃ കിരീടവും ധരിച്ചു കെസരീ പരമവിഷ്ടരെ വസിച്ചരുളുന്ന ത്രിവിഷ്ടവാധിപ സമസ്ത ലൊകെശ ജയ ജയ വിഭൊ. കുരിശിൽ നിൻ തിരുമരണം ജാഗ്രത നിഖില പാതക നിവിധശാന്തയെ അലമലം ജയ മഹാ പുരൊഹിത മഹാ പരിശുദ്ധരുധിരദായക. വിലെക്കു ഞങ്ങളെ ഗ്രഹിച്ചു കൊണ്ടു നീ പവിത്ര മന്ദിരഗൃഹസ്ഥരാക്കീട്ടു സമസ്ത സങ്കടമൊഴിച്ചു പൂതരായിപ്പരത്തിൽ വാഴുവാൻ പഠിപ്പു നല്കുന്ന പവിത്രാത്മാവിനെ അയച്ചു ഞങ്ങളെപ്പവിത്രമാക്കുന്ന മഹൽ പ്രവാചക. ജയ ജയ രാജൻ മഹാ പുരൊഹിത ജയ ജയ മഹൽ പ്രവാചക ജയ.

ജാതിവലിപ്പം.

സന്താന ഗൊപാലക രീതി.

ദക്ഷിണാസാഗരദ്വീപന്തന്നിൽലക്ഷണമുള്ളൊരുരാജൻ |
ലക്ഷംപ്രജകളെപാലിച്ചവനാസ്ഥയാമെവുന്നകാലം ||
ധമ്മശീലൻദയയാലെപണ്ടുധന്യനായുന്നൊരുമന്ത്ര്യൻ |
കമ്മബൊധംവെടിഞ്ഞത്രമഹാദുമ്മൊഹിയായ്മരുവുന്നു ||
വെട്ടയാടീടുന്നുനിത്യംതന്റെകൂട്ടരൊടുംകൂടവമ്പൻ |
തന്നുടെസ്വന്തമാംചൂരവനംവഞ്ചിച്ചെടുപ്പതിനായി ||
ചന്തമായ്യൊദിച്ചതാകെയവൻനെഞ്ചിലങ്ങെശായ്യയാലെ |
വഞ്ചതിയായയവൻതഞ്ചംനൊക്കിവഹ്നിയിട്ടാനവ്വനത്തിൽ ||
മാരുതാവെശനാശക്തിയതിഘൊരമായ്വീശിയതാലെ |
പാരംവിഷണ്ണനായിട്ടുകുറൊൻപാലകനൊടറിയിച്ചു ||
പക്ഷമൊഴിച്ചവൻകക്ഷികളെശിക്ഷയിൽവിസ്തരിച്ചപ്പൊൾ |
വമ്പൊടുടൻപ്രതിവാദിയൊക്കെഡംഭൊടെഏറെപറഞ്ഞു ||
നീചനായുള്ളകുറവൻമമമാനംകരുതായ്കമൂലം |
ഹീനക്കുതക്കതാംശിക്ഷയഹമെകിയെന്നിത്ഥമുണൎത്തി ||
അപ്പൊഴെരാജാവവനൊടതിന്നുത്തരമീവിധംചൊല്ലി |
എന്റെപിതാമഹന്മാക്കുനിന്റെമൂത്തച്ശനല്ലയൊപണ്ടു ||
കാഷ്ടങ്ങൾഖണ്ഡിച്ചുകൊണ്ടുനല്ലവിശ്വസ്തനായ്സെവചെയ്തു |
നീചനായൊന്നുതൊട്ടുമഹാശ്രെഷ്ഠകുലീനനായ്തീന്നു ||
സൽക്രീയയാലവൻമാനത്തിന്നുയൊഗ്യനായ്യന്നതെന്നൊക്ക് |
ദുഷ്ടനാംനീമരുവുന്നകുലംകെട്ടുതാണീടുമുടനെ ||
ദുവ്വിധംചെയ്യൊരുഗവ്വിമമളുവ്വിക്കപെകടമാകും |
ദുഃഖമാകുന്നിതെനിക്കുമഹാദുഷ്ടകുലീനന്റെഗവ്വം ||
എന്നിപ്രകാരംപ്രതിവാദിതാൻകെട്ടതിന്നുത്തരംചൊല്ലി |
നീചജാതിക്കാരുയന്നൊക്കുള്ളമാനമാചാരാദിയൊട്ടും ||
കാട്ടുകയില്ലതാലൊക്കുബഹുമാനംകൊടുക്കയസഹ്യം |
എന്നിങ്ങനെയഹംഭാവത്തൊടെചൊന്നനെരത്തന്നരെന്ദ്രൻ ||
നന്നിതുദുബ്ബുദ്ധികൾക്കുബുദ്ധിനെരാക്കുവാനുണ്ടുപായം |
ചാരകന്മാരെവരുത്തിചെത്തുവാദിപ്രതിവാദികളെ ||
നഗ്നമാക്കിപൊക്കിദ്ദൂരെയുള്ളദ്വീപാന്തരെകരയെറ്റി |
അദ്ദിക്കുവാസികൾമ്ലെച്ശർനരമാംസംഭുജിക്കുന്നനീചർ ||
വന്നവരെതിന്നൊടുക്കുമതിസന്തൊഷമൊടവർനിത്യം |
കക്ഷികൾസാഗരാതീരംപുക്കുചൂരൽവനത്തിലൊളിച്ചു ||
ദ്വീപരാകെവന്നുചുററിവനമാട്ടുവാനുന്തുടന്നപ്പൊൾ |
ശ്രെഷ്ഠകുലൊത്ഭവനായൊൻമഹാശീതവുംഭീതിയുംകൊണ്ടു ||
ബാധിതനായ്മരണത്തിൻഭയമെറിയമൂലമവനും |

നീചനായുള്ളകുറവൻതന്നെയാശ്രയിച്ചൊററിയൊളിച്ചു ||
കഷ്ടദുഃഖാംബുധീതന്നിൽദിനംപെട്ടവനായാകുറവൻ |
ഒക്കെസഹിച്ചുടൻചെലൊടൊരുചൂരലിൻകല്ലാമടഞ്ഞു ||
അപ്പൊഴട്ടത്തതിനീചർകയ്യിലീട്ടികളുംപിടിച്ചിട്ടു |
തച്ചൊട്ടക്കാനന്നെഞ്ഞപ്പൊൾഅതിയാശ്ചൎയ്യമാംകൃതികണ്ടു ||
വിസ്മയിച്ചൊട്ടവർപാൎത്തുനല്ലചിത്രപ്പണിക്കിരീടത്തെ |
ദീപ്തിപൂവാഴിക്കവൻനല്കിയതുശൊഭനമായവർകണ്ടാർ ||
ചിത്രമാംഭൂഷണംകിട്ടീട്ടവനാബാലവൃദ്ധംകൊതിച്ചു |
ശിക്ഷയിലഷ്ടികൊട്ടത്തുജയനിത്തമാടീടിനാരപ്പൊൾ ||
സ്വസ്ഥനായ്നിൽക്കുംകുലീനംകണ്ടുക്രുദ്ധിച്ചടിക്കുവാനൊങ്ങി |
നീചക്കുറകനുചരൽകൊത്തിക്കല്ലാവിനായൊരുക്കീടാൻ ||
കല്പിച്ചപൊലെശ്രെഷ്ഠന്തന്നുയിർരക്ഷിപ്പതിന്നാചരിച്ചു |
നീചക്കുറകന്റെവീട്ടിലിവൻനീളെപ്രവൃത്തികൾചെയ്തു ||
മിഞ്ചിയതുണ്ടുപജീവിച്ചവൻചഞ്ചലമൊടൊരുനാളിൽ |
ജാതനാകുന്നതാൽജാതിക്കൊരുനാളുംകുലീനതയില്ല ||
സൌമ്യഗുണപതിയായിട്ടുടൻകൈവെലചെയ്യുവൻശ്രെഷ്ഠൻ |
താപമുണ്ടായതൊൎത്തിങ്ങുമമമാനസെപാരമായിപ്പൊൾ ||
മുമ്പെയിരുന്നതിൽചെല്ലാൻമഹാതമ്പുരാൻകാരുണ്യമെകിൽ |
അമ്പൊടെമൽധനാഢ്യംഞാൻതവസ്വന്തമാക്കിത്തരുംസത്യം ||
എന്നിവണ്ണംകുലീനന്താനതിശാന്തവിനീതനായ്ചൊന്നാൻ |
ധൎമ്മപ്രിയനായരാജനവർജന്മദെശംപ്രവെശിപ്പാൻ ||
സന്ദെശമൊന്നങ്ങയച്ചുബഹുസന്തൊഷമൊടവർചെന്നു |
സൽഗുണയൊഗ്യനായ്വാണമഹാദുൎഗ്ഗുണനായകുലീനൻ ||
ഉന്നതിതാഴ്ത്തുംകുറവൻസഹവാസമെന്നുള്ളപഴഞ്ചൊൽ |
അന്നാട്ടിലിന്നുംനടക്കുന്നതുഇന്നാട്ടിലുംമഹാസാരം ||
എന്നാട്ടിലുംവിനീതൎക്കുഗതിസന്തൊഷമായ്വരുംനൂനം |

അനുസരണകെടിന്റെ ശിക്ഷ.

തുള്ളപ്പാട്ടു.

മതിമാന്മാരുടെഹിതവചനംഹൃദികരുതാതെമതികെട്ടുനടന്നാൽ |
മതിയാവൊളമനൎത്ഥംമനുജനുപരിതാപെനവരുംബഹുനൂനം ||
തെളിവായൊരുചരിതംഞാനധുനാകളികൂടാതെപറഞ്ഞറിയിക്കാം |
പണ്ടൊരുകൂൎമ്മാധിപനൊരുപൊയ്കയിലിണ്ടലകന്നുവസിച്ചാനനിശം |
ഞണ്ടുംമീനുകളുംപലതരമവനുണ്ടുസുഖെനഭുജിപ്പതിനെങ്ങും ||
തണ്ടലപ്പൊയ്കയിലരയന്നങ്ങളുമുണ്ടിരുവർനിജസഖിമാരവിടെ |
നീളക്കാലംജലമതിലിങ്ങിനെമെളിച്ചവനവിടെമരുവുമ്പൊൾ ||
വെനൽക്കാലമണഞ്ഞിഹതൊയംകാണാക്കാണെവാണ്ടുചമഞ്ഞു |

മെനിക്കുംബതമുങ്ങിയിരിപ്പാൻമാനകുറവുമണഞ്ഞുജലത്തിൽ ||
സങ്കടമിങ്ങിനെനെരിട്ടുളവിലകതണ്ടുകലങ്ങിനിനച്ചുതുടങ്ങി |
ഇണ്ടലൊഴിപ്പതിനെന്തിനിവെണ്ടതുകണ്ടീലൊരുഗതിയുണ്ടൊഭവാനെ ||
കുണ്ഠതപൂണ്ടുവലഞ്ഞവനവിടെനിജകണ്ഠമകത്തുവലിച്ചുകിടന്നു |
കച്ഛപവരനതിവിഹ്വലഹൃദയൻനിശ്ചയമെന്നുനിനച്ചുഖഗങ്ങൾ ||
ചിത്തമലിഞ്ഞരികെബതചെന്നവർമിത്രവിധെയമുരച്ചുപതുക്കെ |
കച്ഛപസുമതെമാകുരുശൊകംനശ്വരമെന്നുഭവിച്ചീലുലകം ||
പക്ഷികൾഞങ്ങൾസുഖെനവസിപ്പാന്തക്കജലാശയമുണ്ടറിയുന്നു |
പുഷ്കരമാൎഗ്ഗംകൊണ്ടുഗമിക്കാംയുക്തമുരപ്പതുകെൾക്കാമെങ്കിൽ ||
മിത്രഗിരംപുനരിങ്ങിനെകെട്ടവനത്തലകന്നെഴുനീറ്റുരചെയ്തു |
യുക്തമുരപ്പിനുരച്ചതുചെയ്യാമുത്തമമിത്രമിനിക്കിഹനിങ്ങൾ ||
പക്ഷികളിരുവരുമൊത്തൊരുനെരംതക്കൊരുകൊലവർകൊത്തിയെടുത്തു |
തിണ്ണമണഞ്ഞവനൊട്ടുരചെയ്തുതുണ്ഡംകൊണ്ടുകടിക്കമുറുക്കെ ||
മിണ്ടരുതെതുംവഴിയിലിദാനീംകൊണ്ടുപറന്നീടാമിനിഞങ്ങൾ |
ഇണ്ടലകന്നവർചൊന്നകണക്കെദന്തംകൊണ്ടുകടിച്ചഥതൂങ്ങി ||
പക്ഷികൾകൊലിന്നിരുതലകൊത്തിപുഷ്കരമാൎഗ്ഗെപൊകുന്നെരം |
പട്ടണവാസികളൊരുദിശിചിത്രംചിത്രമിതെന്നുകുതൂഹലമനസാ ||
ഘൊഷിച്ചാൎത്തൊരുകൊലാഹലമതുചാലകെട്ടുഭ്രമിച്ചഥകമഠം |
പക്ഷികളൊടിദമെന്തിങ്ങിനെപൃഛിപ്പാൻനിജകടിവാവിട്ടാൻ ||
തൽക്ഷണമിക്ഷിതിതന്നിൽവീണവനക്ഷണമവിടെനശിച്ചിതുകഷ്ടം.
ഒരുവൻമാത്രംമതിമാൻനമ്മുടെപരമപിതാവിൻതിരുമാറുടയൊൻ |
അവനുടെവചനംകരുതാത്തവനിക്കമഠംപൊലെഭവിക്കുംനിയതം.

വൈദ്യങ്ങൾ.

൧. ക്രമിക്കു. തിപ്പല്ലികായവിളംഗതുടീനാം. ചൂൎണ്ണമിദംമധുനാവിലിഹെതപാ. തൈകരസെനകുടിക്കിലിതന്നെ ചത്തുപുറപ്പെട്ടുമക്രിമിയൂഥം.

തിപ്പലി കായം. വിഷ്ടാലരി ഏലത്തരി ഇവ സമത്തൂക്കം പൊടിച്ചു തരി കളഞ്ഞു ഓരൊരൊ നെരത്തെക്കു കുട്ടികൾക്കു എങ്കിൽ ൩ വെള്ളിത്തൂക്കവും പുരുഷന്മാൎക്കു എങ്കിൽ ഇരട്ടിച്ചും എടുത്തു തെനും കഞ്ഞുണ്ണിനീരും കലന്നു കുടിച്ചാൽ വയററിലെ ക്രമിയുടെ ഉപദ്രവം പൊകും.

൨. ഹിംഗ്വാഷ്ടകം. തൃകടുകമജമൊജംസൈന്ധവംജീരകെദ്വെസമധരണധൃതാനാമഷ്ടമൊഹിങ്ഗുഭാഗഃപ്രഥമകബളഭൊജ്യഃസൎപ്പിഷാചൂൎണ്ണമെതൽജനയതിജഠരാഗ്നീംവാതഗുന്മംവിഹന്തി.

ചുക്കു ൧. മുളകു ൫ തിപ്പലി. ൯. അയമൊതകം. ൨ ഇന്തുപ്പ് ൫. ജീരകം. ൯ കരിഞ്ചീരകം. ൩. ഇങ്ങിനെ കഴഞ്ചി തൂക്കിയെടുത്തു എല്ലാം കൂട്ടിയതിന്റെ ശെഷം എട്ടാലൊരംശം കായവും ചെൎത്തു പൊടിയാക്കി കുട്ടികൾക്കു എങ്കിൽ ൧॥ കഴഞ്ചി(൩ വെള്ളിത്തൂക്കം) വലിയവൎക്കു എങ്കിൽ ഇരട്ടിച്ചു പശുവിൻ നെയ്യും കൂടി ഒരുരുളച്ചൊററിൽ കുഴച്ചു സെവിക്ക. ദഹനം ഉണ്ടാകും വാതഗുന്മനും നന്നു.

൩. മഹൊദരം. ചുക്കൊന്നുമൂന്നുകരുവെപ്പു പടൊലപത്ര്യന്നാലുകൊൾ കജ്ജരെഷ്വകഷായയൊഗെഇന്തുപ്പുശക്കരകൾ മെൽപ്പൊടികൊൾകപക്ഷെരാവെക്കിലുണ്ണുമതിനപ്പൊട്ടമുമ്പിൽവെണ്ടു.

ചുക്ക കഴഞ്ച ൧. കരുവെപ്പിൻ ഞരമ്പു കഴഞ്ച ൩. കാട്ടു പടൊലവള്ളി കഴഞ്ച ൪. കടുക്ക കഴഞ്ച ൪ നാനാഴിവെള്ളത്തിൽ കുറുക്കി എട്ടൊന്നാക്കി ഇന്തുപ്പും വെല്ലവും മെൽപൊടി ചെൎത്തു ഓരൊ നെരം ഒഴക്കീതു കുടിക്ക. രാത്രി മററെക്കഷായങ്ങൾ എന്നപൊലെ അത്താഴം കഴിഞ്ഞിട്ടല്ല അത്താഴത്തിന്നു മുമ്പെ കുടിക്കെണം.

൪. ദശമൂലം. ദശമൂലപഞ്ചകൊലന്ത്രിഫലാദന്തിത്രിവൃൾസിദ്ധന്തൊയമശഷംക്ഷപയെൽജ്വരാന്ന്യപിജ്ജാതപാഥാംസി.

ദശമൂലം എന്നതു പത്തിൻ വെർ. പത്ത എന്തു എന്നു താഴെ എഴുതുന്നു കുമിഴ. കുവളം. പാതിരി, വസ്സ്യാന. മുഞ്ഞ ഇവ അഞ്ചിന്റെയും വെരിന്മെൽ തൊൽ അശെഷം കളഞ്ഞു കാതൽ മാത്രം ചെൎക്കെണം. ഓരില. മൂവില. ചെറുവഴുതിന. വെള്ളൊട്ടുവഴുതിന. എന്നിവററിന്റെ വെരുകൾ. ഞെരിഞ്ഞിലും കൂട്ടിച്ചെൎത്താൽ ദശമൂലം തികഞ്ഞു. പഞ്ചകൊലം എന്നതു. തിപ്പലി. കാട്ടുതിപ്പലി വെർ. കാട്ടുമുളകിൻ വെർ. കൊട്ടുവെരിക്കിഴങ്ങ. ചുക്ക. ഇവ പഞ്ചകൊലം ആകുന്നു. ത്രിഫല. കടുകതാന്നിക്ക നെല്ലിക്ക. എന്നിവ മൂന്നു കായ്കൾ തന്നെ. ദന്തി. നാകദന്തി. ഇതു കിഴക്കുള്ള മലകളുടെ അരികിൽ ഉണ്ടാകുന്നു. അതിന്റെ വെരുകളത്രെ കൂട്ടെണ്ടതു. ത്രിവൃൾ ത്രികൊല്പകുന്ന തന്നെ. ഇവ ഒരൊന്നു തുല്യതൂക്കം എടുത്തു എല്ലാം കൂട ൧൦ കഴഞ്ച നാനാഴിവെള്ളത്തിൽ വെച്ചു കുറുക്കി ഉരി ആക്കി ഒഴക്കിച്ച സെവിക്ക മെൽപൊടിക്കു ഔചിത്യമായതു ചെൎത്തുകൊള്ളാം. മഹൊദരസ്യ.

൫. ഗന്ധവ്വഹസ്ത്യാദി കഷായം. ഗന്ധവ്വഹസ്തചിരിവില്വഹുതാശവിശപത്ഥ്യാപുനൎന്നവയവാഷകഭ്രമിതാലൈഃകപാഥ. സസൈന്ധവഗുളംപവനസ്യശാന്ത്യൈവ്വഹ്നെബ്ബലായരുചയെമലശൊധനായ.

ഗന്ധവ്വഹസ്തം ആമണക്കിൻവെർ; ചിരിവില്വം ആവിൻ തിരുൾ; ഹുതാശം കൊട്ടുവെരി കിഴങ്ങ; ഇവ കഷായത്തിന്നു കൂട്ടെണ്ടുന്ന മരുന്നുകൾ. മെൽപ്പൊടിക്കു ഇന്തുപ്പും വെല്ലവും തന്നെ. ഇതിനാൽ വായുകൊപം അടങ്ങും. അഗ്നിവൎദ്ധിക്കും. അന്നരുചി ഉണ്ടാകും. മലശുദ്ധിയും വരും.

൬. വീക്കത്തിന്നു ഒരു കഷായം. പുനൎന്നവാനിംബപടൊലശൃങ്ഗീതിക്താമൃതാദാവ്വ്യഭയഃകഷായഃസവ്വാംഗശൊഫൊദരകാസശൂലശ്വാസാന്വിതം പാണ്ഡുഗദംനിഹന്തി.

പുനൎന്നവം. തമിഴാമവെർ; നിംബം. വെപ്പിൻ തൊൽ; പടൊലം. കാട്ടുപടൊല വള്ളി, ശൃങ്ഗി. ചുക്ക; തിക്താ. പുത്തരിച്ചുണ്ടവെർ; അമൃതാ. ചിററമൃത; ദാവ്വീ. മരമഞ്ഞത്തൊൽ; അഭയം. കടുക്ക; ഇക്കഷായം സവ്വാംഗം വീക്കത്തിനും മഹൊദരത്തിന്നും ശൂലെക്കും. ചുമശ്വാസം മുട്ട പാണ്ഡുരൊഗം എന്നിവററിന്നു നന്നു.

൭. ഭദ്രാദി കഷായം. ഭദ്രാവെരൊരിലാംശ്ലിബലമുരടുകരിമ്പുംകരിമ്പനത്തുമ്പരത്താതിക്താവെർ മുന്തിരിങ്ങാ മുളയിലമധുകം ജീരകം ദെവതാരം ഇത്യൈഭിഃപെന്തനീരാൽ പിവതുശൃതജ്ജലം വായുവൈകല്യമെല്ലാംതീക്കും വീപ്പുമുടന്നരിയവിലക്കഞ്ചഹിധാഞ്ചമാററും.

ഭദ്രാ, ചെറുമുളവെർ, ഒരിലാംപ്ലി. ഒരിലവെർ, ബലമുരട്ട. കുറന്തൊട്ടിവെർ; കരിമ്പു. കരിമ്പനത്തുമ്പു, അരത്ത, തിക്താ പുത്തരിച്ചുണ്ടവെർ; മുന്തിരിങ്ങ, മുളഇല. കായലില, മധുകം. എരട്ടിമധുരം, ജീരകം, ദെവതാരം, ഇവ കഷായം വായുകൊപം വിലക്കം എക്കിട്ട ഇവ ശമിക്കും.

൮. വിലാദികഷായം. വിലാംചുണ്ടബലെക്ഷുചുക്കമധുകംകിരിയാത്തയംപ്ലാവിലാവൃന്തംജീരകദെവതാരുചുരാകൊത്തമ്പാലിമുദ്ഗംമലർജീവന്തീചെറുപൂളകൊവവരിഎന്നെഭിഃകഷായംഹരെൽവായുക്ഷൊഭരുജാദികാനപികുറെക്കാമൊട്ടുകാലൊചിതാൽ.

വിലാം. കൂവളം വെർ കാതൽ, പുത്തരിച്ചുണ്ടവെർ, ബലാകുറന്തൊട്ടിവെർ, ഇക്ഷു. കരിമ്പു. മധുകം. എരട്ടിമധുരം, കിരിയാത്ത. പിലാവില ഞെട്ടി, ജീരകം, ദെവതാരം, കാട്ടു ചുരവള്ളി, കൊത്തമ്പാലരി, ചെറുപയററിൻ പരിപ്പ, നെല്ലിന്മലർ, ജീവന്തി. അടകൊതിയൻ കിഴങ്ങു, ചെറുപൂളവെർ, കൊവക്കിഴങ്ങു, ശതാവരികിഴങ്ങു, ഇവററെ കൊണ്ടുള്ള കഷായം വായുവികൃതികൾക്കു നന്നു.

൯. സന്നിപാതപ്പനിയുടെ ഒരു ലക്ഷണം. തന്ദ്രീജാഗരകണ്ഠകൂജനതൃഷാ ശീതൊഷ്ണ മൂൎച്ഛാ ഭ്രമൈൎത്താഹാരൊചകഗാത്രഭംഗജഡതാമൂകതപ മൂൎദ്ധാൎത്തിഭിഃ പിത്താസൃഗപമനാക്ഷിഭെദരസനാകാൎശ്യ കൎണ്ണംമയൈജ്ജ്വാനീയാ ദൂപലക്ഷ്യസാധ്യകുശലൊയസ്സന്നിപാതജ്വരഃ

സന്നിപാതജ്വരം തുടങ്ങിയാൽ ഒമ്പതു ദിവസം കഴിവൊളം വൎജ്ജിക്കെണ്ടുന്നവ:—കുളിയും ഗുളവും നല്ല മധുവും തിലതൈലവും ഘൃതവും പശുവിൻ പാലും ദധിയും തക്രമെന്നിവ ജ്വരമങ്ങൊമ്പതിൽ പൂൎവ്വം സന്നിപാതസ്യഹെതവഃ—കുളിയും, വെല്ലവും, തെനും, എള്ളെണ്ണയും, പശുവിൻ നൈ, പാൽ, തൈർ, മൊർ, എന്നിവയും വൎജ്ജിക്കെണം.

൧൦. നവജ്വരെ ദിവാസ്വപ്നസ്നാനാഭ്യംഗാന്നമൈഥുനംക്രൊധപ്രവാതവ്യായാമകഷായാംശ്ചവിവൎജ്ജയെൽ.

പകലുറക്കം കുളിയും എണ്ണതെച്ചു കുളിയും ചൊറൂണും സ്ത്രീയൊഗവും ക്രൊധശീലവും കാററും അദ്ധ്വാനവും കഷായവെള്ളവും ഒഴിഞ്ഞിരിക്കെണം.

പനി വിട്ടുപൊയി എന്നറിവാനുള്ള ലക്ഷണം.

ദെഹൊലഘുവ്യപഗതക്ലമമൊഹതാപഃ പാകൊമുഖെ കരണസൌഷ്ഠവമവ്യഥാത്വംസ്വെദഃക്ഷവഃപ്രകൃതിയൊഗിമനൊന്നലിപ്സാകണ്ഡൂശ്ചമൂൎദ്ധ്നിവിഗതജ്വരലക്ഷണാനി. ശരീരത്തിന്നു കനം കുറക, തളൎച്ച, മൊഹാലസ്യം, ചൂട എന്നിവ ഒട്ടും ഇല്ലാതിരിക്ക, മനൊബുദ്ധ്യാദ്യന്തഃകരണപ്രസാദം കാണ്ക, വെദനാദുഃഖം തീൎന്നിരിക്ക. വിയൎപ്പുണ്ടാക, പൂൎവ്വ പ്രകൃതി പിന്നെയും ചെന്നു കാണ്ക, തുംബുക, അന്നശ്രദ്ധ ഉണ്ടാക, മൂൎദ്ധിയിൽ ചൊറിക, ഇവ പനി വിട്ടു പൊയതിന്നു അടയാളം ആകുന്നു.

൧൧. ആസപ്തരാത്രാത്തരുണജ്വരമാഹുചികിത്സകാഃ—മദ്ധ്യമംദശരാത്രന്തുപുരാണമത ഉത്തരം, ഏഴു രാത്രിയൊളം നവജ്വരവും പത്തുരാത്രിയൊളം മദ്ധ്യമജ്വരവും ശെഷം പുരാണജ്വരവും എന്നു വൈദ്യന്മാർ പറയുന്നു.

൰൨. പനിയുടെ പത്തു പദ്രവങ്ങളാവിതു, ശ്വാസഹിധ്മാഭ്രമാനാഹമദദൌ ൎബ്ബല്യകാമിലാഃഛൎദ്ദിഃകാസൊതിസാരശ്ചജ്വരസ്യൊപദ്രവാദശ, വീൎപ്പുമുട്ടൽ, എക്കിട്ട, ഭ്രമം, അടിവയർ വീക്ക, മദിക്ക, ബലം കെട്ടിരിക്ക, ശരീരം മഞ്ഞളിച്ചിരിക്ക, ഛൎദ്ദി ഉണ്ടാക, ചുമ, അതിസാരം എന്നിവയാകുന്നു.

ഒമ്പതു നാളിൽ ജ്വരമതു പെരുതായ്യൊണ്ടുവരണ്ടും ഛൎദ്ദി പെരുത്തും തല നൊവൊട്ട കുര ചെവിട്ടുമടക്കും ചിന്തീടിനതിയ്യൊട്ട ദെഹവുമാമെ, ബന്ധുക സദൃശം കണ്ണുമതാകും ബുദ്ധി മറക്കും നിദ്രയുമില്ല കഫവും പുണ്ണും വഴിയെ കാണാം മലമൂത്രാദികൾ ബന്ധിച്ചീടും ശ്വാസം ചിന്നമതുദരം മുപ്പതു നാളിലൊഴിക്കാം പാൎത്താൽ.

൰൩. വിഷ ചികിത്സ: ഉള്ളങ്കാലുംകണങ്കാലുമുഴങ്ങാൽകൂട്ടുഗുഹ്യവുംപൊക്കുക ക്ഷദ്വയംകണ്ണുംമൂക്കുനെററികവിൾത്തടംമൂൎദ്ധാവുമിങ്ങിനെവജ്ജ്യംസ്ഥലങ്ങളിവദംശനെ, കവുത്തുനെത്തുലന്നുള്ള, പുണ്ണാ കാണുകിൽ നല്ലതു വട്ടമിടരികെ വീങ്ങി ചുവക്കുന്നതു മണ്ഡലി തരിപ്പെട്ടു കൊഴുത്തൊരു ചൊര കാണ്കിലിരാലതു ഇവ എല്ലാം ഉളവായെങ്കിൽ വിയന്തിരനെന്നതു നിൎണ്ണയം.

കക്ഷത്തിനും ചെവിക്കീഴിലുള്ള കൈയിലുമഞ്ഞ സാവൎണ്ണങ്ങൾ കാണ്കിലും വന്നു മരണം തസ്യ നിൎണ്ണയം.

നസ്യം ചെയ്വാൻ ഒരു മരുന്നു. കായം വയമ്പു മുളകുള്ളി തിപ്പലി കായങ്ങൾ നാലും കുഴിയാന മുട്ടയും കൊട്ടം കിരാൽ പൂവകിൽകറാ ഏലവും കണ്ടിവെണ്ണയറിയാറു മമുക്കുരം തുമ്പാ എരിക്കില കള്ളിയില ഇവ ചൊല്ലുള്ള കല്ലുണ്ടി വെള്ളയാം നൊച്ചിയും ശംഖപുഷ്പത്തിലയും തുളസീദളം കിംശുക മാദളനാരകമെന്നുള്ള സാരമായുള്ള നീററിലരച്ചീടുക. നാരി പാലിൽ ചെൎത്തീടുക നസ്യവും.

പാതിരീടെവടക്കൊട്ടുപൊയവെമ്മത്തൊലിംഹരെൽ |
അരച്ചുപയസാതെപ്പുകുടിപ്പുനഷ്ടമാംവിഷം. ||

ഗൊവസൂരി പ്രയൊഗം.

ഇവിടെ ചുരുക്കമായി എഴുതിയതിൽ പലതും ഡാക്തർ സേഞ്ചി പഴനി ആണ്ടി എന്നവരാൽ തീൎക്കപ്പെട്ട പ്രബന്ധത്തിൽനിന്നു അവരുടെ സമ്മതത്തോടു കൂട എടുക്കപ്പെട്ടതു.

൧. കടുപ്പവും കൊടുമയും ഉള്ള വ്യാധികളിൽ ഒന്നു കുരുപ്പു (വസൂരി) തന്നെ. അതിനാൽ തറവാടുകൾ ഞെട്ടി നാടു മുഴവനും നടുങ്ങുന്നു. വസൂരി അല്ലെങ്കിൽ കുരുപ്പു എന്ന പെർ കെട്ടാൽ പലക്കും കൊൾമയിർ പിടിച്ചു പൊകുന്നു. എന്നാൽ അതിനെ കുറിച്ചു എപ്പൊൾ എങ്കിലും സംസാരിക്കാതെ ഇരിപ്പാൻ കഴിയായ്കയാൽ, ആ വീട്ടിൽ അമ്മ നൊവുണ്ടു, എന്നും, അവിടെ അമ്മ വിളയാടുന്നു എന്നും, അമ്മ കൂടി പൊയി എന്നും മറുവാക്കായിട്ടു പല ഇടങ്ങളിൽ കെൾപ്പാറുണ്ടു, ആ അമ്മയും അവളുടെ വിളയാട്ടും ആകട്ടെ കാളി, ഭദ്രകാളി, ദെവി, ഭഗവതി, ശ്രീ കുറുമ്പ മുതലായ നാമധെയങ്ങളാൽ കുറിക്കുന്ന വീര ഭദ്രന്റെ ശക്തിയൊ ഭാൎയ്യയൊ തന്നെ. ആയതു പാൎവ്വതി എന്നും പറയാം. ഠരം ദേവി ആകുന്നു ഇങ്ങിനെത്ത കടുമയുള്ള വ്യാധിയെ കൊണ്ടു മനുഷ്യരെ ഞെരുക്കി ഞെരിച്ചു കളയുന്നതു എന്നു വെച്ചു ചാററപ്പെട്ട അ

വളുടെ ചീററത്തെ ശമിപ്പിപ്പാൻ വേണ്ടി മുങ്കാലങ്ങളിൽ നരമേധങ്ങളെ കഴിച്ചതു കൂടാതെ, ഇനിയും ഏറിയ ബലികളെ കഴിച്ച അവളെ പല പ്രകാരത്തിൽ ഭയപ്പെട്ടു സേവിച്ചു നടക്കുന്നതും, ഓരൊ കുമ്മാട്ടികളെ കൊണ്ടാടുന്നതും ഉണ്ടു. അതു നിഷ്ഫലവും ദോഷവും മനുഷ്യൎക്ക അയൊഗ്യവുമുള്ള സേവ അത്രെ. എല്ലാ വ്യാധി പാപത്തിന്റെ കൂലിയും സൎവ്വശക്തനായ ദൈവത്തിന്റെ ശിക്ഷയും ആകുന്നു എന്നു നാം സമ്മതിച്ചിരിക്കേ, പിശാചു ദുൎഭൂത ഭയത്തെയും പാപവഴികളെയും വിട്ടു ലൊക രക്ഷിതാവായ ക്രിസ്തുമൂലമായി അവനൊടു നിരന്നു വരാതെയും, അവനൊടു പ്രാൎത്ഥിച്ചു അപെക്ഷിക്കാതെയും അവനെ സേവിക്കാതെയും ഇരിപ്പതെങ്ങിനെ? ദൈവം നമുക്കു വെണ്ടി ഉണ്ടെങ്കിൽ നമുക്കു എതിർ ആർ? സ്വന്ത പുത്രനെ ആദരിയാതെ നമുക്കു എല്ലാവൎക്കായിട്ടും ഏല്പിച്ചവൻ ഇവനൊടു കൂടെ സകലവും നമുക്കു സമ്മാനിയാതിരിപ്പതെങ്ങിനെ? എന്നു വിശുദ്ധ വേദത്തിലെ അരുളപ്പാടാകുന്നു. ആയവനെയും അവന്റെ കരുണയെയും നാം എല്ലാവരും രുചിനൊക്കി അറിഞ്ഞു, അവന്റെ നിഴലിൻ കീഴാശ്രയിച്ചു കൊണ്ടു അവനെ വ്യൎത്ഥ സേവയാൽ വൈരാഗ്യപ്പെടുത്തരുതെ.

൨. ദീനം പാപ കൂലിയും ദെവശിക്ഷയും ആകുന്നത കൂടാതെ എല്ലാ ദീനത്തിന്നും നമ്മുടെ ബുദ്ധിക്കു വിളങ്ങുന്ന ഓരൊ സംഗതികൾ അന്വെഷിപ്പാനും നമ്മാൽ ആകുന്നേടത്തൊളം തടുപ്പാനും നാം കടക്കാരത്രെ. കുരുപ്പിന്നു ദുഷിച്ചുപൊയ ചൊരയും കെട്ട ആകാശവും ഹെതുക്കൾ ആകുന്നു എന്നു വിദ്വാന്മാർ പറയുന്നു. അവരവർ താന്താങ്ങളുടെ വീടു മുററം പറമ്പു ഇത്യാദികളെ എപ്പൊഴും വെടിപ്പാക്കിയാൽ, അടുക്കെ കെട്ട ആകാശം മാറും. പതിവായി തെച്ചു കുളിച്ചു, ഭൊഗേഛകൾക്കും കുടിക്കും താന്താങ്ങളെ ഏല്പിക്കാതെയും, അനാവശ്യമായി ഉറക്കിളക്കാതെയും, പഴയ ചൊറ ഉണ്ണാതെയും, പതിവായി സൌഖ്യമുള്ള ഭക്ഷണം കഴിച്ചുവന്നാൽ നമ്മുടെ ചൊര എളുപ്പത്തിൽ ദുഷിച്ചുപൊകയില്ല. എന്നാൽ നട്ടുടെ പരന്ന കെട്ട ആകാശത്തെയൊ വിഷകാററുകളെയൊ നമ്മാൽ മാററിക്കൂടാ എങ്കിലും, ഈ ദീനം നമ്മുടെ ശരീരത്തിൽനിന്നു തന്നാലെ ഉണ്ടാകയൊ മററവരിൽനിന്ന പകൎന്ന വരികയൊ ചെയ്യാതെ, ദയാലുവായ ദൈവം മനുഷ്യൎക്ക കാണിച്ച വഴിയെ അനുസരിച്ചു നീക്കുപൊക്കിനെയും കൈക്കൊള്ളെണ്ടതു.

൩. അതെങ്ങിനെ എന്നാൽ യുരൊപ്പയിൽ മനുഷ്യൎക്ക കുരുപ്പു കഠിനമായി നടന്നു. ഏറിയവർ ചാകുന്ന കാലത്തു, വസൂരിയുള്ള പശുക്കളെ കറക്കുന്നവൎക്ക അവററിന്റെ ചുരുന്നലിന്മെൽ ഉള്ള മണികൾ ഉടഞ്ഞു, വസൂരിനീർ കൈയിൽ പെട്ടു ഓരൊമണികൾ പൊന്തിവരികയല്ലാതെ, അവൎക്ക കുരുപ്പു പിടിക്കുന്നില്ല എന്നും കണ്ടിരിക്കുന്നു. ഈ വിശെഷത്തെ ജെന്നർ സായ്പു എന്നൊരു ഇങ്ക്ലിഷ വൈദ്യൻ കെട്ടു, വസൂരിയുള്ള പശുക്കളിലെ ചുരുന്നമെലെ മണികളെ ഉടെച്ചു, അതിലെ ഗൊവസൂരിനീരിനെ എടുത്തു, മനുഷ്യരുടെ മെൽകൈത്തണ്ടിന്റെ തോലിനെ കുറെ കീറി ഇത്തിരി ഗോവസൂരിനീർ അതിൽ ചെലുത്തി, ഇങ്ങിനെ ൨൦ വൎഷം പരീക്ഷ കഴിച്ചു അതിനാൽ ഉണ്ടാകുന്ന നന്മയെ കണ്ടറിഞ്ഞ ശെഷം, ഈ പുത്തൻ കാൎയ്യത്തെ പ്രസിദ്ധമാക്കി, സംശയക്കാൎക്ക ബൊധം വരുത്തുകയും ചെയ്തു. അന്നുതൊട്ടു യുരൊപ്പ്യക്കാൎക്ക ക്രമത്താലെ സംശയം നീങ്ങി പൂൎണ്ണ സ

മ്മതം വന്നതു കൂടാതെ, എല്ലാ സൎക്കാരുകൾ താന്താങ്ങളുടെ കുടികളുടെ ജീവനെ രക്ഷിക്കേണ്ടതിന്നു ഗോവസൂരിനീർപ്രയോഗത്തെ കല്പനയാൽ എല്ലാ കുടിയാന്മാരിൽ നടത്തിവരുന്നു. ആയതിന്നു ഇങ്ക്ലിഷിൽ വെക്സിനേഷൻ എന്നും അതിനെ വെക്കുന്നവൎക്കു വെക്സിനേത്തർ എന്നു ചൊല്ലുന്നു.

൪. എന്നാൽ ഗോവസൂരി പ്രയോഗത്താൽ വരുന്ന നന്മകളെ കേൾപ്പിൻ.

൧. യൂരൊപ്പയിൽ ആ പ്രയോഗം നടപ്പായ നാൾ മുതൽ കൊണ്ടു വസൂരിവ്യാധി എത്രയും കുറഞ്ഞുപോയി ഏറിയ മനുഷ്യൎക്കും ജീവരക്ഷ ഉണ്ടാകുന്നു. വല്ല നാട്ടിലും അതിന്മേലെ ഉത്സാഹം ഇല്ലാഞ്ഞാൽ, കുരുപ്പു പിന്നെയും കലശലായിട്ടു അതിക്രമിച്ചു കാണ്മാറുമുണ്ടു.

൨. മിക്കപെൎക്കു ഗോവസൂരി വെച്ചതിനാൽ ഒരം ദീനം കൊണ്ടുള്ള ഭയം ക്ഷയിച്ചു കുരുപ്പുകാരെ നൊക്കുവാൻ ശങ്കയുമില്ല.

൩. ഗോവസൂരി വെച്ചവൎക്കു കുരുപ്പു ഉണ്ടായാലും, വിഷമിച്ചു പൊകയില്ല; ദുൎല്ലഭമായി ഏതാണ്ടൊരാൾ മരിക്കും.

൪. പൊതുവായ കുരുപ്പു പൊരുത്ത പിൻ ഉണ്ടാകുന്ന വല്ലാത്ത പനി, ചൊര പൊക്കു, മുതലായ വ്യാധികളും, കൂനു, കുരുട്ടു, മുടന്തു ഇത്യാദി കേടുകളും ഗോവസൂരി വെപ്പിച്ച കുരുപ്പുകാരിൽ വ്യാധി ശമിച്ച ശെഷം കാണ്മാറില്ല.

൫. ആയതിനെ ദൃഷ്ടാന്തപ്പെടുത്തുവാൻ പൊകുന്നു.— തെക്കെ പരന്ത്രീസ്സ രാജ്യത്തിലെ മൎസ്സില്ല്യ എന്ന ൪൦,൦൦൦ നിവാസികളുള്ള പട്ടണത്തിൽ ൧൮൨൮ാമതിൽ കൊള്ള കുരുപ്പുണ്ടായി. അതിൽ:

ആൾ തുക.	ദേഹക്രമം.	കുരുപ്പു പിടിച്ചവർ.	കുരുപ്പിനാൽ ചത്തവർ.	നൂററിൽ ആൾ.
൩൦൦൦൦	ഗോവസൂരി വെപ്പിച്ചവർ	൨൦൦൦	൨൦	൨
൨൦൦൦	മുമ്പെ കുരുപ്പുണ്ടായവർ	൨൦	൪	൨൦
൮൦൦൦	ഗോവസൂരിവെപ്പിക്കാതെയും മുമ്പെ കുരുപ്പില്ലാതെയുമുള്ളവർ	൪൦൦൦	൧൦൦൦	൪൦

വെറെ ഒരു പട്ടിക കാണിക്കാം.

ഗ്രെഗൊരി സായ്യ എന്നൊരു ഇങ്ക്ലിഷ വൈദ്യന്റെ കുരുപ്പു ദീന പുരയിൽ ൧൮൪൧-ാം തൊട്ടു ൧൮൫൧-ാം വരെക്കും ഇങ്ങിനെ പത്തു വൎഷത്തിൽ കണ്ട കണക്കാവിതു.

കുരുപ്പുക്കാർ ആകെ.	ദെഹക്രമം.	മരിച്ചവർ ആകെ.	നൂററിൽ ആൾ.
൧൭൨൨	ഗോവസൂരി വെപ്പിക്കാത്തവർ	൬൨൯	൩൭
൩൬	മുമ്പെ കുരുപ്പുണ്ടായവർ	൬	൧൭
൧൬൬	ഗോവസൂരി വെച്ചു കലയില്ലാത്തവർ	൫൬	൩൪
൨൧൬൭	ഗോവസൂരി വെച്ചു കലയുള്ളവർ	൧൪൭	൭

എന്നാൽ ഏറിയ വിദ്വാന്മാരും അനുഭവസ്ഥന്മാരും പറയുന്ന ന്യായത്തിന്നു ബുദ്ധിക്കു നെരെ തൊന്നുന്ന അക്കങ്ങളാലും തെളിവു വരുന്നു പൊൽ.

൬. ഒരം നന്മ മലയാളികളായ നമുക്കും ഉപകാരമായി വരെണ്ടതിന്നു നമ്മുടെ സൎക്കാർ നന്ന പ്രയാസപ്പെട്ടു പണചെലവു അഴിച്ചു വന്നിട്ടും, സൎക്കാർ ചെയ്യിക്കുന്നതു നന്മ തന്നെ എന്നു പലൎക്കും ഇതുവരയും തൊന്നാതെ വെക്സിനെത്തരിന്നു അമ്മകുത്തുവൻ, കൈക്കുത്തുകാരൻ, കൈമുറിക്കാരൻ, കൈ കീറുന്നവൻ എന്ന പെർ ഇട്ടു അകിറുന്ന കുട്ടികളെ ഇവരെ കൊണ്ടു പെടിപ്പിച്ചു മിണ്ടാതാക്കി, വെക്സിനെത്തരിന്റെ വരവു കെട്ടാൽ കുട്ടികളും ബാല്യക്കാരും ഓടിക്കളകയും, അച്ഛനമ്മമാർ കുട്ടികളെയും മററും ഒളിപ്പിക്കയും, പലരും ഒരം വസൂരി നീർ പ്രയൊഗത്തിന്നു വിരൊധമായി സംസാരിക്കയും, കളിക്കായിട്ടു ഓരൊരുത്തരെ ഭയപ്പെടുത്തുകയും ചെയ്യാറുണ്ടു. കുരുപ്പിനാൽ എത്ര ആൾ ഒരം നാട്ടിൽ പട്ടുപൊകയും എത്ര വീടുകളിലും പുരകളിലും പുലമ്പലും കണ്ണുനീരും ഉണ്ടാകയും ചെയ്യുതു! നിങ്ങളിൽ ആക്കെങ്കിലും ഗൊവസൂരി വെപ്പിക്കാതെ സ്വന്ത ഉപെക്ഷയാൽ കുരുപ്പു പിടിക്കുമ്പൊൾ പലരെ ഉതവി ഇല്ലാതെ വിട്ടതുപൊലെ നിങ്ങളും എല്ലാവരാലും ഉപെക്ഷിക്കപ്പെട്ടവരായി മരിപ്പാൻ സംഗതി വരരുതല്ലൊ.

ആകയാൽ നാം ഒട്ടുക്കും വിശെഷിച്ചു സ്ഥാനം ധനം പഠിപ്പു മുതലായവററാൽ മുമ്പരായവർ എല്ലാവരും ഒരം നന്മ നാട്ടിൽ നടപ്പാകെണ്ടതിന്നു ഉത്സാഹിക്ക. കൃഷിക്കാരൻ വിതെച്ച ധാന്യത്തെ അനുഭവിക്കുന്നതു പൊലെ നമുക്കും ഒന്നാമത്തെ അനുഭവം ഉണ്ടാകുന്നതു കൂടാതെ പരമോപകാരം ചെയ്വാനും ഇട ഉണ്ടു.

അതു തന്നെ അല്ല വലിയ ജന്മികളും മററും സൎക്കാരൊടു അപെക്ഷിച്ചാൽ ഓരൊ വെക്സിനെത്തരെ അവിടവിടെ നാട്ടിന്റെ നന്മക്കായി ഉറപ്പിപ്പാൻ സൎക്കാരിന്നു മനസ്സുള്ള പ്രകാരം കൊഴിക്കൊട്ടു ഗവൎമ്മന്തു ഗജെട്ടിൽ കണ്ടിരിക്കുന്നു. ആ കാൎയ്യം എങ്ങിനെ എന്നു അന്വെഷിച്ചാൽ നന്നു.

൭. നമ്മിൽ ഏറിയവൎക്കു ഒരം നന്മയിൽ പങ്കു വെണമെന്നു വിചാരിച്ചു ഗൊവസൂരി വെക്കപ്പെട്ടവാൻ മനസ്സുള്ളവൎക്കു അനുസരിക്കെണ്ടുന്ന ചില ക്രമങ്ങളെ പറയുന്നു.

1. ശരീര സൌഖ്യമുള്ളവൎക്കെ ആവു.

2. ൩ മാസം തൊട്ടു ൬ മാസം അകമുള്ള പൈതങ്ങൾക്കു വെക്കുന്നതു ഉത്തമം; അധികം വയസ്സായാൽ മാന്തുകയും ചൊറികയും ചെയ്യും.

3. ആറാം മാസം കഴിഞ്ഞാൽ കുട്ടികൾക്കു പല്ലു മുളക്കുന്നതു കൊണ്ടു, ആ വരുത്തം കഴിഞ്ഞിട്ടെ വെക്കാവു.

4. ചൊറി, ചിരങ്ങു, മന്തു, മുതലായ തൊൽവ്യാധിയുള്ളവൎക്കു വെച്ചു കൂടാ; സൌഖ്യമായ ശെഷമെ കൂടും.

5. ഒന്നാം കുറിവെച്ചിട്ടു ഫലിക്കാഞ്ഞാൽ, ഫലിക്കുവൊളം വെപ്പിക്കെണ്ടതു. മൂന്നു നാലുവട്ടം നല്ല ഗൊവസൂരിനീർ ചെലുത്തീട്ടും മണി പൊന്താഞ്ഞാൽ, അങ്ങിനെയുള്ള ദെഹത്തിൽ ആയതെങ്കിലും കുരുപ്പെങ്കിലും ഫലിക്കുന്നില്ല നിശ്ചയം.

൮. ഗൊവസൂരി വെച്ച ശെഷം കാക്കെണ്ടതു:

1. കീറിവെച്ച സ്ഥലത്തെ കഴുകാതെയും പൊന്തുന്ന മണികളെ തൊടാതെയും ചെതം നെരിടാതെയും സൂക്ഷിക്കെണ്ടതു.

2. എട്ടു ദിവസം കഴിവൊളം വലിയവർ കുളിക്ക എങ്കിലും കുട്ടിയെ കുളിപ്പിക്ക എങ്കിലും അരുതു. പിന്നെ ആവശ്യമായാൽ കുളിക്കാം.

൯. ഗൊവസൂരി വെച്ച പിൻ മണികൾ പൊന്തിവരുന്ന ക്രമത്തെ അറിയാത്തവർ കണ്ടാൽ ബുദ്ധിമുട്ടി പൊകാതെ ഇരിപ്പാൻ വെണ്ടി ചുരുക്കത്തിൽ വിവരിക്കാം.

ഗൊവസൂരി നീർ സൌഖ്യമുള്ള ശരീരത്തിൽ പതിക്കപ്പെട്ടാൽ രണ്ടാം ദിവസത്തിൽ കീറൽ അല്പം പൊന്തി കാണാം. മൂന്നാം നാളിൽ ഭൂത കണ്ണാടി (ഏററവും ചെറിയ വിഷയത്തെ വലുതായി കാണിക്കുന്ന ഒരു വക കുഴൽ) കൊണ്ടു നൊക്കിയാൽ, ചെറിയ വരകരി പൊലെ അതിന്റെ പരപ്പിലും കാണാം. അഞ്ചാമതിൽ മുത്തു ആകൃതിയായിട്ടു വെളുമ്പു തുടിച്ചിട്ടും നടുവിൽ കുഴിഞ്ഞിട്ടും ഇരിക്കും. എട്ടാം നാളിൽ മണി പൊന്തി വട്ടമിട്ടു തെളിഞ്ഞ നീർ നിറഞ്ഞു തികഞ്ഞിരിക്കുന്നു. നീരിന്റെ നിറം വെളുത്തിട്ടും മഞ്ഞളിച്ചിട്ടും കാണും. മണിയുടെ വടിവും തറയും കുരുപ്പുമണിക്കു ഒക്കും. എന്നാൽ മണിയുടെ വക്കു തടിച്ചിട്ടും ഉറച്ചിട്ടും മിനു മിനുക്കമായി ചക്ര വടിവിലും, ചക്രത്തിന്റെ വട്ടയിൽനിന്നു കുമ്പത്തൊളം ആരക്കാൽ ചെല്ലുന്നതു പൊലെ മണിയുടെ വക്കിൽനിന്നു ഓരൊ കോട്ടുകൾ നടുവൊളം ചെന്നു, നടു കുഴിഞ്ഞും കറുത്തും ഇരിക്കും. ഠരം നടുവിൽ ചെറിയ അറകളും അവററിൽ വസൂരിനീരും ഉണ്ടു. അറകളിൽ ഒന്നു കുത്തിയാൽ അതിലുള്ള നീർ ഒലിച്ചു വരികയല്ലാതെ മണി മുഴവനും ചാമ്പുന്നില്ല. എട്ടാം നാളിൽ വൈകുന്നെരം മണിയടിയിൽ കെട്ടി വരുന്ന ചുകന്ന വളയം ഒമ്പതാം പത്താം നാൾവരെ പെരുകും. ആയതു വാട്ടമായി കുറുക്കളവിൽ ഒന്നു തൊട്ടു മൂന്നു വിരലൊളം പരന്നിരിക്കും. പതിനൊന്നാം നാളിൽ വളയം വാടി രണ്ടു മൂന്നു വളകൾ നീല നിറത്തിൽ ഉളവാകും. ഇതിന്നു മുമ്പെ മണി പൊട്ടി അതിന്റെ മുഖം കറുക്കും തിങ്ങിനിന്ന നീർ കലങ്ങി ഒന്നൊടൊന്നു വാൎന്നും പൊകും. രണ്ടു വാരത്തിന്റെ ഒടുവിൽ മണി ഉറെച്ചു തിരണ്ടു ചെങ്കറപ്പുള്ള പൊററയായി ചുരുങ്ങി ഉലൎന്നു കറുത്തിട്ടു ൨൰ാം നാളിൽ അടൎന്നു വീഴും. മണി പൊന്തിയിരുന്ന ഇടത്തിൽ ഉണ്ടാകുന്ന വട്ട തഴമ്പു മരണത്തൊളം മാഞ്ഞു പൊകാതെയും, മണിയുടെ അറകളുടെ തുകയിൽ വ്യ, ൰൦, ൰൨ ചെറിയ കുഴികൾ പതിഞ്ഞും ഇരിക്കുന്നു.

൰. മെൽ പറഞ്ഞ ലക്ഷണങ്ങൾ കൂടാതെ ചിലരുടെ ശരീരത്തിൽ ഓരൊ ഒത്തുണൎവ്വു ഗുണങ്ങൾ കാണ്മാറുണ്ടു.

വഴക്കമായി ൭-വ്യാം ദിവസത്തിൽ തലനൊവും മെൽകാച്ചൽ, പനി മുതലായ ലക്ഷണങ്ങളെ കണ്ടാലും രണ്ടാം വട്ടം കുരുപ്പുള്ളവരുടെ പനിക്കു ഒക്കും. ചിലൎക്കു ന-ര്ാം നാളിൽ പനിപിടിക്കും തൊളിലെ കഴല തുടിക്കാറും ഉണ്ടു. പിന്നെയും ചിലൎക്കു യാതൊരു വരുത്തം കൂടാതെ മണികൾ കുറവില്ലാതെ പൊന്തും. കോട കൊപ്പുളങ്ങൾ (Vaccine lichen) എന്നു ഒരു വക പെനിൽ ചൂടു ചിലരുടെ കാൽ കൈകളിൽ കണ്ടു ഉടലിൽ പരക്കും. ആയതു ഏറക്കുറയ ഒരാഴ്ചവട്ടത്തിൽ തിരണ്ടു പതിഞ്ഞു മറയും ദെഹ പുഷ്ടിയുള്ള കിടാങ്ങൾക്കു കീറിവെച്ച മണി അധികം പൊന്തി പഴുപ്പു ഒലിച്ചു കൊണ്ടിരുന്നാൽ ഠരം വക കോടകൊപ്പുളങ്ങളെ കാണ്മാറുണ്ടു, ഇതു തന്നാലെ ഉണ്ടാകയും അതാത ദെഹത്തിന്റെ അഴല്പ പൊലെ സൎവ്വാംഗത്തിന്നു പിടിച്ചിരിക്കയും ചെയ്യുന്നു എങ്കിലും കുരുപ്പാകുന്നു എന്നു നിശ്ചയിക്കെണ്ടതല്ല.

൰൪. എന്നാൽ ഗൊവസൂരി വെച്ചു, നല്ലവണ്ണം മണി പൊന്തിവന്നവൎക്ക പല സംഗതികളാൽ ഗൊവസൂരിനീരിൻെറ വീൎയ്യവും അതിനാലുള്ള അനുഭവും കുറഞ്ഞു പൊകുന്ന പ്രകാരം വിദ്വാന്മാർ കണ്ടതിനാൽ ൧-൰൦-൰൪ കൊല്ലം കഴിഞ്ഞിട്ടു പിന്നെയും പുതുതായി ഗൊവസൂരി വെക്കെണം എന്നു പറയുന്നതല്ലാതെ ഗൊവസൂരി നീർ വീണ്ടും ചെലുത്തിയവൎക്ക ഉണ്ടാകുന്ന സൌഖ്യാവസ്ഥ പല നാട്ടിലെ കണക്കുകളാൽ തെളിഞ്ഞു വരുന്നു താനും.

൰൫. നാം ഇപ്പൊൾ നിങ്ങളുടെ മുമ്പാകെ ഗൊവസൂരിപ്രയൊഗത്തിൻെറ നന്മയും ഉപകാരവും വെച്ച ശെഷം നിങ്ങളൊടു വിട കൊള്ളുന്നു. നിങ്ങൾ എല്ലാവരും താമസം കൂടാതെ നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും മറ്റും ഗൊവസൂരി വെപ്പിപ്പിൻ അപ്പൊൾ അയൽവക്കത്തൊ മറ്റൊ ആൎക്കെങ്കിലും കുരുപ്പ കണ്ടാൽ നിങ്ങൾ വീടുവിട്ടു ഓടിപൊകയൊ കുരുപ്പ പിടിച്ചവരുടെ ഇടയിൽ ഇരുന്നു ഭയപ്പെടുകയൊ ചെയ്യാതെ ധൈൎയ്യത്തൊടിരിക്കും. ഠരം പ്രയൊഗം മുമ്പെ ഉണ്ടായിട്ടില്ലല്ലൊ എന്നു പറയരുതെ. പണ്ടെയുള്ള പിതാമഹന്മാർ ചാളയിൽ പാൎത്തിനാൽ നാമും പാൎക്കെണം എന്നുണ്ടൊ? നന്മയെ തടുക്കുന്നവൻ തൻ പകയനത്രെ:

ദൈവ സഹായവും അനുഗ്രഹവും ഉണ്ടായിട്ടു ഗൊവസൂരിപ്രയൊഗത്തെ ക്രമ പ്രകാരം നാട്ടിൽ എങ്ങും നടത്തിയാൽ കുരുപ്പും അതിനാലുള്ള ചാവും കൊല്ലംതൊറും കുറഞ്ഞു കുറഞ്ഞും ഏകദെശം ഇല്ലാതാകും എന്നു തെറിയിരിക്കുന്നു.

ശെഷം എല്ലാം ദൈവത്തിൻെറ അനുഗ്രഹത്തിൽ ഇരിക്കുന്നു എന്നു ഓൎക്കെണമെ—ഗൊവസൂരി പ്രയൊഗത്തെ മനുഷ്യൎക്ക തൊന്നിച്ച ദൈവത്തിന്നു സ്തൊത്രവും മഹത്വവും ആവൂ.

ഒരു സങ്കടം.

നമ്മുടെ മലയാള നാട്ടിലെ പല ദിക്കുകളിലും ശവസംസ്കാരത്തെ വെടിപ്പൊടും മനുഷ്യൎക്ക പററുന്ന പ്രകാരവും നടത്താതെ.

൧. കൊള്ള കുരുപ്പും, കൊള്ള തലതട്ടി ദീനവും നാട്ടിൽ ബാധിച്ചാൽ, പുഴ തൊടു പൊട്ടക്കുളം കുററിക്കാടു മുതലായ ഇടങ്ങളിൽ ശവങ്ങളെ നല്ലവണ്ണം കുഴിച്ചിടാതെ കുറെ മണ്ണു ഇട്ടു മൂടി ഇടുന്നതു മഹാ സങ്കടം.

൨. ഇങ്ങനെത്ത ദീനങ്ങളാൽ പട്ടു പൊയവരെയും ഇല്ലാത്തവരും സാധുക്കളും തങ്ങളുടെ മരിച്ചവരെയും കുഴിച്ചിട്ടാലും കുഴിക്കു പലപ്പൊഴം വെണ്ടുന്ന നീളവും അകലവും ഇല്ലായ്കയാൽ, തടി ഇറക്കി ഒതുക്കുന്നതും, ഒരു മുളമെ ആഴത്തിൽ വെട്ടുന്നതിനാൽ തുൎത്ത മണ്ണു കുറുക്കന്മാരും നായ്ക്കളും മാന്തീട്ടു കഴ കുറുനരി നായ്ക്കളും വലിച്ചു കപ്പാറമുണ്ടു. പൊട്ടക്കുളങ്ങളിലും പുഴകളുടെ വക്കത്തും പാതി മാന്തിയ മടകളും, അട്ടക്കെ കോടി മുണ്ടിൻെറ തുണ്ടും വാർ മുടിയും തലമുടിയും മററും കൂടാതെ, അവിടവിടെ തലമണ്ട തലയോടു കൈത്തണ്ട വാരിയെല്ലു ഒക്കു (ഉക്കം) കാൽത്തണ്ട മുതലായ എല്ലുകളെ വെയിൽ മഴകളാൽ വെളുത്തു കിടക്കുന്നതും, കഴുകന്മാരും നായ്ക്കളും തമ്മിൽ പൊരാടി പിണ്ഡത്തെ വലിച്ചു കീറുന്നതും, അടുക്കുന്ന മനുഷ്യനൊടു നായ്ക്കൾ ചൊ

ണെ കാണിച്ചതും കൂട കണ്ടു അനുഭവിച്ചിരിക്കുന്നു. ഹാ, എന്തൊരു സങ്കടവും ദുഃഖവുമുള്ള കാൎയ്യവും നാററവും! ഇങ്ങിനെ ചെയ്യാൻ തക്കവണ്ണം മനുഷ്യൻ ഇത്ര നിസ്സാരനും നികൃഷ്ടനുമായിപ്പൊയൊ? നമ്മുടെ കൂട്ടുകാരും ജഡപ്രകാരം സഹൊദരന്മാരും ആയവരുടെ ശെഷിപ്പുകൾ ഇങ്ങിനെ അപമാനിക്കപ്പെട്ടപ്പൊൾ നമുക്കു അല്പം അയ്യൊ ഭാവവും കരളലിവും തൊന്നുന്നില്ലയൊ? നാം എവിടെ എങ്ങിനെ ഏതുപ്രകാരം മരിക്കയും അടക്കപ്പെടുകയും ചെയ്യും എന്നു നമുക്കു തിട്ടമായി അറിയാമൊ?

അയ്യൊ ഇതു സ്വജാതിക്കാരിലും അന്യജാതിക്കാരിലും എല്ലാ അൻപിനെയും മാനുഷ സൽഗുണങ്ങളെയും കൊല്ലുന്ന ജാതി ഭെദവും വെറിയും, സകല ഗുണീകരണത്തിന്നും മാററാനായി നില്ക്കുന്ന വിധിയിലെ ആശ്രയവും ഉണെച്ചകെടും അത്രെ! എന്നിട്ടും നട്ടുച്ച സമയത്തും സന്ധ്യകളിലും ഇങ്ങനെത്ത സ്ഥലങ്ങളെ കടന്നു പൊയാൽ ദുർഭൂതങ്ങൾ നിങ്ങളെ ബാധിച്ചു കളയും എന്നു ഭയപ്പെട്ടിരിക്കേണം. വിരൊധങ്ങളെ നീക്കുവാൻ മനസ്സു തൊന്നാത്തതു ആശ്ചൎയ്യം. എന്നു തന്നെ അല്ല മെൽപറഞ്ഞ അവസ്ഥയാൽ വരുന്ന ഓരൊ കെടുകളെ നൊക്കെണ്ടതാകുന്നു.

൧. ഠരം ദുരാചാരത്താൽ മനുഷ്യരെ സുശീലമില്ലാത്തവരും കടുപ്പ ഗുണക്കാരുമായി കാണുന്നു.

൨. ആകാത്ത കാററും കെട്ട ആകാശവും ദീനത്തിന്നു വളവും വിത്തും എന്നു നാം അറിയുന്നുവല്ലൊ. എന്നാൽ പൂളയുടെ പഞ്ഞിയും വിത്തും മററും പതറി പറക്കുന്നതു പൊലെ നമ്മുടെ കണ്ണിന്നു തൊന്നാത്ത കെട്ട അണുക്കളും നഞ്ഞാവികളും ചുടലക്കാട്ടിൽനിന്നു പുറപ്പെട്ടാൽ ആകാശത്തു കയറി, കാററിനാൽ എടുത്തു കൊണ്ടു പൊകപ്പെട്ടിട്ടു, വല്ലവൎക്കും സൌഖ്യക്കെടു വരുത്തുവാനും ദീനം ഒരൂരിൽ ശമിച്ച ശെഷം പിന്നെയും അതിക്രമിപ്പാനും ഇട ഉണ്ടു.

൩. മെൽ പറഞ്ഞ ശവകാൎയ്യങ്ങളാൽ ധൈൎയ്യമുള്ളവൎക്കു യാതൊരു ശല്യമില്ലെങ്കിലും ചതവു അറെപ്പു ദുർഭൂത ഭയം സുഖക്കെടു മുതലായവ ഉള്ളവൎക്കും എളുപ്പത്തിൽ വല്ല വരുത്തം പിണെക്കും.

൪. ചത്ത നരന്റെ മാംസം വിഷമാകയാൽ ശവം തിന്നുന്ന ശ്വാക്കൾക്കും കുറുക്കന്മാൎക്കും മനുഷ്യനിൽ ഉള്ള ശങ്ക വിട്ടു പൊകയല്ലാതെ കൊടിയ ഗുണവും വല്ലാത്ത വ്യാധികളും ഭ്രാന്തും ഉണ്ടായിട്ടു പലൎക്കും നഷ്ടവും ചെതവും നെരിടുന്നു.

൫. കുരുപ്പു, തലതട്ടി, കൊള്ളപനി, മുതലായ ദീനങ്ങളാൽ മരിച്ചവരുടെ ഉടലിനെ നായ്ക്കൾ തിന്നു യജമാനന്റെ വീട്ടിലെക്കു ആ വക വ്യാധികളുടെ വിത്തു കൊണ്ടു വരുന്നു എന്നു വളരെ വിചാരിപ്പാനുണ്ടു.

൬. വിശെഷിച്ചു പുഴ വക്കത്തു ശവങ്ങളെ മുഞ്ചൊന്ന പടി കുഴിച്ചിട്ടാൽ പല ആറുകൾ വെനൽ കാലത്തു വററിപൊകുന്ന ആണൊറുകൾ ആക കൊണ്ടു അതിലെ വെള്ളവും നനവും വക്കത്തുള്ള പൊരുളുകളുടെ തന്മയെ ഇഴക്കുകയാൽ, പുഴയുടെ ഒഴുക്കു മാറുമളവിൽ വെള്ളം നന്ന ചീത്തയാകും. ആയതിൽ കുളിക്കുമ്പൊൾ പനി ജലദൊഷം മുതലായ സൌഖ്യക്കെടുകൾ ഉണ്ടാകും. പുഴയടിയിൽ കുഴിമാന്തി അവിടെനിന്നു വെപ്പാനും കുടിപ്പാനും എടുക്കുന്ന വെള്ളം ശരീര സൌഖ്യത്തിന്നു ഒട്ടും പൊരാ.

ആയവററിന്ന ഒക്കെക്കും മാററവും നാട്ടിന്ന ഗുണപ്പാടും ഉണ്ടാകെണമെന്ന വെച്ചു നിങ്ങൾ ആലൊചിച്ചു നല്ല മട്ടിൽ ആക്കെണ്ടതിന്ന നാം നിങ്ങളൊട്ട ചില ന്ന്യായങ്ങളെ പറവാൻ ആഗ്രഹിക്കുന്നു.

൧. പുഴവക്കത്തല്ല അട്ടത്ത പൊട്ട പറമ്പുകളിൽ ശവങ്ങളെ കുഴിച്ചിടെണ്ടതു.

൨. മരിച്ച ആളുകളുടെ നീളം പിടിച്ചു അരകൊൽ കൂട നീളവും ഒരു കൊൽ അകലവും രണ്ടര കൊൽ ആഴവും മടകളെ കുഴിപ്പിക്കെണം.

൩. കുറുനരി ശവത്തെ മാന്തും എന്ന ആൾ സഞ്ചാരം കുറഞ്ഞ ദിക്കുകളിൽ ശങ്കിപ്പാൻ ഇട ഉണ്ടാകയാൽ ശവത്തിന്റെ മെൽ അരമുളം മണ്ണു ഇടിച്ചു എകത്തിയ പിൻ മുള്ളൊ തൈതലയൊ മററൊ വെച്ചിട്ട മണ്ണുകൊണ്ട നിറെച്ചു കൈക്കൊട്ടുതള്ള കൊണ്ട അടിച്ചമൎത്തി വെള്ളം കൊരി നല്ലവണ്ണം ഉറപ്പിക്കെണം. ശവകുഴി മെൽ മണ്ണു അമക്കെണ്ടതിന്ന ഇടിക്കുന്നതൊ ശവത്തെ നല്ലവണ്ണം കുഴിച്ചിടാതെ കുറുനരി മാന്തുന്നതൊ ഏതു നല്ലതു. ഇനിയും രണ്ടപെക്ഷകൾ ഉണ്ട.

൧. അവരവർ ആദരവു നിമിത്തം തങ്ങളുടെ മരിച്ചവരെ താന്താങ്ങൾ പാൎക്കുന്ന പറമ്പുകളിൽ കുഴിച്ചിടുന്നതു നന്നല്ല. പൊതുവായ ശ്മശാനത്തു ചെയ്യുന്നതു നല്ലതു.

൨. താന്താങ്ങൾ പാൎക്കുന്ന വീട്ടിൽ പ്രിയപ്പെട്ടവരെ അടക്കി അകത്തു കൂട്ടുക ചെയ്യുന്നതു ജീവനൊടിരിക്കുന്നവരുടെ സൌഖ്യത്തിന്ന പൊരായ്കയാൽ ആയതും മാററിയാൽ നല്ലതു.

ശെഷത്തെക്ക നിങ്ങളുടെ സ്നെഹവും മനസ്സും ഉണ്ടായിട്ട ൪ം പറഞ്ഞ ന്ന്യായങ്ങളെ വിചാരിച്ചു നമ്മുടെ സങ്കടത്തെ തീക്കെണമെന്ന അപെക്ഷിക്കുന്നു.

ഗുണീകരകാംക്ഷിതനഗരെ വസിച്ചും നിങ്ങളുടെ സ്നെഹിതനാകയും ചെയ്യുന്ന രാജ്യഗുണീകരണാകാംക്ഷിതന്റെ സലാം.

ഇങ്ക്ലിഷ രാജകുഡുംബം.

മഹാ ബ്രീത്തെൻ ഐയല്ന്ത എന്ന സാമ്രാജ്യത്തിന്റെ രാജ്ഞിയായ അലക്സന്ത്രീനാ വിക്തൊരിയ ൧൮൧൯ മെയി ൨൪ ൹ ജനിച്ചു. തന്റെ അമ്മാമനായ നാലാം വില്യം മഹാ രാജാവിന്റെ ശെഷം ൧൮൩൭ ജൂൻ ൨൦ാം ൹ രാജ്യാധിപത്യം പ്രാപിച്ചു; ജൂൻ ൨൧ാം ൹ രാജ്ഞി എന്ന പ്രസിദ്ധമാക്കപ്പെട്ടു, ൨൮ാം ൹ കിരീടം ധരിച്ചു. ൧൮൪൦ ഫിബ്രുവരി ൧൦ാം ൹ തന്റെ ദായാതിക്കാരനായിരിക്കയും ൧൮൬൧ ദിസെമ്പർ ൧൪ാം ൹ അന്തരിക്കയും ചെയ്ത പ്രാൻസിസ അൽബെൎത്ത ഔഗുസ്തുകരൽ ഇമ്മാനുവെൽ എന്ന സഹസ പ്രഭുവിനെ വിവാഹം ചെയ്തു. അവരുടെ മക്കൾ.

൧. ൧൮൪൦ നൊവെംബർ ൨൧ാം ൹ വിക്തൊരിയ അദിലൈദ മറിയ ലൂയിസാ എന്ന രാജ പുത്രി ജനിക്കയും, ൧൮൫൮ ജനുവരി ൨൫ാം ൹ ഫ്രിദരിക്ക വില്യം എന്ന പ്രുശ്യ ഇളയ രാജാവിനെ വിവാഹം കഴിക്കയും ചെയ്തു.

൨. ൧൮൪൧ നൊവെംബർ ൯ാം ൹ കിരീടാവകാശിയായ അൽബെൎത്ത എദ്വൎത്ത എന്ന വെത്സിലെ പ്രഭു ജനിച്ചു, ൧൮൬൩ മാൎച്ച ൧൦ാം ൹ ദെന രാജപുത്രിയായ അലക്സന്ത്രയെ വിവാഹം ചെയ്തു.

൩. ൧൮൪൩ എപ്രീൽ ൨൫ാംനു- അലിസ മൊഡമറിയ എന്ന പുത്രി ജനിക്കയും ൧൮൬൨ ജൂലായി ൧ാംനു- ഫ്രിദരിക്ക വില്ല്യം ലുദവിഗ എന്ന ഹെസ്സെ ദമ്മസ്തത്ത പ്രഭുവെ വെളികഴിക്കയും ചെയ്തു.

൪. ൧൮൪൪ അഗസ്ത ൬ാംനു- അല്ഫ്രെദ എൎന്നസ്ത അൽബെൎത്ത എന്ന പുത്രൻ ജനിച്ചു.

൫. ൧൮൪൬ മെയി ൨൫ാംനു- ഹെലെന ഔഗുസ്ത വിക്ടൊരിയ എന്ന പുത്രി ജനിച്ചു. ൧൮൬൬ ജൂലായി ൫ാംനു- ത്രസ്ലെസ്വിഗ്ഗൊൽസ്സൈൻ പ്രഭുവായ ക്രിസ്ത്യാനെ വെളികഴിക്കയും ചെയ്തു.

൬. ൧൮൪൮ മാൎച്ച ൧൮ാംനു- ലൂയിസ കർളീന അൽബെൎത്ത എന്ന പുത്രി ജനിച്ചു.

൭. ൧൮൫൦ മെയി ൧ാംനു- അൎത്തൂർ വില്ല്യം പാത്രിക്ക അൽബെൎത്ത എന്ന പുത്രൻ ജനിച്ചു.

൮. ൧൮൫൩ എപ്രീൽ ൭ാംനു- ലെയൊപ്പൊല്ദ ജൊൎജ്ജ ഡങ്കൻ എന്ന പുത്രൻ ജനിച്ചു.

൯. ൧൮൫൭ എപ്രീൽ ൧൪ാംനു- ബെയത്രിസ മറിയ വിക്ടൊരി ഫിയൊദൊര എന്ന പുത്രി ജനിച്ചു.

ഇപ്പൊൾ വാഴുന്ന ചക്രവൎത്തികൾ, രാജാക്കൾ, നാട്ടുവാഴികളുടെ വിവരം.

ഔസ്ത്രിയ ബൊഹെമ്യ ഹുംഗാരിയ മുതലായ രാജ്യങ്ങളുടെ ചക്രവൎത്തിയായ ഒന്നാം ഫ്രാൻസിസ യൊസെഫ ൧൮൪൮ ദിസെംബർ വാണുതുടങ്ങി- വയസ്സ ൩൯.

ബാദൻ രാജ്യത്തിന്റെ വലിയ പ്രഭുവായ ഫ്രിദരിക്ക ൧൮൫൬ സെപ്തംബർ തുടങ്ങി വാണു വരുന്നു. വയസ്സ ൪൧

ബവെരിയ രാജ്യത്തിന്റെ രാജാവായ രണ്ടാം മക്സിമില്ല്യൻ ൧൮൪൮ മാൎച്ച വാണുതുടങ്ങി. വയസ്സ ൫൭.

ബെല്ഗ്യരാജ്യത്തിന്റെ രാജാവായ രണ്ടാം ലെയൊപ്പൊല്ദ ൧൮൬൫ വാണുതുടങ്ങി വയസ്സ. ൩൧.

ബ്രാസിൽ രാജ്യങ്ങളുടെ ചക്രവൎത്തിയായ രണ്ടാം പെത്രൊ ൧൮൩൧ എപ്രീൽ വാണു തുടങ്ങി. വയസ്സ ൪൩.

ബ്രൌൻസ്വിക്ക രാജ്യത്തിന്റെ പ്രഭുവായ വില്ല്യം ൧൮൩൧ എപ്രീൽ വാണു തുടങ്ങി. വയസ്സ ൬൧.

ചീന രാജ്യങ്ങളുടെ ചക്രവൎത്തി ൧൮൬൧ അഗുസ്ത വാണു തുടങ്ങി വയസ്സ ൧൩.

ദെന രാജ്യത്തിന്റെ രാജാവായ ഏഴാം ഫ്രിദരിക്ക ൧൮൪൮ ജനുവരി വാണു തുടങ്ങി. വയസ്സ ൫൯.

ഇജിപ്ത (മിസ്ര) രാജ്യത്തിന്റെ വാഴിയായ സായിദഭഷാ ൧൮൫൪ ജൂലായി വാണു തുടങ്ങി.

ഫ്രാഞ്ചി രാജ്യങ്ങളുടെ ചക്രവൎത്തിയായ ലൂയിസ മൂന്നാം നപ്പൊല്യൻ ൧൮൫൨ ദിസംബർ വാണു തുടങ്ങി വയസ്സ ൬൦.

മഹാ ബ്രീത്തൻ രാജ്യങ്ങളുടെ രാജ്ഞിയായ വിക്ടൊരിയ ൧൮൩൭ ജൂൻ വാണു തുടങ്ങി വയസ്സ ൪൮.

ഗ്രെക്ക രാജ്യത്തിന്റെ രാജാവായ ജൊൎജ് ഫവ്യന്നു ജൂൻ വാണുതുടങ്ങി വയസ്സ ൨൫.

ഹന്നൊവർ രാജ്യത്തിന്റെ രാജാവായ അഞ്ചാം ജൊൎജ് ഫവ്യ൫ നൊവംബെർ വാണു തുടങ്ങി. വയസ്സ ൪൮.

ഹെസ്സൻ കസ്സൽ രാജ്യത്തിന്റെ പ്രഭുവായ ഫ്രിദരിക്ക വില്യം ഫവ്യ൪൭ നൊവെംബർ വാണു തുടങ്ങി. വയസ്സ ൩൫.

ഹെസ്സൻ ദൎമ്മസ്ടത്ത രാജ്യത്തിന്റെ വലിയ പ്രഭുവായ മൂന്നാം ലൂയിസ ഫവ്യ൪൮ ജൂൻ വാണു തുടങ്ങി. വയസ്സ ൩൦.

ഹൊല്ലന്ത രാജ്യത്തിന്റെ രാജാവായ മൂന്നാം വില്യം ഫവ്യ൪൯ മാൎച്ച വാണു തുടങ്ങി വയസ്സ ൫൧.

ഹൊംബുൎഗ്ഗ രാജ്യത്തിന്റെ എടവാഴിയായ ഫ്രിദരിക്ക ഫവ്യ൪൮ സെപ്തംബർ വാണു തുടങ്ങി വയസ്സ ൮൨.

ഇത്താല്യ രാജ്യങ്ങളുടെ രാജാവായ വിക്തർ ഇമ്മാനുവെൽ ഫവ്യ൪൯ മാൎച്ച വാണു തുടങ്ങി വയസ്സ ൪൭.

മെക്കുമ്പുൎഗ്ഗശെവരീൻ രാജ്യത്തിന്റെ വലിയ പ്രഭുവായ ഫ്രെദിനാന്ത ഫ്രിദരിക്ക ഫവ്യ൪൨ മാൎച്ച വാണു തുടങ്ങി വയസ്സ ൪൭.

പാപ്പാ രാജ്യത്തിന്റെ വഴിയായ പാപ്പാ ഒമ്പതാം പീയൻ ഫവ്യ൪൬ പാപ്പായ്യു വയസ്സ ൭൬.

നസ്സൌ രാജ്യത്തിന്റെ പ്രഭുവായ അദൊല്ഫ ഫവ്യ൩൯ അഗുസ്തു വാണു തുട ങ്ങി വയസ്സ ൫൦.

പാൎസി രാജ്യത്തിന്റെ രാജാവായ ശാബ്ബനസീർ ഊത്തിനി ഫവ്യ൪൮ വാണു തുടങ്ങി വയസ്സ ൩൮.

പൊൎത്തുഗാൽ രാജ്യത്തിന്റെ രാജാവായ ലൂയിസ ഫവ്യ൬൧ നൊവെംബർ. വാണു തുടങ്ങി. വയസ്സ ൨൯.

പ്രൂസ്സ്യ രാജ്യത്തിന്റെ രാജാവായ ഒന്നാം വില്യം ഫവ്യ൬൧ ജനുവരി വാണു തുടങ്ങി വയസ്സ ൭൦.

രുസ്സ്യ രാജ്യങ്ങളുടെ ചക്രവൎത്തിയായ രണ്ടാം അലക്സന്തർ ഫവ്യ൫൫ മാൎച്ച വാണു തുടങ്ങി വയസ്സ ൪൮.

സക്സൻ കൊബുൎഗ്ഗ രാജ്യത്തിന്റെ പ്രഭുവായ രണ്ടാം എൎന്നെസ്തു ഫവ്യ൪൪ ജനുവരി വാണു തുടങ്ങി. വയസ്സ ൪൮.

സക്സൻ മൈനിങ്ങൻ രാജ്യത്തിന്റെ പ്രഭുവായ ബെൎന്നാൎദ ഫവ്യ൬൬ ദിസെംബർ വാണു തുടങ്ങി വയസ്സ ൩൭.

സക്സൻ വൈമാർ രാജ്യത്തിന്റെ വലിയ പ്രഭുവായ കരൽ ഫവ്യ൫൩ ജൂലായി വാണു തുടങ്ങി, വയസ്സ ൪൮.

സക്സസ രാജ്യത്തിന്റെ രാജാവായ ഒന്നാം യൊഹന്നാൻ ഫവ്യ൫൪ അഗുസ്തു വാണു തുടങ്ങി വയസ്സ ൩൯.

സ്പാന്യ രാജ്യത്തിന്റെ രാജ്ഞിയായ രണ്ടാം ഇസബെല്ല ഫവ്യ൩൩ സെപ്തംബർ വാണു തുടങ്ങി വയസ്സ ൩൭.

ശെഡെൻ നോൎവ്വെ രാജ്യങ്ങളുടെ രാജാവായ പതിനഞ്ചാം കരൽ ൧൮൫൯ൽ വാണു തുടങ്ങി വയസ്സ ൪൧.

ശ്വിത്സൎല്ന്തിലെ രക്ഷാപുരുഷൻ ദക്തർ ഷെങ്കു.

തുൎക്ക രാജ്യങ്ങളുടെ സുല്ത്താൻ (രൂമ സുല്ത്താൻ) അബ്ദുള്ള അസിസ ൧൮൬൧ ജൂൻ വാണു തുടങ്ങി വയസ്സ. ൩൭.

അമെരിക്കയിലെ ഐക്യസാമ്രാജ്യത്തിന്റെ രക്ഷാപുരുഷൻ ജൊൻസൻ ൧൮൬൫ വാണു തുടങ്ങി വയസ്സ ൫൮.

വിൎത്തംബെൎഗ്ഗ രാജ്യത്തിന്റെ രാജാവായ ഒന്നാം കരൽ ൧൮൬൫ വാണു തുടങ്ങി.

കൊച്ചിയിലെ രാജാവായ രവിവൎമ്മൻ ൧൮൫൩ മേയി വാണു തുടങ്ങി വയസ്സ ൩൯.

ഹിന്തു രാജ്യങ്ങളുടെ ഗവൎണ്ണർ ജെനരൽ സിർ ജൊൻ ലൊരഞ്ച ൧൮൬൪ വാണു തുടങ്ങി.

തിരുവിതാംകോട്ടിലെ രാജാവായ ശ്രീപത്മനാഭ ദാസവഞ്ചി ബാല രാമവൎമ്മ കുല ശേഖരൻ ൧൮൬൦ മാൎച്ച വാണു തുടങ്ങി വയസ്സ ൩൪.

ഹൈദരബാദിലെ നിസാമായ ആലിഖാൻ ബഹാദർ ഫുത്തെയുങ്ങ ൧൮൫൭ മേയി വാണു തുടങ്ങി.

മലയാളത്തിലെ മെലുദ്യൊഗസ്ഥന്മാർ.

൧ Revenue Department. റവെനിയു കാൎയ്യസ്ഥന്മാർ.

G. A. Ballard Esqr. ജീ. ഏ. ബല്ലാൎഡ കല്ക്കട്ടരും മജിസ്ത്രെട്ടറും.
E. C. G. Thomas Esqr. ഇ. സി. ജി. തൊമാസ്സ സബകല്ക്കട്ടർ.
W. Logan Esqr. വി. ലൊഗാൻ. ഹെഡ അസിസ്ഥാണ്ട കല്ക്കട്ടർ.
J. Cameron Esqr. ജെ. കെമരൻ.
E. N. Overbury Esqr. ഇ. എൻ. ഓവൎബ്ബ്വരി അസിസ്ഥാണ്ട കല്ക്കട്ടർ.

Deputy Collectors. ഡിപ്ടികല്ക്കട്ടൎമ്മാർ.

W. J. Hewetson Esqr. വി. ജെ. ഹ്യുവത്സൻ.
സി. ചൃയ്യക്കണൊരൻ.
H. Richardson Esqr. എച്ച റിച്ചൎത്സൻ.
S. U. Watson Esqr. സി. ഹ്യു വത്സൻ.

താലൂക്കുകളുടെ വിവരം.

ചിറക്കൽ താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശില്ദാർ	പി. കൃഷ്ണപട്ടർ	ഉറു.	൧൫൦
ശിരസ്തദാർ	ശങ്കരൻ മെനൊൻ	”	൫൦
ഒന്നാം ഗുമസ്തൻ	ഗംഗാധര പട്ടർ	”	൨൦
ദെശാധികാരികൾ ൪൨	ഒരൊരുത്തൎക്കു	”	൫—൪

കൊട്ടയം താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	സി. കരുണാകരമെനൊൻ	ഉറു.	൮൫
ശിരസ്തദാർ	കെശവകമ്മത്തി	,,	൭൫
ഒന്നാം ഗുമസ്തൻ	കൃഷ്ണരായർ	,,	൨൦
ദെശാധികാരികൾ ൨൨	ഒരൊരുത്തക്ക	,,	൫—൭

കുറുമ്പ്രനാട്ട താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	കുഞ്ഞിരാമൻ വൈദ്യർ	ഉറു.	൨൦൦
ശിരസ്തദാർ	ശ്രുപ്പപട്ടർ	,,	൫൦
ഒന്നാം ഗുമസ്തൻ	രാമൻ മെനൊൻ	,,	൨൦
ദെശാധികാരികൾ ൩൨	ഒരൊരുത്തക്ക	,,	൫—൭

കൊഴിക്കൊട്ട താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	സീ. ചൃയ്യയി രാമൻ	ഉറു.	൮൫
ശിരസ്തദാർ	ചാത്തുമെനൊൻ	,,	൭൫
ഒന്നാം ഗുമസ്തൻ	കെളുകുറുപ്പ	,,	൨൦
ദെശാധികാരികൾ ൩൫	ഒരൊരുത്തക്ക	,,	൫—൭

ഏറനാട്ട താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	പി. രാമൻ മാരയാർ	ഉറു.	൨൦൦
ശിരസ്തദാർ	പരമെശ്വര പിള്ള	,,	൫൦
ഒന്നാം ഗുമസ്തൻ	വി. രാമസ്വാമി പട്ടർ	,,	൨൦
ദെശാധികാരികൾ ൫൨	ഒരൊരുത്തക്ക	,,	൫—൭

പൊന്നാനി താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	രാമക്കിണി	ഉറു.	൨൨൫
ശിരസ്തദാർ	പി. ശ്രുപ്പപട്ടർ	,,	൫൫
ഒന്നാം ഗുമസ്തൻ	രാമുണ്ണിപണിക്കർ	,,	൨൦
ദെശാധികാരികൾ ൭൭	ഒരൊരുത്തക്ക	,,	൫—൭

വള്ളുവനാട്ടതാലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹശ്ശിൽദാർ	മ. രാമുണ്ണിപണിക്കർ	ഉറു.	൨൦൦
ശിരസ്തദാർ	അ. അനന്തപട്ടർ	,,	൫൫
ഒന്നാം ഗുമസ്തൻ	ഉ. മ. മാഹെശ്വരയ്യൻ	,,	൨൦
ദെശാധികാരികൾ ൩൨	ഒരൊരുത്തക്ക	,,	൫—൭

പാലക്കാട താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹസ്സില്ദാർ	ക. കൃഷ്ണമെനൊൻ	ഉറു.	ᰒ൦൦
ശിരസ്തദാർ	രാമുണ്ണിപണിക്കർ	"	൫൫
ഒന്നാം ഗുമസ്തൻ	പ. രാമൻമെനൊൻ	"	ᰒ൦
ദെശാധികാരികൾ ൫൭	ഒരൊരുത്തക്ക	"	൫—൪

വയനാട താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹസ്സില്ദാർ	ഉപ്പൊട്ട കണ്ണൻ	ഉറു	ᰒ൭
ശിരസ്തദാർ	വെങ്കടരാമയ്യൻ	"	൬൦
ഒന്നാം ഗുമസ്തൻ	?	"	ᰒ൫
ദെശാധികാരികൾ ൧൩	ഒരൊരുത്തക്ക	"	?

കൊച്ചി താലൂക്ക.

സ്ഥാനം.	നാമം.		ശമ്പളം.
തഹസ്സില്ദാർ	മാക്ക പ്ലത്തൽ	ഉറു	൧൫൦
ശിരസ്തദാർ	"	"	"
ഒന്നാം ഗുമസ്തൻ	?	"	ᰒ൦
ദെശാധികാരി ൧		"	൨

സബ്ബമജിസ്ത്രെറ്ററുകൾ.

പാൎപ്പിടം.	നാമം.		ശമ്പളം.
തളിപ്പറമ്പു	വെങ്കട്ട രാമയ്യൻ	ഉറു	൭൦
കണ്ണൂർ	തയ്യിൽ രമുണ്ണി	"	൧൦൦
ചാവശ്ശെരി	ക.കുഞ്ഞിരാമൻ നമ്പ്യാർ	"	൩൫
തലശ്ശെരി	പെരുമാൾ പിള്ള	"	൫൦
കൊവില്കണ്ടി	അപ്പാവുപിള്ള	"	൫൦
കൊഴിക്കൊട്ട	സുബ്ബരായൻ മുതലിയാർ	"	൫൦
തിരുവങ്ങാടി	കുന്തുസ്സ	"	൫൦
വെട്ടത്ത പുതിയങ്ങാടി	കൃഷ്ണപണിക്കർ	"	൫൦
ചെറുപ്പുള്ളിശ്ശെരി	ക. വീരാങ്കുട്ടി	"	൩൫
ചാവക്കാട്ട	പ. ഗൊപാലമെനൊൻ	"	൩൫
ആലത്തൂർ	താശ്ശുമെനൊൻ	"	൩൫
വൈത്തിരി	തൊമസ സ്മൃതി	"	൧ᰒ൫
ഗൂടലൂർ	?	"	൧ᰒ൫
തങ്കശ്ശെരി	ഗ്രിഗൊരിലെപൊത്ത	"	൩൫
അഞ്ചുതെങ്ങ	?	"	൪൦

൨. Civil Department. സിവിൽ കാൎയ്യസ്ഥന്മാർ.

C. N. Pochin Esqr. സി. എൻ. പൊച്ചിൻ. ജില്ലാജഡ്ജി കൊഴിക്കൊട്ട.
A. W. Sullivan Esqr. ഏ. വ. സുലിവൻ ജില്ലാജഡ്ജി തലശ്ശെരി.
G. R. Sharpe Esqr. ജി. ൧. ശാൎപ്പ സ്മാൾകെസ്സ ജഡ്ജി തലശ്ശെരി.

പ്രിൻസിപ്പാൾ സദ്രമിൻ.

പാൎപ്പിടം.	നാമം.		ശമ്പളം.
കൊഴിക്കൊട്ട	Mr. J. D. Silva. ഐ. ദി. സില്വാ.	ഉറു	൫൦൦
തലശ്ശെരി.	Mr. A. T. Pereira. ഏ. തീ. പെരൈറാ.	"	൫൦൦

ശിരസ്തദാർ.

കൊഴിക്കൊട്ട ജില്ലാകൊടത്തി. ജി. ഏ. ഡി. അന്ദ്രുജ.	ശമ്പളം	ഉറു	൧൫൦
കൊഴിക്കൊട്ട പ്രിൻസിപ്പാൽ കൊട്ടത്തി. വി. ജൊൻ.	"	"	൧൦൦
തലശ്ശെരി ജില്ലാകൊട്ടത്തി. സുബ്ബ്രവു.	"	"	൧൫൦
തലശ്ശെരി സ്മാൾകെസ്സ കൊട്ടത്തി. ബി. സി. റസാരി (ഹെഡക്ലാൎക്ക)			൧൫൦
" പ്രിൻസിപ്പാൾ സദ്രമിൻ കൊട്ടത്തി മ. പൈതൽ മെനൊൻ.			൭൦

മുൻസിഫമാർ.

൧. ക്ലാസ്സ.

പാൎപ്പിടം.	നാമം.		ശമ്പളം.
കൊഴിക്കൊട്ട	സെ. എം. റസാരി	ഉറു	൩൦൦
ചാവക്കാട്ട	?	"	൩൦൦
തലശ്ശെരി	മെസ്ത്ര. ജൊ. ദെ. റസാരിയൊ	"	൩൦൦

൨. ക്ലാസ്സ.

ചാവശ്ശെരി	സുബ്ബരാവു	ഉറു	൨൦൦
ഇരുവൈനാട്ട	ശാസ്ത്ര്യാപയ്യൻ	"	൨൦൦
വടകര	കുവുക്കൽ കുഞ്ഞിരാമൻ മെനൊൻ	"	൨൦൦
കട്ടത്തനാട്ട	പെരുമ്പിലാവിൻ കൃഷ്ണ മെനൊൻ	"	൨൦൦
പൈയ്യനാട്ട	റസാരിയൊ	"	൨൦൦
കവ്വായി	ദു. ദെക്രൂസ്സ	"	൨൦൦
ചെറനാട്ട	കുഞ്ഞുമെനൊൻ	"	൨൦൦
ഏറനാട്ട	കിഴക്കമ്പാട്ട കൃഷ്ണ മെനൊൻ	"	൨൦൦
പാലക്കാട്ട	എം. ലബ്രൂഷ്ടഡിയർ	"	൨൦൦
തെമ്മലപുറം	പ. പ്ര. രാമൻ മെനൊൻ	"	൨൦൦
നെട്ടങ്ങനാട്ട	എം. പ. സാരഥി പിള്ള	"	൨൦൦
പട്ടാമ്പി	ചെമ്പിൽ കൃഷ്ണമെനൊൻ	"	൨൦൦
കുറനാട്ട	പള്ളി അഹമ്മതസാഹെബ	"	൨൦൦
വെട്ടത്തനാട്ട	ചിങ്ങം വീട്ടിൽ ശങ്കര നായർ	"	൨൦൦
കൊഴിക്കൊട്ട	അസ്സനാലി സാഹെബ	"	൨൦൦

൩. ക്ലാസ്സ.

അഞ്ചുതെങ്ങ	പീററർ നെററെ സബ്ബമജിസ്ത്രേററം	ഉറു.	൭൦
വൈത്തിരി	?	”	൧൨൫
ഗൂഡല്ലൂർ	വെങ്കിട പതിനായഡു. സബ്ബമജിസ്ത്രേററം		൧൨൫

—

൩. Police Department. പൊല്ലിസ്സ ഉദ്യൊഗസ്ഥന്മാർ.

Capt. C. G. Blomfield. കപ്പിത്തൻ. സി. ജി. ബ്ലൊംഫില്ഡ സുപരിന്തന്തന്തു വടക്കെ ജില്ല.

Capt. A. M. Davies. കപ്പിത്തൻ ഏ. എം ദെവിസ സുപരിന്തന്തന്തു തെക്കെ ജില്ല.

Lieut. F. Hole. ലെഫ്ടനാന്ത ഫോൽ അസിഷ്ടാണ്ട സുപരിന്തന്തന്തു തെക്കെ ജില്ല.

വടക്കെ ജില്ല ഇൻസ്പെക്തന്മാർ.

പാൎപ്പിടം.	നാമം.	ക്ലാസ്സ.	ശമ്പളം.		കുതിരപ്പടി.	
തലശ്ശെരി	അ. ക. കൃഷ്ണമെനൊക്കി	൧	ഉറു.	൧൫൦	ഉറു.	൧൫
”	ജെ. മക്കിന്തൊഷ	൨	”	൧൨൫	”	൧൦
”	എടത്തൊടി രാമൻ	൨	”	൧൨൫	”	൦
”	കുഞ്ഞുമെനൊൻ	൩	”	൧൦൦	”	൭
കണ്ണൂർ	ഫി സി. ദിക്രൂസ്സ	൪	”	൭൫	”	൧൫
ചിറക്കൽ	അടിയെരി കണ്ണൻ	൫	”	൫൦	”	൧൦
കവ്വായി	കണ്ണൻ നമ്പ്യാർ	൫	”	൫൦	”	൧൦
കൊട്ടയം	ഒണ്ടയൻ കുഞ്ഞമ്പു	൩	”	൧൦൦	”	൭
ചാവശ്ശെരി	സി. രാമുണ്ണി നമ്പ്യാർ	൩	”	൧൦൦	”	൭
വടകര	ഒയിററ രാമൻ	൨	”	൧൨൫	”	൧൦
കൊവിൽ കണ്ടി	കൊ. ഗൊവിന്ദ നായർ	൩	”	൧൦൦	”	൭
മാനന്തവാടി	ദി ഫി ദി ക്രൂസ്സ	൩	”	൧൦൦	”	൭

തെക്കെ ജില്ല ഇൻസ്പെക്തന്മാർ.

പാൎപ്പിടം.	നാമം.	ക്ലാസ്സ.	ശമ്പളം.		കുതിരപ്പടി.	
കൊഴിക്കൊട്ട	തീ. എ. ഗ്രൈസൻ	൧	ഉറു.	൧൫൦	ഉറു.	൧൫
”	സി. രാമൻ നായർ	”	”	”	”	”
ഏറനാട്ട	ഗൊവിന്ദ മെനൊക്കി	”	”	”	”	”
ചെറനാട്ട	കുഞ്ഞു നമ്പ്യാർ	൩	”	൧൦൦	”	൭
വള്ളുവനാട്ട	അഹമെദ ഗുരുക്കൾ	൫	”	൫൦	”	൧൦
ചെരുപ്പുള്ളിശ്ശെരി	രാമനായർ	൫	”	൫൦	”	൧൦
പൊന്നാനി	ശങ്കര മെനൊൻ	൨	”	൧൨൫	”	൧൨

പാൎപ്പിടം.	നാമം.	ക്ലാസ്സ.		ശമ്പളം.		കതിരപ്പടി.
പുതിയങ്ങാടി	കൃഷ്ണ മെനൊൻ	൩	"	൪൦	"	൭
പാലക്കാട്ടു	മി. ഹെന്ത്രി സ്യൂബർ (അപ്പീസ്സിൽ)	൪	"	൭൫	"	൦
"	ക. രാമുണ്ണി നായർ	൫	"	൫൦	"	൧൦
ചാവക്കാട്ടു	കെളുമെനൊൻ	൩	"	൪൦	"	൭
ആലത്തൂർ	കരുനഗരൻ നായർ	൨	"	൧൦൦	"	൧൫
കൊച്ചി	വീ ജീ മാഷ്	൨	"	൧൦൦	"	൧൫
കല്പത്തി	കുണ്ണൻ കുട്ടി പണിക്കർ	൪	"	൭൫	"	൧൦
ഗൂടല്ലൂർ	റ. എ എൽ ലഫൻസ്സ	൨	"	൧൦൦	"	൧൫

തപ്പാൽ ക്രമങ്ങൾ.

കത്തു പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ പ്രകാരം
തപ്പാൽ കൂലി വിവരമാവിതു.

൧. കത്ത.

തൂക്കം. — മുദ്രവില.

| ഉറുപ്പിക ഏറാത്തതിന്നു — പൈ. ൩
|| ഉറു. " " — അണ. ൧
൧ " " " — " ൨
൧ || " " — " ൩
൨ " " — " ൪

എന്നിങ്ങിനെ ഒരൊ ഉറുപ്പികയുടെയും അതിൻെറ വല്ല അംശത്തിൻെറയും തൂക്കത്തിന്നു ഠരംരണ്ടു അണ ഏറുകയും ചെയ്യും. മുദ്രയില്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു. വല്ല കത്തിന്നു വെച്ച മുദ്ര പൊരാതെ ആയി വന്നാൽ വാങ്ങുന്നവർ ആ പൊരാത്ത മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭെദത്തെ ഇരട്ടിച്ചു കൊടുക്കെണ്ടി വരും. ൧൨ ഉറുപ്പിക തൂക്കത്തിൽ ഏറുന്നവ ഭാണ്ഡതപ്പാൽ നടക്കുന്ന കച്ചെരികളിൽ കത്ത എന്നു വെച്ചു എടുക്കയില്ല. ഭാണ്ഡത്തിലത്രെ ചെല്ക്കുന്നുള്ളൂ. ഭാണ്ഡമില്ലാത്ത കച്ചെരികളിൽ എടുക്കയും ചെയ്യും.

൨. പുസ്തകം.

പുസ്തകം വൎത്തമാന കടലാസ്സു മുതലായ എഴുത്തുകളെ തപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ അവറെറ രണ്ടു പുറത്തും തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി "പുസ്തകതപ്പാൽ" എന്ന വാക്കു തലക്കൽ എഴുതെണം. എന്നാൽ ൧൦ ഉറുപ്പിക (| റാത്തൽ) തൂക്കം ഏറാത്തതിന്നു ഒർ അണയുടെയും ൨൦ ഉറുപ്പിക തൂക്കം ഏറാത്തതിന്നു രണ്ടു അണയുടെയും മുദ്രയെ പതിക്കെണം. പിന്നെ പപ്പത്ത ഉറുപ്പികയൊ പത്തു ഉറുപ്പികയുടെ വല്ല അംശമൊ കയറുന്ന തൂക്കത്തിന്നു ഒരൊ അണയും കൂലി കയറുകയും ചെയ്യും. അതാവിതു ൨൧ ഉറു—൩൦ ഉറുപ്പികയൊളം ൩ അണ. ൩൧ ഉറു—൪൦ ഉറുപ്പികയൊളം ൪ അണ എന്നിങ്ങിനെ തന്നെ. ൧൨൦ ഉറുപ്പിക തൂക്കത്തിൽ അധികമുള്ള പുസ്തകത്തെ എടുക്കയില്ല. മുദ്ര വെക്കാതെ കണ്ടു ഠരം തപ്പാൽ വഴിയായി ഒന്നും അയച്ചുകൂടാ. എന്നാൽ ഠരം ഇങ്കിഷ സൎക്കാൎക്ക അധീനമായിരി

ക്കുന്ന ഹിന്തു രാജ്യങ്ങളുടെ ഏതു സ്ഥലത്തിലെക്കും മെൽ പറഞ്ഞ തൂക്കമുള്ള കത്തിന്നും പുസ്തകത്തിന്നും മെൽ പറഞ്ഞ കൂലിയും മതി. കണ്ണൂരിലെക്കും കാശിയിലെക്കും ഒക്കുന്ന തൂക്കത്തിന്നും ഒക്കുന്ന മുദ്രയും വെണം.

൩. ഭാണ്ഡം.

ഉറുപ്പിക തൂക്കം.

